
ഗുൽമോഹർ
2017-2018
CHRISTIAN COLLEGE
CHENGANNUR, ALAPPUZHA, KERALA - 689 122





# ഉൻമേഷ്

2017-2018

Estd. 1964

## CHRISTIAN COLLEGE, CHENGANNUR

Affiliated to the University of Kerala,
Re-accredited with NAAC 'A' Grade

# Editorial Board



**Principal**
Dr. Achamma Alex

**Chief Editor**
Dr. Nidhi Alex M. Ninan

**Staff Advisor**
Dr. Vinoy Thomas

**Student Editor**
Sukhil Shekhar

**Staff Editors**
Prof. Jessy Abraham
Prof. Solomon Asha Joseph
Mr. Saji Varughese

**Sub Editors**
Limoj M.S
Ajeena Thankam John
Sreyas Prabha
Anugraha Rajendran

**Co- ordination**
Shiyas
Asif Asharaf
Athul Raveendran
Shyam Hari

**Design**
Anil Linas
Hari Shankar
Saji Varughese

**Printing**
Kolabhagathu Printers

**Photos**
Subin K Thomas

The editorial Board shall not be responsible for any matter regarding the statements, articles, advertisement, Photos etc.. included in the magazine

*For Private Circulation only*




# CHRISTIAN COLLEGE CHENGANNUR

**Estd. 1964**

### Motto

"Our Utmost for the Highest"

### Vision

Academic excellence
Formation of character
Social commitment
Search for truth

### Mission

To Provide quality higher education for the overall development of young men and women of Central Travancore

To empower students and faculty to face the challenges of life in the modern world

To undertake extension programmes with the active involvement of the community

To inculcate human values based on Christian principles by upholding human rights and dignity



മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത
മാനേജർ



പത്മഭൂഷൺ മോസ്റ്റ് റവ. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം
മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത

# പ്രണാമം



## ഡോ.സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത

( 1938 – 2015)

ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിനെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കാൻ
അക്ഷീണം യത്നിച്ച കർമ്മയോഗിക്ക് ക്രിസ്ത്യൻ കോളേജ് കുടുംബത്തിന്റെ
ആദരാഞ്ജലികൾ

**പിണറായി വിജയൻ**
മുഖ്യമന്ത്രി

കേരള സർക്കാർ

സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-695 001

നം.868/പ്രസ്/സി.എം.ഒ/2018. സെപ്റ്റംബർ 14, 2018

## സന്ദേശം

ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജ് 2017-18 അധ്യയന വർഷത്തെ കോളേജ് മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. വിദ്യാർത്ഥികളുടെ സർഗ്ഗാത്മക രചനകളാൽ സമ്പന്നമാകും മാഗസിൻ എന്ന് പ്രതീക്ഷിക്കുന്നു.

എല്ലാ ഭാവുകങ്ങളും നേരുന്നു.



**പിണറായി വിജയൻ**

ടെലിഫോൺ : (0471) 2333812 & 2333682 ഫാക്സ് : (0471) 2333489
ഇ-മെയിൽ : chiefminister@kerala.gov.in വെബ്സൈറ്റ് : www.keralacm.gov.in

സജി ചെറിയാൻ
(ചെങ്ങന്നൂർ)
മെമ്പർ
കേരള നിയമസഭ
തെങ്ങുംതറയിൽ
കൊഴുവല്ലൂർ പി. ഒ.
ചെങ്ങന്നൂർ
പിൻ-689 521

ഫോൺ :
വസതി : 0479-2369379
ക്യാമ്പ് ഓഫീസ് : 0479-2450007
എം.എൽ.എ. ഹോസ്റ്റൽ : 0471-2512218
മൊബൈൽ : 9447069379
പമ്പ ബ്ലോക്ക്-403, 85
എം. എൽ. എ. ഹോസ്റ്റൽ,
തിരുവനന്തപുരം
ഇ-മെയിൽ : sajicherianmla@gmail.com
വെബ്സൈറ്റ് : www.sajicherian.com

സ്ഥലം ചെങ്ങന്നൂർ

## ഗുൽമോഹർ വിരിയുമ്പോൾ

കാലഘട്ടങ്ങളിലെ വെല്ലുവിളികളെ നേരിടുവാൻ കഴിവുള്ളതും നന്മയിലധിഷ്ഠിതവുമായ വിദ്യാർത്ഥി സമൂഹത്തിന്റെ നല്ല മുന്നേറ്റത്തിനായി ആശംസകൾ നേരുന്നു. ചുറ്റുപാടുമുള്ള തിന്മകളെ തിരിച്ചറിഞ്ഞ് അറിവിന്റെ ലോകത്ത് വ്യാപരിക്കുവാനും സഹനത്തോട് പ്രവർത്തിക്കുവാനും കഴിയുന്ന ഒരു നല്ല കൂട്ടായ്മയാകുവാൻ ക്രിസ്ത്യൻ കോളജ് വിദ്യാർത്ഥി യൂണിയന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.



സജി ചെറിയാൻ എം. എൽ. എ.

പ്രിൻസിപ്പൽ

**ഡോ. അച്ചാമ്മ അലക്സ്**



## പ്രഥമ മാനേജർ



റൈറ്റ് റവ. ഡോ. മാത്യൂസ് മാർ അത്താനാസിയോസ്

## പ്രഥമ പ്രിൻസിപ്പൽ



വെരി. റവ. എ.എ. പൈലി

# എഡിറ്റോറിയൽ

ഏറെ പ്രതീക്ഷകൾക്കും
കാത്തിരിപ്പുകൾക്കുമൊടുവിൽ
നമ്മുടെ മാഗസിൻ യാഥാർത്ഥ്യമാവുകയാണ്.

കൊഴിഞ്ഞുവീണ കാലത്തിന്റെ ബാക്കിപത്രമായി
ഓർമ്മച്ചെപ്പിൽ സൂക്ഷിക്കുവാൻ
നിറമുള്ള ഒരായിരം സ്വപ്നങ്ങൾ "ഗുൽമോഹർ"എന്ന
ഈ മാഗസിനിലൂടെ നിങ്ങൾക്കുമുന്നിൽ
സമർപ്പിക്കുന്നു.

ആധുനിക സംസ്കാരം നമ്മെ കീഴടക്കുമ്പോഴും;
സിരകളിൽ വർഗ്ഗീയത കലർന്നവർ
തെരുവിൽ സ്വന്തം സഹോദരൻമാരുടെ
നെഞ്ചു പിളർക്കുമ്പോഴും
പ്രതീക്ഷ കൈവിടാതെ വരും തലമുറ നമ്മെ ഉറ്റു
നോക്കുന്നുണ്ട്.
ആ പ്രതീക്ഷകളിലേക്ക് നമുക്ക്
പ്രയാണം തുടങ്ങാം......

ഗുൽമോഹർ നമ്മുടെ പ്രതികരണമാണ്,പ്രണയമാണ്,
പ്രതീക്ഷയാണ്............

സ്നേഹപൂർവ്വം,



സുഖിൽ ശേഖർ
എഡിറ്റർ

# ആദരാഞ്ജലികൾ



അഡ്വ.കെ.കെ രാമചന്ദ്രൻ നായർ എം.എൽ.എ



മിഥുൻ മോഹൻ



വിഷ്ണു.എസ്

# College Union 2017-2018

**Chairman**



**Jins Varghese**

**Vice Chairperson**



**Arya.A**

**General Secretary**



**Abhijith P. Sharma**

**Arts Club Secretary**



**Nithya John**

**Magazine Editor**



**Sukhil Sekhar**

# College Union 2017-2018

## University Union Councillors



Ashik M Shereef



Stain P Thomas

## Lady Representatives



Anusruthy P.S



Salma Suliman

DC I Rep



Unnimaya .S

DC II Rep



Greeshma Anand

DC III Rep



Reshma Raju

II PG Rep



Sachin V.R

# Editorial Board

**Chief Editor**



Dr. Nidhi Alex M. Ninan

**Staff Advisor**



Dr. Vinoy Thomas

**Student Editor**



Sukhil Sekhar

**Staff Editors**



Prof. Jessy Abraham



Prof. Soloman Asha Joseph



Saji Varughese

**Sub - Editors**



Limoj M.S



Ajeena Thankam John



Sreyas Prabha



Anugraha Rajendran

**Co-ordination Committee**



Shiyas Mon



Asif Asharaf



Athul Raveendran



Shyam Hari

2017-2018



# ഉള്ളടക്കം


| | | |
|---|---|---|
| ചരിത്രത്തിന്റെ നാൾ വഴികൾ | – | 18 |
| To My Children with love | – | 20 |
| സ്മൃതി ചിത്രങ്ങൾ | – | 22 |
| എന്റെ മലയാളം/ വരാതെ നീ | – | 25 |
| ഉയരണം കരങ്ങൾ | – | 28 |
| ലക്ഷദ്വീപ് സ്റ്റോറി | – | 30 |
| മധുരിക്കും ഓർമ്മകൾ | – | 32 |
| കവിതയും പാരിസ്ഥിതിക മനഃശാസ്ത്രവും | – | 34 |
| മഴമർമ്മരം | – | 38 |
| ഞാനും ഇരയ്ക്കൊപ്പം | – | 39 |
| വികസനമെന്ന അശ്ലീലം | – | 40 |
| നഷ്ട പ്രണയം | – | 42 |
| ഇന്ത്യൻ ദേശീയതയുടെ പുതിയ | | |
| പാഠങ്ങളും തിരിച്ചറിവുകളും | – | 43 |
| അണയാത്ത ദീപങ്ങൾ/ ഇന്നും | – | 45 |
| അമൂല്യ സൃഷ്ടി | – | 46 |
| എന്ന് നിന്റെ മൊയ്തീൻ | – | 47 |
| ഒരു പ്രണയ ലേഖനം | – | 49 |
| എന്റെ പെണ്ണ് | – | 50 |
| ഇന്ത്യ തിരിച്ചറിയുന്നു | – | 51 |
| അനാഥമാകുന്ന വാർദ്ധക്യം | – | 54 |
| GST മുന്നൊരുക്കമില്ലാതെ... | – | 55 |
| മീട്ടുമോ വീണ്ടുമെൻ വിപഞ്ചിക | – | 57 |
| ഗാന്ധി മുതൽ അഭിമന്യു വരെ | – | 58 |
| കലാലയം ഒരു സ്വർഗ്ഗം | – | 59 |
| കലാലയ സ്മരണകൾ/ അവൾ | – | 61 |
| യാചന | – | 62 |
| നിശബ്ദത | – | 63 |
| മഴനിനവുകൾ/ ഞാൻ | – | 64 |
















| | | |
|---|---|---|
| എത്തി ഈസ്റ്റിന്ത്യാ കമ്പനി | – | 65 |
| കാമ്പസിനെ പ്രണയിക്കുന്ന മഴത്തുള്ളികൾ | – | 68 |
| ഓർമ്മയുടെ ആരാമത്തിൽ | – | 69 |
| വിപ്ലവസൂര്യൻ | – | 70 |
| എന്റെ അമ്മ | – | 71 |
| പൂമരം | – | 74 |
| ചിതയിലേക്കെടുക്കും മുമ്പേ | – | 75 |
| എന്റെ സൗഹൃദം | – | 76 |
| കണ്ണീരിലലിഞ്ഞ വിദ്യാർത്ഥി നന്മ | – | 78 |
| പ്രളയകാലം | – | 80 |
| Importance of Student Life | – | 82 |
| This is me | – | 84 |
| What life offers | – | 85 |
| My rarest Gem | – | 87 |
| Our trip to the City of Dreams | – | 88 |
| Incredible India | – | 90 |
| Why ? | – | 95 |
| What do you Accomplish | – | 98 |
| Unfading Memories | – | 99 |
| What will I Share | – | 101 |
| King of Football | – | 102 |
| Beloved | – | 104 |
| My Village | – | 105 |
| प्यार का सागर | – | 106 |
| കോളേജ് യൂണിയൻ റിപ്പോർട്ട് | – | 110 |
| NSS Report | – | 112 |
| Women Cell Report | – | 113 |
| NCC Report | – | 114 |
| Sports Report | – | 115 |



















## ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജ്

# ചരിത്രത്തിന്റെ നാൾ വഴികൾ

കഴിഞ്ഞ അര നൂറ്റാണ്ടിലേറെയായി കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്ത് സുവർണശോഭയോടെ പരിലസിക്കുന്ന വിദ്യാകേന്ദ്രമാണ് ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജ്. മധ്യതിരുവിതാംകൂറിലെ നാലു തലമുറകൾക്ക് അറിവിന്റെ വെളിച്ചം പകർന്നു നൽകിയ ഈ കലാലയം നാലു വർഷം മുമ്പ് സുവർണ്ണജൂബിലി ആഘോഷിക്കയുണ്ടായി. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ കാലം ചെയ്ത അഭിവന്ദ്യ ഡോ. മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയാൽ സ്ഥാപിക്കപ്പെട്ട ക്രിസ്ത്യൻ കോളേജ് ചെങ്ങന്നൂരിന്റെ സാംസ്കാരികവും സാമൂഹ്യവുമായ വളർച്ചക്ക് നൽകിയ സംഭാവനകൾ ചില്ലറയല്ല. കേരളാ യൂണിവേഴ്സിറ്റിയുടെ കീഴിൽ 1964-ൽ ആരംഭിച്ച 32 ജൂനിയർ കോളേജുകളിലൊന്നായിരുന്നു ക്രിസ്ത്യൻ കോളേജ്. ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ തീർത്തും അപര്യാപ്തമെന്നു കണ്ട് ചെങ്ങന്നൂരിൽ ഒരു കോളേജിനു ഗവൺമെന്റ് അനുമതി നൽകുകയായിരുന്നു. 3 പ്രീഡിഗ്രി ബാച്ചുകളാണ് ആദ്യം തുടങ്ങിയത്. സ്ഥാപക പ്രിൻസിപ്പലായി റവ. എ. എ. പൈലി നിയമിതനായി. 7 അദ്ധ്യാപകർ, ഒരു ക്ലാർക്ക്, ഒരു അറ്റൻഡർ, ഒരു സ്വീപ്പർ ഇവരായിരുന്നു ആദ്യകാലത്തെ സ്റ്റാഫംഗങ്ങൾ.

ചെങ്ങന്നൂർ ടൗണിന്റെ അതിർത്തിയോടു ചേർന്നുള്ള മനോഹരമായ കുന്നിൻ ചെരിവിൽ ഒരു കുടുംബം ദാനമായി നൽകിയ റബ്ബർ തോട്ടം, ബുൾഡോസർ അപൂർവ്വ വസ്തുവായിരുന്ന ആ കാലത്ത്, പുനലൂർ പേപ്പർ മില്ലിന്റെ ഒരു ചെറിയ ബുൾഡോസർ ഉപയോഗിച്ച് ഇടിച്ചു നിരത്തി തട്ടുകളാക്കി. ഒരു തട്ടിൽ മൂന്നു ഓലഷെഡുകളുണ്ടാക്കി അവിടെയാണ് കോളജ് ആരംഭിച്ചത്. 409 വിദ്യാർഥികളും 17 അധ്യാപകരുമായി 1964 ജൂലൈ 6 ന് പ്രവർത്തനമാരംഭിച്ച ഈ കലാലയം ഇന്ന് 1000 ൽ പരം വിദ്യാർഥികളും 50അധ്യാപകരും 28 അനധ്യാപകരുമായി ഒൻപതു ബിരുദ കോഴ്സുകളും അഞ്ച് ബിരുദാനന്തരബിരുദ കോഴ്സുകളുമുള്ള ഏ ഗ്രേഡ് കോളേജാണ്.

പ്രവർത്തനം തുടങ്ങി മൂന്നു വർഷത്തിനു ശേഷം 1967-ൽ കോളേജിൽ ബിരുദ ക്ളാസ്സുകൾ ആരംഭിച്ചു. ഇംഗ്ളീഷ്, ചരിത്രം,ഗണിതശാസ്ത്രം, രസതന്ത്രം, ജന്തുശാസ്ത്രം എന്നിവയായിരുന്നു ഐച്ഛിക വിഷയങ്ങൾ. 1980-ൽ ധനതത്വശാസ്ത്രം, ഊർജ്ജതന്ത്രം, സസ്യശാസ്ത്രം എന്നിവയിലും ഡിഗ്രി കോഴ്സുകൾ തുടങ്ങി. 1995 -ൽ ധനതത്വ ശാസ്ത്രത്തിലും തുടർന്നു ഫിസിക്സ്, അനലറ്റിക്കൽ കെമിസ്ട്രി, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിലും ബിരുദാനന്തരബിരുദ കോഴ്സുകൾ ആരംഭിച്ചു. സുവർണ്ണ ജൂബിലി വർഷത്തിൽ ബി.കോം, എം.എസ്സി സുവോളജി എന്നീ കോഴ്സുകൾ പുതുതായി തുടങ്ങി.

ഇന്ന് നിലവിലുള്ള എല്ലാ കോഴ്സുകളും ഉൾക്കൊള്ളത്തക്ക വിധം കോളജിന് പ്രധാന കെട്ടിട സമുച്ചയവും വിശാലമായ ആഡിറ്റോറിയവും ഉണ്ട്. 1989 -ൽ കോളേജിന്റെ രജതജൂബിലി സ്മാരകമായി പ്രത്യേക ബ്ളോക്കും തുടർന്നു സെമിനാർ ഹാളും അനുബന്ധ കെട്ടിടങ്ങളും നിലവിൽ വന്നു. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ സഹായത്തോടെ 100 വിദ്യാർത്ഥിനികൾക്ക് താമസിക്കാവുന്ന 2 വനിതാ ഹോസ്റ്റലുകളും, 20 വിദ്യാർത്ഥികൾക്കായി ആൺകുട്ടികളുടെ ഹോസ്റ്റലും പ്രവർത്തിക്കുന്നുണ്ട്. 29000 പുസ്തകങ്ങളും 3000 ഇ.ജേർണലുകളും

300000 ഇ. ബുക്കുകളും, ഇൻഫ്ളിബ്നെറ്റ് സൗകര്യവും, സിസിറ്റിവിയും ഉൾപ്പെട്ട ഓട്ടോമേറ്റഡ് ലൈബ്രറി, ഇംഗ്ലീഷ് ലാംഗ്വേജ് ലബോറട്ടറി, സുവോളജി - ഹിസ്റ്ററി മ്യൂസിയങ്ങൾ, ജിംനേഷ്യം, മെഡിസിനൽ ഗാർഡൻ, എല്ലാ ഡിപ്പാർട്ടുമെന്റിലും ലഭ്യമായ ഇന്റർനെറ്റ് /ഇന്റർകോം എന്നിവയും എടുത്തു പറയേണ്ട നേട്ടങ്ങൾ തന്നെ. കുന്നിൽ മുകളിലേക്കുള്ള കയറ്റം കുറയ്ക്കാനായി ഇരുവശത്തും നടപ്പാതയോടെ പരിഷ്കരിച്ച റോഡും, റബ്ബർ, തേക്ക്, ചന്ദനം, മഹാഗണി തുടങ്ങിയ മരങ്ങൾ ഇടതൂർന്ന വഴിത്താരയും കോളേജിനെ കൂടുതൽ സുന്ദരമാക്കുന്നു.

അഭിവന്ദ്യരായ ഡോ. മാത്യൂസ് മാർ അത്തനേഷ്യസ്, തോമസ് മാർ അത്തനേഷ്യസ്, ഫിലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ, ഈശോ മാർ തിമോത്തിയോസ്, ഡോ.യുയാക്കിം മാർ കൂറിലോസ്, ജോസഫ് മാർ ഐറേനിയോസ് സഫ്രഗൻ (റൈറ്റ്.റവ.ഡോ. ജോസഫ് മാർത്തോമമാ മെത്രാപ്പോലീത്താ), ഡോ.സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത എന്നീ തിരുമേനിമാർ മാനേജർമാരായും വെരി.റവ.ഏ.ഏ.പൈലി,പ്രൊഫ.കെ.എം.തോമസ്, പ്രൊഫ. എൻ.പി. ഫിലിപ്പ്, പ്രൊഫ.ജോർജ് വർഗീസ്, പ്രൊഫ.കെ.വി.മാത്യു, ഡോ.ജോർജ് സഖറിയാ, പ്രൊഫ.റ്റി.സി.വർഗീസ്, പ്രൊഫ. മാത്യു സി. ഫിലിപ്പ്, ഡോ.ജേക്കബ് ജോർജ്, പ്രൊഫ. മാത്യു വർഗീസ് എന്നിവർ പ്രിൻസിപ്പൽമാരായും കോളേജിനെ വിവിധ ഘട്ടങ്ങളിൽ നയിച്ചവരാണ്. അന്തരിച്ച ചലച്ചിത്ര താരം നരേന്ദ്രപ്രസാദ്, സി എസ്ഐ ബിഷപ്പ് തോമസ് കെ ഉമ്മൻ, കണ്ണൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസലറായിരുന്ന ഡോ.എം.ഓ.കോശി എന്നിവർ ഇവിടെ അദ്ധ്യാപകരായിരുന്നിട്ടുണ്ട്. റൈറ്റ് റവ. ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ മാനേജരായും ഡോ.അച്ചാമ്മ അലക്സ് പ്രിൻസിപ്പലായും ഇപ്പോൾ സേവനമനുഷ്ഠിക്കുന്നു

–എഡിറ്റോറിയൽ ബോർഡ്



# To My Children, With Love........

After 12 consecutive years at the Primary, Secondary and Higher Secondary levels, students step into the portals of University education. For many, University education is the time to absolutely break all shackles of culture, family and enjoy freedom to the fullest measure. Children of this age, irrespective of their sex, find happiness in violating norms and rules and prefer being identified as rebels. Wisdom comes to many at the fag end of their lives when they realize that they could have done better if they had given a little more care to their elders' advice. Like the old saying, "A stitch in time saves nine," if we become a bit more cautious and are prepared to give heed to what the experienced elders say, we can save our lives and future from failure. That would certainly free us from depressive thoughts in future.

When I look back to the early years of my upbringing, I often wonder at the way my parents tried to mould me as a good human being (my Father did it) and as a good lady (my Mother was behind it). My thoughts never go back in a chronological way and as I narrate one or two of the lessons I learnt from my parents you will realize that this narration is of "cock and bull variety".

At a very young age I had noticed how my father kept a family account book in which he entered every expenditure made in a day, however small it had been. I was very close to him, but never asked him why he wasted his time on a futile exercise since the money spent was gone and it would never come back! As I completed my class

IV education, my parents sent me to a boarding school. Though we were not allowed to keep money with us, parents would entrust some extra money with the warden to meet the additional personal needs. Before I left for my boarding school, he gave me a small diary and asked me to note down the additional expenses incurred. Then I asked him what need was there to do this exercise. His answer was "Aattil kalanjalum alannu kalayanam". I understood why my father wanted me to do it. Ever since Class IV I have been in the habit of jotting down personal as well as family expenses on a daily basis. Though the money spent will not come back to our pockets, occasional glimpses through these accounts will tell us where we have wasted our money and how it can be checked in future. He taught me that account keeping is the first step towards financial management. I learnt from my father how to live within one's means. He was reluctant to accept gifts from others and if his siblings or friends gave him anything out of love, he was sure to reciprocate their kindness and love in the same measure, So, I feel, my father could stand upright in front of anyone and he was respected by all. This attitude taught me how to possess self respect.

My mother always taught me through wise sayings. She kept on saying continuously: "thana nilathe neerodu; avide daivam thuna cheyyu." She always tried to teach me that humility is the prettiest decoration a human being can possess. I was trained to respect all elders, irrespective of their birth, education and social status. She showed me that a mother is the manager of a home. Fathers earn the means to run a home (during my childhood days, very few mothers were employed women) but the management part rested with mothers. If wives are poor managers, all money will be squandered and the family will eventually end in debt. If Mothers spend the money wisely, the family will survive despite several calamities likely to hit it. She kept on reminding me that as a teacher and as a mother, before I venture to correct the mistakes or wrongdoings of mystudents or my children, I should ensure that I have the moral right to do it. Before we criticize others, or try to correct others, we must ensure that we are devoid of such vices or weaknesses.

I never thought I would ever become a teacher, but when I became a teacher, my role models were my teachers. The way they dressed, the way they conducted themselves in school and college, their friendly attitude to students, the way they encouraged students in all curricular and co curricular activities—all these left an indelible mark on my personality. All my teachers cared for their students and it was evident in the way they spent time for us setting aside their needs and worries. They scolded us when we went wrong, but we were never angry with them. Their punishments made us realize that they really cared for us and wanted us to improve. A teacher who disregards students even when they go wrong is indirectly telling them that he/she does not care for them. So, my small advice to my children is that when you are punished for a mistake, be humble enough to accept it, correct your mistake and tell your teacher, "I love you, Sir / Madam"

We must give heed to what our parents, elders and teachers say, accept our shortcomings, correct our faults and get ready for a wider leap into this challenging, beautiful world. We should take care of our parents in their old age and must learn to be proud enough to accept who we are. We may have ambitions and aspirations, but too much ambition kills a man. It is better to live on what we have without craving for anything that does not belong to us. Do not accept gifts or bribes which are not due to us. We must learn to give a share of what we earn to people who really need them, because "it is better to give than to receive." Always keep in mind that nobody is born in this world unwanted and without talents and every human being is created for fulfilling certain duties before leaving this world. All are talented in one way or the other. We have to identify our talents, develop it and use it for the betterment of humanity. Such lives will certainly be rewarded.

With best wishes for a fruitful life,
**Dr. Achamma Alex**



# സ്മൃതി ചിത്രങ്ങൾ...

തയ്യാറാക്കിയത്



സജി വറുഗീസ്
































കവിത

# എന്റെ മലയാളം



എന്റെയും നിന്റെയും അമ്മയാണ് മലയാളം
കേരളമണ്ണിൻ ആദ്യാക്ഷരം മലയാളം
കുഞ്ചന്റെയും എഴുത്തച്ഛന്റെയും മലയാളം
കിളിപ്പാട്ടിനുതകുന്ന താളാക്ഷരം മലയാളം
ആശാനുമുള്ളൂരും നെഞ്ചോടടുപ്പിച്ചൊരമ്മ മലയാളം
കാടും മഴയും ഒരേസ്വരത്തിൽ പാടിയാടി
തെളിയിച്ച ഭൂമി മലയാളം
വീരയോദ്ധാക്കൾ പിറന്നൊരാമണ്ണിന്റെ അമ്മ മലയാളം
അമ്മ പകർന്നൊരു വാത്സല്യദുഗ്ധമാണെന്റെ മലയാളം



**വീണാ വിജയൻ**
രണ്ടാം വർഷ ഗണിതശാസ്ത്ര ബിരുദം



# വരാതെ നീ

ക്ഷണികമാം ജീവിതപ്പുലരിയിൽ
കണികമാം ജീവിതസാനുവിൽ
അലയാതെ അലമുറയിടാതെ
മൂകയായ് നിൽക്കുന്നു ഞാൻ

കരുണമാം നിൻ സ്നേഹകിരണമേറ്റെന്റെ
ഹൃദയവീചികൾ സംഗീതമായെങ്കിൽ
കല്ലോലമാം നിൻ കരസ്പർശമേറ്റെന്റെ
ഉൾദാഹം ശമിച്ചെങ്കിൽ

കൊതിപ്പൂ ഇന്നു ഞാൻ ആഴിയിൽ
നീയൊരു മുത്തായ് വന്നെങ്കിലെന്ന്
വരാതെ നീയി ശുഭ്രാംബരത്തിൻ
വിളക്കിൻ കീഴിൽ തണുത്തുറയുന്നു.

അതുല്യ കല്ലിമേൽ
ഒന്നാംവർഷ ആംഗലേയ സാഹിത്യ ബിരുദം

## കോളേജ് യൂണിയൻ സത്യപ്രതിജ്ഞ



















# ഉയരണം കരങ്ങൾ



**ആഷിഖ്.എം.ഷെരീഫ്**
രണ്ടാം വർഷ സാമ്പത്തിക ശാസ്ത്ര ബിരുദം

"വിദ്യാർത്ഥികളേ,നിങ്ങൾ പാഠപുസ്തകങ്ങളും ക്ലാസ്സ് മുറികളും ഉപേക്ഷിച്ച് തെരുവിൽ ഇറങ്ങി സ്വാതന്ത്ര്യസമരത്തിൽ അണിചേരുക".സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ മഹാത്മാഗാന്ധി വിദ്യാർത്ഥികൾക്ക് നൽകിയ ആഹ്വാനമാണിത്.അവിടെ നിന്ന് ഇങ്ങോട്ട് വലുതും ചെറുതുമായ നിരവധി വിദ്യാർത്ഥി സമരങ്ങൾക്ക് രാജ്യം സാക്ഷ്യം വഹിച്ചിട്ടുണ്ട്.ന്യായമായ നിരവധി ആവശ്യങ്ങൾ ഇത്തരം സമരങ്ങളിലൂടെ വിദ്യാർത്ഥി സമൂഹം നേടിയെടുത്തിട്ടുമുണ്ട്. ലോകത്ത് തന്നെ പ്രധാനപ്പെട്ട എന്ത് പ്രശ്നമുണ്ടായാലും ആദ്യം സമരം ചെയ്യുന്നത് വിദ്യാർത്ഥി സമൂഹമാണ്.

അധിനിവേശത്തിന്റെ ഭാഗമായി ഇറാഖ് പ്രസിഡന്റ് സദ്ദാം ഹുസൈനെ സാമ്രാജത്വ ശക്തികൾ തൂക്കിലേറ്റിയപ്പോൾ ലോകത്തിലെ ആദ്യത്തെ പ്രതിഷേധ ശബ്ദം ഉയർന്നത് കേരളത്തിലെ ക്യാമ്പസുകളിലാണ്.എപ്പോഴും വിദ്യാർത്ഥി രാഷ്ട്രീയത്തിൽ മോശംവശങ്ങളാണ് പൊതുസമൂഹത്തിൽ ചർച്ചയ്ക്ക് വരുന്നത്.അക്രമങ്ങളെയും മറ്റും ഉയർത്തികാട്ടി അവർ അത് സ്ഥാപിച്ചെടുക്കുകയും ചെയ്യുന്നു. ക്യാമ്പസുകളിൽ ഉണ്ടാകുന്ന അക്രമങ്ങൾക്ക് രാഷ്ട്രീയം മാത്രമാണോ കുറ്റക്കാരൻ എന്ന് പരിശോധന നടത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.പല ക്യാമ്പസുകളിലും വ്യക്തിപരമായി വിദ്യാർത്ഥികൾ നടത്തുന്ന സംഘട്ടനങ്ങൾക്ക് പോലും രാഷ്ട്രീയച്ചുവ നൽകുവാനും അതുവഴി സമൂഹത്തെ തെറ്റിദ്ധരിപ്പിക്കുവാനും ചില കോണുകളിൽ നിന്നും പ്രയത്നം നടക്കുന്നു.

ഇവിടുത്തെ വിദ്യാർത്ഥി സമൂഹം ഇന്ന് അനുഭവിക്കുന്ന ഓരോ അവകാശങ്ങളും വിദ്യാർത്ഥികൾ തെരുവിൽ സമരം ചെയ്തും ഭരണകൂടങ്ങളുടെ കൊടും മർദ്ദനങ്ങൾക്ക് ഇരയായുമായിട്ടാണ് നേടിയെടുത്തിട്ടുള്ളത്. കൺസഷൻ മുതൽ ഇങ്ങോട്ട് ഫീസ് ഇളവുകൾ വരെ ഇതിൽപെടുന്നു.ഇവയെല്ലാം കാലം മഹത്തരമായ സമരങ്ങളായിട്ടാണ് വിലയിരുത്തിയിട്ടുള്ളതും. കുടിവെള്ളം പോലെയുള്ള അടിസ്ഥാന പ്രശ്നങ്ങൾക്ക് നിരന്തരം കലഹിച്ചുകൊണ്ടിരുന്ന ഇടങ്ങളാണ് ക്യാമ്പസുകൾ. ഇന്ന് രാജ്യത്തെ പ്രധാനപ്പെട്ട ഭരണാധികാരികൾ എല്ലാം ഒരു കാലത്ത് ക്യാമ്പസ് രാഷ്ട്രീയത്തിന് നേതൃത്വം കൊടുത്തവരാണ്.പിണറായി വിജയനും ഉമ്മൻചാണ്ടിയുമെല്ലാം ഒരു കാലത്ത് വിദ്യാർത്ഥി പ്രസ്ഥാനങ്ങളെ ക്യാമ്പസുകളിൽ നയിച്ചവരാണ്.മറ്റൊരു രീതിയിൽ പറഞ്ഞാൽ ഇന്ന് രാഷ്ട്രീയത്തിൽ ശോഭിച്ച് നിൽക്കുന്നവരെല്ലാം വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ ഉത്പന്നങ്ങളാണ് എന്ന് വിലയിരുത്താം.

മാറിയ കാലഘട്ടത്തിൽ ആരാണ് വിദ്യാർത്ഥി രാഷ്ട്രീയത്തെ ഭയപ്പെടുന്നത്? വിദ്യാഭ്യാസം ഒരു വിപണന ഉത്പ്പന്നം ആയത് മുതൽ വിദ്യാർത്ഥികളുടെ വായമൂടികെട്ടാനാണ് പല കോണുകളിൽ നിന്നും ശ്രമം തുടങ്ങി വന്നത്. പലപ്പോഴും നിയമത്തിന്റെ സഹായത്തോടെ അവർ അതിൽ വിജയിക്കുന്നുണ്ട്.രക്ഷകർത്താക്കൾ വിദ്യാർത്ഥികളെ കോളേജിൽ ചേർക്കുന്നതിന് മുൻപ് പ്രധാനമായും രാഷ്ട്രീയമുള്ള ക്യാമ്പസാണോ എന്ന് നോക്കുന്ന അതിഭീകരമായ അവസ്ഥയിലേക്ക് സമൂഹം മാറിയിരിക്കുന്നു.എന്നാൽ തങ്ങളുടെ മക്കൾ രാഷ്ട്രീയേതര ക്യാമ്പസുകളിൽ സുരക്ഷിതരാണോ എന്ന് അവർ പലപ്പോഴും തിരക്കാറില്ല. ഇതിന്റെ ഫലമാണ് ജിഷ്ണു പ്രണോയ്‌യും, രജനി. എസ്. ആനന്ദുമൊക്കെ.അപ്പോൾ പ്രശ്നം പൂർണ്ണമായും രാഷ്ട്രീയത്തിന്റേതല്ല എന്ന് മനസ്സിലാക്കാം.ഇവരെല്ലാം മാനേജ്മെന്റ് കോളേജുകളിൽ വിവിധ കാരണങ്ങൾ

കൊണ്ട് ജിവൻ അവസാനിപ്പിക്കേണ്ടിവന്നവരാണ്. ഇവരുടെ പ്രശ്നങ്ങൾ മുൻപേ മനസ്സിലാക്കി പ്രതികരിക്കാൻ അത്തരം ക്യാമ്പസുകളിൽ ആരും ഇല്ലായിരുന്നു എന്നതായിരുന്നു മറ്റൊരു സത്യം.

തങ്ങളുടെ വിദ്യാർത്ഥി കാലയളവിൽ കേവലം ക്ലാസ്സ് മുറികൾക്ക് ഉള്ളിലിരുന്ന് പഠിച്ച് പാസ്സായി പോകുവാനാണ് ഇന്നത്തെ സമൂഹം നമ്മെ പ്രേരിപ്പിക്കുന്നത് ഈ ഒരു കാഴ്ചപ്പാട് മൂലം നാം എന്ത് തരത്തിലുള്ള ചൂഷണങ്ങൾക്കും അതിവേഗം വിധേയരാകുന്നു. കോളേജ് ജീവിതത്തിലൂടെയാണ് ഒരു വ്യക്തി തന്റെ സ്വഭാവ രൂപീകരണത്തിന്റെ കാലഘട്ടത്തിലൂടെ കടന്ന് പോകുന്നത് ഇവിടെ അരാഷ്ട്രീയ കലാലയങ്ങൾ പലപ്പോഴും സമുഹത്തിൽ ഒരു പറ്റം പ്രതികരണശേഷി ഇല്ലാത്ത തലമുറയെ സൃഷ്ടിക്കുന്നു. മാത്രവുമല്ല ഇത്തരം ക്യാമ്പസുകൾ അരാജകത്വവും റാഗിംഗ് പോലെയുള്ള ക്രൂരവിനോദവും നടമാടുന്ന കേന്ദ്രങ്ങളായും മാറിക്കൊണ്ടിരിക്കുന്നു.ഗ്യാങ്ങുകളുടെ പ്രവർത്തനങ്ങൾ സജീവമാക്കുന്നു. ഇത് വഴി അരാഷ്ട്രീയം ക്യാമ്പസുകളിൽ ശക്തിപ്പെടുന്നു.വിദ്യാർത്ഥികളുടെ സർഗ്ഗാത്മമായ കഴിവിനെ ഉയർത്താനുള്ള ഉപാധിയായ വിദ്യാർത്ഥികളെ നേതൃഗുണമുള്ള ഒരു സമൂഹത്തിനെ വാർത്തെടുക്കുന്നതിൽ പ്രധാന പങ്ക് വഹിക്കാറുള്ള കോളേജ് യൂണിയനുകൾ പോലും അതിവേഗം ക്യാമ്പസിൽ നിന്നും അകന്നു കൊണ്ടിരുന്നു. ഇന്ന് കലാ-സാംസ്കാരിക സാമൂഹിക രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കുന്നവരിൽ ഭൂരിഭാഗവും ഒരു കാലത്ത് കോളേജ് യൂണിയൻ അംഗങ്ങളും പ്രവർത്തകരുമായിരുന്നു. അഭിനയ വിസ്മയം മോഹൻലാൽ മുതൽ പുതുതലമുറയിലെ പ്രധാനപ്പെട്ട സിനിമ പ്രവർത്തകർ വരെ യൂണിയനുകൾ നടത്തിയ കലാമത്സരങ്ങളിലൂടെയാണ് കടന്നു വന്നിട്ടുള്ളത്.ഇത്തരം നിരവധിയായ നല്ല വശത്തെ കേവലം അക്രമങ്ങൾ ഉയർത്തിക്കാട്ടി തടുക്കാൻ ശ്രമിക്കുന്നവർ കേവലം വിദ്യാർത്ഥി വിരോധികളായി മാറിക്കൊണ്ട്. സമൂഹത്തിനു കൂടെയാണ് അവർ ഉപദ്രവം ചെയ്യുന്നത്.മാനേജ്മെന്റുകളെ അവർക്ക് തോന്നിയ വഴിക്ക് കയറൂരി വിടാനുള്ള സ്വാതന്ത്ര്യമാണ് ഇതുവഴി നേടികൊടുക്കുന്നത്. അങ്ങനെ വരുമ്പോൾ ജിഷ്ണു പ്രണോയിമാർ ഇനിയും സമൂഹത്തിൽ ആവർത്തിക്കപ്പെടും

അക്രമരാഷ്ട്രീയത്തോടും കൊലപാതക രാഷ്ട്രീയത്തോടും എന്നും സമൂഹത്തിന് എതിർപ്പാണ്. ഇതൊന്നും ഒരു സരസ്വതി മന്ദിരത്തിൽ അരങ്ങേറാൻ പാടില്ലാ എന്ന് തന്നെയാണ് ഓരോ വിദ്യാർത്ഥിയുടെയും അഭിപ്രായവും. എന്നാൽ ഈ പേരു പറഞ്ഞ് വിദ്യാർത്ഥി രാഷ്ട്രീയം നിരോധിക്കുമ്പോൾ വിദ്യാർത്ഥി അറിയാതെ തന്നെ അവർക്കിടയിലേക്ക് അരാഷ്ട്രീയവും അരാജകത്വവും ജാതീയതയും വർഗ്ഗീയതയും എല്ലാം കടന്നു കൂടുന്നു.ഇത് ഈ രാജ്യത്തെ മതേതരത്വത്തെ തന്നെ തകർക്കാൻ കാരണമായേക്കാം.

വിദ്യാർത്ഥികൾക്ക് അക്രമരഹിതമായി സംഘടിക്കാനും അവരുടെ ജനാധിപത്യ സ്വഭാവം സംരക്ഷിക്കാനും സംവദിക്കാനുള്ള സർഗ്ഗാത്മകത പൂത്തു നിൽക്കുന്ന ഇടങ്ങളായിരിക്കണം ഓരോ ക്യാമ്പസുകളും. കലാലയ ജീവിതത്തിന് ശേഷം സമൂഹത്തിലേക്ക് ഇറങ്ങുന്ന ഓരോ വ്യക്തികളും തന്റെ രാഷ്ട്രീയമായ അവകാശങ്ങളെക്കുറിച്ചും സാമൂഹിക ധർമ്മത്തെക്കുറിച്ചും ബോധവാൻമാർ ആയെങ്കിൽ മാത്രമേ മതനിരപേക്ഷമായ സർഗ്ഗാത്മകത തുളുമ്പുന്ന ഒരു സമുഹത്തെ വാർത്തെടുക്കാൻ സാധിക്കുകയുള്ളൂ.




# ലക്ഷദ്വീപ് സ്റ്റോറി



സൽമാഹി.പി.ഐ
ഒന്നാംവർഷ സാമ്പത്തിക
ശാസ്ത്ര ബിരുദം

ലക്ഷദ്വീപ് ഇന്ത്യയുടെ തെക്കുപടിഞ്ഞാറു തീരത്തു നിന്നും 200 മുതൽ 400 കിലോമീറ്റർ വരെ ദൂരെയായ് നീണ്ടു കിടക്കുന്ന ഒരു ദ്വീപ സമൂഹമാണ്. ലക്ഷദ്വീപ് ഇന്ത്യയുടെ ഒരു കേന്ദ്ര ഭരണ പ്രദേശമാണ്. 32 ചതുരശ്ര കിലോമീറ്റർ മാത്രം വിസ്തൃതിയുള്ള ഈ പ്രദേശം ഇന്ത്യയിലെ കേന്ദ്രഭരണ പ്രദേശങ്ങളിൽ ഏറ്റവും ചെറുതുമാണ്. 1956- ൽ ഈ ദ്വീപ് രൂപം കൊണ്ടു 1973-ൽ ലക്ഷദ്വീപ് എന്ന നാമകരണം ചെയ്യപ്പെട്ടു. ജനവാസം ഉള്ളതും ഇല്ലാത്തതുമായ അനേകം പവിഴപുറ്റു ദ്വീപുകളുടെ സമൂഹമാണിത്.11 ദ്വീപുകളിലാണ് പ്രധാനമായും ജനവാസമുള്ളത്. ഇന്ത്യയുടെ തെക്കുപടിഞ്ഞാറു ഭാഗത്ത് മാലിദ്വീപുകൾക്ക് വടക്കായി അറബിക്കടലിലാണ് ഈ ദ്വീപ സമൂഹങ്ങളുടെ സ്ഥാനം. ഇവിടുത്തെ ഔദ്യോഗിക പക്ഷി കാരിഫട്ടു എന്നറിയപ്പെടുന്നു. കടപ്ലാവാണ് ഔദ്യോഗിക മരം. പൂമ്പാറ്റ മത്സ്യമാണ് ഔദ്യോഗിക മത്സ്യം. കേരളത്തിലെ ജനങ്ങളുമായി വംശീയ സാദൃശ്യം ഉള്ളവരാണ് ലക്ഷദ്വീപ് നിവാസികൾ. മലയാളമാണ് ദ്വീപിന്റെ ഔദ്യോഗിക ഭാഷ. ഇന്ത്യൻ അറബി സങ്കര വംശമാണ് ലക്ഷദ്വീപ് നിവാസികളെന്നും അഭിപ്രായപ്പെടുന്നു. ദ്വീപിന്റെ ഔദ്യോഗിക ഭാഷ മലയാളമാണെങ്കിലും സംസാര ഭാഷ ജസരി എന്നറിയപ്പെടുന്നു. എന്നാൽ മിനിക്കോയി ദ്വീപിൽ മാത്രം സമീപരാജ്യമായ മാലിദ്വീപിലെ ഭാഷകളുമായി സാമ്യമുള്ള മഹൽ ഭാഷയാണ് സംസാരിക്കപ്പെടുന്നത്. മിനിക്കോയി ദ്വീപിന് സാംസ്കാരികപരമായി മാലിദ്വീപിനോടാണ് സാമ്യം. 9 ചാനൽ മിനിക്കോയി ദ്വീപിനെ മറ്റു ദ്വീപുകളുമായി വേർതിരിക്കുന്നു. ലക്ഷദ്വീപ് നിവാസികളിൽ തൊണ്ണൂറു ശതമാനവും ഇസ്ലാം മതവിശ്വാസികളാണ്. ബാക്കിയുള്ള പത്ത് ശതമാനം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ജോലിക്കായി എത്തിയിട്ടുള്ള വിവിധ മതസ്ഥരാണ്. 2011 ലെ കണക്കുപ്രകാരം ദ്വീപിലെ ജനസംഖ്യ 60000 മാണ്.

ചരിത്രമനുസരിച്ച് എ.ഡി 6-ാം നൂറ്റാണ്ടിൽ ബുദ്ധമതക്കാർ ഇവിടെ ഉണ്ടായിരുന്നതായി കണക്കാക്കപ്പെടുന്നു. 8-ാം നൂറ്റാണ്ടിൽ ദ്വീപ് മുസ്ലീം സ്വാധീനത്തിലായി പോർച്ചുഗീസുകാർ 1498-ൽ ഇവിടെ ഒരു കോട്ട സ്ഥാപിച്ചു. പക്ഷേ ദ്വീപു നിവാസികൾ അവരെ ഒഴിപ്പിച്ചു. 1887 ൽ അമിനി ദ്വീപും മറ്റുദ്വീപുകളും ടിപ്പുസുൽത്താന്റെ അധിപത്യത്തിലായി മൂന്നാം ആംഗ്ലോ-മൈസൂർ യുദ്ധത്തിനു ശേഷം ടിപ്പുസുൽത്താന്റെ ഭരണം അവസാനിച്ചു.
16-ാം നൂറ്റാണ്ടിൽ





ദ്വീപുകാർ പോർച്ചുഗീസുകരുടെ ആധിപത്യം തടയാൻ ചിറയ്ക്കൽ രാജാവിനെ സമീപിച്ചു. തേങ്ങയാണ് ദ്വീപുകളിലെ പ്രധാന കാർഷിക ഉൽപ്പന്നം . 2598 ഹെക്ടർ നിലത്തിൽ തെങ്ങ് കൃഷിയുണ്ട് പ്രതിമാസം ഹെക്ടറിൽ നിന്നും 22310 തേങ്ങ ലഭിക്കുന്നു. ഔദ്യോഗികമായി ലക്ഷദ്വീപിൽ 12 പവിഴപുറ്റുകളും 3 ശൈല സേതുക്കളും 5 തീരങ്ങളും ഉൾക്കൊള്ളുന്നു. ഇതിൽ എല്ലാം കൂടി ആകെ 36 ദ്വീപുകളും തുരുത്തുകളും ഉണ്ട് ശൈലസേതിക്കളും പവിഴപുറ്റു കളുമാണെങ്കിലും ചെറിയ ഭാഗങ്ങൾ മാത്രം ജല നിര പ്പിന് വെളിയിൽ ഉള്ളവയാണ്. തീരങ്ങൾ വെള്ളത്തി നടിയിലുള്ള പവിഴപുറ്റുകളാണ്.അമിനി, ബിത്ര, അഗത്തി, ആന്ത്രോത്ത്,കൽപ്പേനി, മിനിക്കോയി, കിൾത്താൻ, ചേത്ത്ലാത്ത്,കവരത്തി,കട്മത്ത്, ബംങ്കാരം തുടങ്ങിയ ദ്വീപുകൾ ജനവാസമുള്ളവയാണ്.

2001ലെ കണക്കെടുപ്പനുസരിച്ച് കവരത്തിയിലെ ജനസംഖ്യ 10113 ആണ്. ഇതിൽ പുരുഷന്മാർ അൻപത്തിയഞ്ച് ശതമാനവും സ്ത്രീകൾ നാൽപ്പത്തിയഞ്ച് ശതമാനവുമാണ്. കവരത്തിയുടെ ശരാശരി സാക്ഷരത എഴുപത്തിയെട്ട് ശതമാനവുമാണ്. ഇന്ത്യയുടെ ദേശീയ സാക്ഷരത നിലവാരം 59.5 ശതമാനം ആണ്. പുരുഷന്മാരിൽ സാക്ഷരതാ നിലവാരം എൺപത്തിമൂന്ന് ശതമാനവും സ്ത്രീകളിൽ എഴുപത്തിമൂന്ന് ശതമാനവുമാണ്. കവരത്തിയിലെ ജനങ്ങളിൽ പന്ത്രണ്ട് ശതമാനം 6 വയസ്സിൽ താഴെ ഉള്ള കുട്ടികളാണ്.

കവരത്തിദ്വീപ് വിവിധ ജലക്രീഢ വിനോദങ്ങൾക്കും, നീന്തലുകൾക്കും അനുയോജ്യമാണ്.കവരത്തിയിലെ സമുദ്രജീവി പ്രദർശന ശാലയിൽ മറൈൻ അക്വേറിയം പലജീവികളുടെയും ജീവൻ ഉള്ളതും ഇല്ലാത്തതുമായ വലിയ ശേഖരവുമുണ്ട്. ഇവിടെ സുതാര്യമായ അടിത്തട്ടുള്ള നൗകകൾ, കടലിലെ ജലജീവിതം നോക്കി കാണുന്നതിനുള്ള വലിയ ആകർഷണമാണ്.

ലക്ഷദ്വീപുകളിൽ കൊച്ചിയോട് ഏറ്റവും അടുത്ത് കിടക്കുന്ന ഒരു ദ്വീപാണ് കൽപ്പേനി. കൊച്ചിയിൽ നിന്നും 287 കി.മി പടിഞ്ഞാറു മാറിയാണ് ഈ ദ്വീപ്. 2.8 കി.മി നീളവും 1.2 കി.മി വീതിയുമാണ് ഈ ദ്വീപിനുള്ളത്. ലക്ഷദ്വീപ് പെൺ കുട്ടികൾക്ക് വിദ്യാഭ്യാസം ലഭിച്ച ആദ്യ ദ്വീപാണ് കൽപ്പേനി. കൊച്ചിയോട് അടുത്തു കിടക്കുന്നതു കൊണ്ടാവണം ദ്വീപസമൂഹത്തിന് പുറത്ത് ജോലി ചെയ്യുന്ന ആളുകളുടെ എണ്ണത്തിൽ ഒന്നാം സ്ഥാനത്താണ് ഈ ദ്വീപ്. ഇവിടെ നിർമ്മാണ ശാഖകളും കാണാൻ കുറേ സ്ഥലങ്ങളും ഉണ്ട്. ചെറിയ കര, തിലാക്കം, ചെറിയം, വലിയപാണി, ചെറിയപാണി, വിരി ങിലി തുടങ്ങിയവയാണ് ജനവാസമില്ലാത്ത ദ്വീപുകൾ

**വാർത്താവിനിമയസൗകര്യങ്ങൾ :** ബി.എസ്.എൻ.എൽ മാത്രമാണ് ഇവിടെ പ്രവർത്തിക്കുന്നത്. മൊബൈൽ ലാന്റ്ലൈൻ സേവനങ്ങൾക്ക് പുറമെ സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക് കണക്ടിവിറ്റിയും ഇവിടെ ഉണ്ട്.

**സൗകര്യം :** കേബിൾ ടി.വിയും ദൂരദർശന്റെ റിലേ സ്റ്റേഷനും ഇവിടെ പ്രവർത്തിക്കുന്നു.ദ്വീപ് 8 വാർഡുകളായി തിരിച്ചിരിക്കുന്നു. 3 വാർഡുകളെ പ്രതിനിധാനം ചെയ്യുന്നത് സ്ത്രീകളാണ്. ചുഴലികൊടുങ്കാറ്റിൽ ദ്വീപിന്റെ ഘടന തന്നെ മാറുകയും പിട്ടി, തുലാങ്കം, ചെറിയം എന്നീ ദ്വീപുകൾ രൂപം കൊള്ളുകയും ചെയ്തു.പിന്നീട് 1891, 1922, 1965, 1977, 2017 എന്നീ വർഷങ്ങളിലും ദുരന്തങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതു കാരണം ദ്വീപിൽ കോടിക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങൾ സംഭവിച്ചു.



കാവ്യലക്ഷ്മി.എം
ഒന്നാംവർഷ ഗണിതശാസ്ത്ര ബിരുദം

# മധുരിക്കും ഓർമ്മകൾ

എഴുതാതെ വയ്യിനി.
തുടിക്കുന്നൊരോർമ്മയാം കാലം,
മറക്കുന്നുവെന്നാൽപോലും
ആരോ കുളിരായി ഓർമ്മിപ്പിക്കും കാലം;
കുളിരോർമ്മയായി തഴുകും കാലം;
ഒളിഞ്ഞും തെളിഞ്ഞും
വല്ലാതെ നീയെന്നെ ഉലച്ചിരുന്നു;
മിഠായിച്ചപ്പിച്ചവച്ച് ചറപറ മഴയത്ത്-
നനഞ്ഞമ്മതൻ കിഴുക്കേറ്റിരുന്നു;
ഉച്ചയ്ക്കാപൊതിച്ചോറു തുറക്കുന്ന-
താമസം, പിന്നെയിലമാത്രം ബാക്കി കിട്ടവേ;
ഉറഞ്ഞുതുള്ളിയാലെന്ത് ?!!
ആ പഹയത്തികളുണ്ടോ ചിരിച്ചു
കൈനക്കി ദീനദയാലെന്നെ-
നോക്കീടുന്നു;
പിന്നെ പി.റ്റി പിരിയഡിലായപ്പൂപ്പൻ
മരത്തിൻ കീഴിലോടികളിച്ചു കാല്മുട്ടുപൊട്ടി
ചോര വാർന്നു കരയാനുണ്ടോ അനുവദിക്കുന്നു!! ?
ഇക്കിളി കൂട്ടി എൻ നിഷ്കളങ്കമാം
ചുകന്നമുഖം നോക്കി തട്ടി തടവി;
വീണ്ടുമാ കൂട്ടങ്ങളെന്നെയും
കൂട്ടി കളിച്ചുല്ലസിക്കവേ;
ഇടിയുംമിന്നലുമായി ഒരിക്കലുമില്ലാതെ
മഴയെത്തും നേരത്ത്,
ഓടിക്കിതച്ചങ്ങു ഓടിട്ട ക്ലാസ്സിലേയ്ക്കോടും
കുഞ്ഞികുരുവികളിന്നെവിടെയാവോ ?
പിന്നെ കൗമാരത്തിലമ്മയോടു പരിഭവം
പറഞ്ഞുപറഞ്ഞവസാനമമ്മതൻ,
"മൃദുതലോടലും", "മധുരഭാഷണവും",
നൽകിയവ അവസാനിപ്പിക്കവേ;
പുസ്തകത്തിൽ നിന്ന് സൗഹൃദപൂന്തോപ്പിലേക്കും,
പിന്നീടക്ഷരങ്ങൾതൻമായാ ലോകത്തേക്കും,
പറന്നു പറന്നങ്ങനെ നടന്നു കാലം.............
ലക്ഷ്യമായി ഓടി തളർന്നിന്നോർക്കുമ്പോളോ-
കുരുവി കൂട്ടങ്ങൾ തൻ,
ചറപറ ബഹളം മാത്രമുണ്ടാശ്വാസമായി;
അനശ്വരസംഗീതം പോലായോർമ്മ തിളങ്ങീടുന്നു,
മിന്നാമിനുങ്ങിൻ സുഖമുള്ളരോർമ്മയാം കാലം,
നിനക്കുതരാൻ,
ഈ കുളിരോർമകൾ തഴുകലിനു,
കാലത്തിൻ കരുതലിനു,
ചിതലരിക്കാത്ത സംഗീതത്തിനു,
പിന്നെയെൻ പ്രിയ കുഞ്ഞിക്കുരുവികൾക്ക്,
എനിക്കുതരാനീ അക്ഷരനക്ഷത്രങ്ങൾ മാത്രം
എൻ പ്രിയ ജീവാത്മാവാമീ
മിന്നാമിനുങ്ങുകൾ തന്നെയാവട്ടെ;
ഒരിക്കൽകൂടി ഇനിയില്ലെങ്കിലുമീശ്വരാ-
ആ ഓർമ്മകളിങ്ങനെ ഹൃത്തിൽ തിളങ്ങീടേണേ !!!
യൗവനത്തിലും വാർദ്ധക്യത്തിലുമവ
എൻ ശക്തിസംഭരണികൾ !!!

## കോളേജ് യൂണിയൻ & ആർട്സ് ക്ലബ്ബ് ഉദ്ഘാടനം



കേരള യുവജന ക്ഷേമബോർഡ് ചെയർപേഴ്സൺ ചിന്താജേറോം, സിനിമാതാരം കൈലാസ് എന്നിവർ
കോളേജ് യൂണിയനും ആർട്സ് ക്ലബ്ബും ഉദ്ഘാടനം ചെയ്തപ്പോൾ









# കവിതയും പാരിസ്ഥിതിക മനഃശാസ്ത്രവും

'കുറ്റിപ്പുറംപാലം', 'കാടെവിടെ മക്കളേ' എന്നീ കവിതകളെ ആധാരമാക്കിയുള്ള പഠനം



പ്രൊഫ. ബിന്ദു ജോൺ
മലയാള വിഭാഗം

ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെ യാണ് പാരിസ്ഥിതികമായൊരന്വേഷണം വിജ്ഞാനത്തിന്റെ എല്ലാ മേഖലകളിലും പ്രകടമായത്. ഭൂമിയിൽ ജീവിന്റെ നിലനില്പു തന്നെ അസാധ്യമാക്കും വിധത്തിൽ ഉള്ള അവസ്ഥകൾ വികസനത്തിന്റെയും പുരോഗതിയുടെയും പേരിൽ സംജാതമായിരിക്കുന്നു. ഈ ഭയവിഹ്വലമായ ഭൗമ പരിണിതികൾക്കെതിരെയുള്ള സംസ്കാരത്തിന്റെ ഉദയമാണ് പാരിസ്ഥിതിക സാഹിത്യ നിർമ്മിതിക്കു കാരണം. ഭൂമി എന്ന അമൂല്യവും അനർഘവും ആയ  മൂലധനത്തിനു പകരം വയ്ക്കാൻ തങ്ങൾക്ക് മറ്റൊന്നും തന്നെയില്ല എന്ന അറിവ്  ശാസ്ത്രലോക പ്രതിഭകളെ അപേക്ഷിച്ച് കലാകാരനിൽ ഒരു പടി മുന്നാക്കമായി കാണുവാൻ സാധിക്കുന്നു. പ്രവാചക തുല്യമായ വീക്ഷണത്തോടെ തങ്ങളുടെ കൃതികളിലൂടെ മാനുഷികവും മാനുഷികേതരവുമായ സത്തകളുമായി തനിക്കുള്ള നാഭീ-നാള ബന്ധം തിരിച്ചറിയാനും മനുഷ്യസത്തയെ കണ്ടെത്തുകയും വീണ്ടെടുക്കുകയും ചെയ്യാനുമാണ് സാഹിത്യകൃതികൾ ശ്രമിക്കുന്നത് - എഴുത്തുകാർ ശ്രദ്ധ വയ്ക്കുന്നത്.



ഇത്തരം ഉണർവ്വിൽ നിന്നുണ്ടാകുന്ന സർഗസൃഷ്ടികളെ വിമർശനാത്മകമായി പഠിക്കുകയും അപഗ്രഥിക്കുകയും ചെയ്യുന്നതിന് മിത്ത്, ഹരിത ചിന്തയുടെ വിവിധ വശങ്ങൾ, മനഃശാസ്ത്രം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് പാരിസ്ഥിതിക മനഃശാസ്ത്ര നിരൂപണം പുതിയ സാധ്യതകൾ ആവിഷ്ക്കരിക്കുന്നു. 1978-ൽ വില്യം റൂക്കെർട്ട് എന്ന അമേരിക്കൻ എഴുത്തുകാരനാണ് പരിസ്ഥിതി നിരൂപണം എന്ന സംജ്ഞ ആദ്യം പ്രയോഗിച്ചത്. പ്രപഞ്ചവും മനുഷ്യ ചേതനയുമായുള്ള ബന്ധവും ഭൂമിശാസ്ത്രവും ഭൂഭാഗ ദൃശ്യങ്ങളുമായുള്ള സാഹിത്യത്തിന്റെ ബന്ധവും പഠനങ്ങളും ഉൾക്കൊള്ളുന്ന സംജ്ഞയാണ് പരിസ്ഥിതി നിരൂപണം.

ഇവിടെ ഓർക്കേണ്ട വസ്തുത മണ്ണും വെള്ളവും സസ്യങ്ങളും ജന്തു ജാലവും  ചേർന്ന് സമുദായം എന്ന സങ്കല്പത്തെ വികസിപ്പിക്കുന്നതിനോടൊപ്പം " ലാൻഡ് സ്കേപ്പ് "എന്ന പദം പ്രകൃതിയെ നിർവ്വചിക്കാൻ അപര്യാപ്തമാണ് എന്നാണ്. കണ്ണിനു മുമ്പിൽ കാണുന്ന ഭൂഭാഗ ദൃശ്യമാണല്ലോ ലാൻഡ് സ്കേപ്പ്. പ്രകൃതി-പാരിസ്ഥിതിക ദർശനത്തിൽ മനുഷ്യനേയും ഭൂമിയേയും എല്ലാ മാനുഷേതര സത്തകളേയും ഉൾക്കൊള്ളുന്ന സമഗ്രതയായി മാറുന്നു. മനുഷ്യന്റെ വളർച്ചയെയും മാനസിക പ്രക്രിയകളുടെ വികാസത്തെയും നിയന്ത്രിക്കുന്ന ആന്തരിക ശക്തി രൂപപ്പെടുന്നത് മനുഷ്യന്റെ അബോധവും പ്രകൃതിയുമായുള്ള ഒരു ബന്ധത്തിൽ നിന്നാണ്. അങ്ങനെ മനസ്സും ഭാഷയും ഭാവനയും പ്രകൃതിയും തമ്മിൽ ഇഴപിരിയാത്ത ബന്ധമുണ്ടാകുന്നു. പ്രകൃതി ബിംബങ്ങളെയും സിംബലുകളെയും അനുഭവത്തെയും അർത്ഥത്തെയും ബന്ധിപ്പിക്കുന്ന ഘടനകളാണ് മിത്തുകളും ആദിപ്രരൂപങ്ങളും. സാമൂഹ്യ അബോധത്തിന്റെ ഭാഗമായ മനുഷ്യ അബോധം അങ്ങനെ പ്രകൃതി തന്നെയാണ്. പ്രകൃതിയും മനുഷ്യനും വേറിട്ട



സത്തകളല്ല. നമ്മുടെ ഭാഷ പ്രകൃതിയെ വർണ്ണിക്കുന്നില്ല, മറിച്ച് അതിൽ ഇടപെടുകയാണ് ചെയ്യുന്നത്. സ്വച്ഛതയും സ്വസ്ഥതയും ആർജ്ജവവുമുള്ള സംസ്കാര ഘടനയ്ക്കു പകരം മനോവാക് കർമ്മ മണ്ഡലങ്ങളിൽ വ്യാപിക്കുന്ന



വിഷപ്പുകയാൽ വീർപ്പുമുട്ടിപ്പതുക്കെപ്പതുക്കെ ഇല്ലാതാകുന്ന വ്യക്തി -സമൂഹ ചേതസ്സിനെ ഏറ്റവും സൂക്ഷമ മായി ധ്വനിപ്പിക്കുന്ന ബിംബ കല്പനകൾ ഉൾക്കൊള്ളുന്ന രചനകളാണ് 'കുറ്റിപ്പുറം പാലം' , "കാടെവിടെ മക്കളേ"..എന്നതും.

ശക്തിയുടെ കവിത എന്നോ, പുതുമാനവികതയുടെ കവിത എന്നോ വിശേഷിപ്പിക്കാറുള്ള ഊർജ്ജിതാശയങ്ങളായ കവിതകളാണ് ഇടശ്ശേരിയുടേത്. കാല്പനികാതിപ്രസരത്തിന് അടിപ്പെടാതെ യാഥാർത്ഥ്യാവിഷ്ക്കരണത്തി ന്റെയും സാംസ്കാരികമായ പുതുപാഠ നിർമ്മിതിയുടെയും തലത്തിലേക്ക് കവിതയെ ഭാവുകത്വപരമായി വഴിതെളിയിച്ച കവിയാണ് ഇടശ്ശേരി 'കുറ്റിപ്പുറം പാലം' വികസനത്തിനും പുരോഗതിക്കും ഒപ്പം മെരുക്കപ്പെടുന്ന പ്രകൃതിയെക്കുറിച്ചുള്ള ആശങ്കൾ പങ്കുവെക്കുന്നു. യന്ത്രസഹായത്തോടെ ഉയരുന്ന ഭൗതിക നേട്ടങ്ങളെ സ്വീകരിക്കാൻ മടിക്കാത്തപ്പോഴും അതു സൃഷ്ടിക്കുന്ന ഗതകാലാനുഭൂതിയുടെ കൂടി വ്യാകുലമാകുന്ന

കവി മനസ്സ് കാണാം. മർത്ത്യവിജയത്തിനുമേൽ കാലൂന്നി നില്ക്കുമ്പോൾ ശുഷ്കിച്ച പേരാർ (ഭാരതപ്പുഴ) സൃഷ്ടിക്കുന്ന അസ്വസ്ഥത 'കുറ്റിപ്പുറം പാലം' എന്നകവിതയ്ക്കു വിഷയമാക്കുന്നു .

ഇടശ്ശേരിയുടെ കവിതകളിൽ ഒരു നിമഗ്ന ജനതയെയും (Submerged) അവരുടെ ആവലാതികളെയും എപ്പോഴും കാണാം. ഒരു ജീവിത രീതിയായും സംസ്കാരമായും ആ സമൂഹം ഇടശ്ശേരിക്കവിതകളിൽ നിഴലിക്കുന്നു. ഈ ജീവിത രീതിയും സംസ്കാരവും തികച്ചും കാർഷികമാണ്. ഗ്രാമീണ സംസ്കാരത്തെ സ്നേഹിക്കുകയും കാർഷിക സമൂഹത്തിന്റെ ആസ്വാദ്യതയെ കാംക്ഷിക്കുകയും ചെയ്ത കവിയാണ് ഇടശ്ശേരി.

ആദിപ്രരൂപങ്ങളായി പ്രത്യക്ഷപ്പെടുന്ന മാതൃസത്തയും പിതൃസത്തയും മഹദ് സ്മൃതികളും എല്ലാം തന്നെ ഉള്ളിലേക്കൊതുങ്ങിയ മാതൃ-പിതൃ സത്തകൾ തന്നെയാണെന്ന് (Introjected Parents)) ഫ്രോയ്ഡ് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ ഉൾവലിഞ്ഞ പിതാക്കളുടെ സ്വരം പ്രവചനാത്മകമായും ദൈന്യരോദനമായും മുഴങ്ങിക്കേൾക്കാം. അതാണ് 'കുറ്റിപ്പുറം പാലം' എന്ന കവിതയിൽ നാം കാണുന്നത്.

ഉദാ: " അനുദിനം മങ്ങുമാഗ്രാമചിത്രം
മനസ്സാ ഞാനൊന്നു മുകർന്നു നിന്നു ....
പിറവിതൊട്ടെൻ കൂട്ടുകാരിയാമ-
മ്മധുരിമ തൂകിടും ഗ്രാമ ലക്ഷ്മി
അകലേക്കകലേക്കകലുകയാം
അവസാന യാത്ര പറയുകയാം"

സൃഷ്ടി സ്വരൂപിണിയും സംഹാര രൂപിണിയുമായുള്ള മഹാമാതാവിന്റെ രൂപം പ്രകൃതിയിൽ ത്തന്നെ ആരോപിക്കുകയാണ് ഇടശ്ശേരി. കരാളയും വത്സലയും ആയ അമ്മ ദൈവം കാർഷിക സമൂഹത്തിന്റെ പ്രകടിതരൂപമാണ്. അഥവാ കാർഷിക സംസ്കാരത്തിന്റെ ചിഹ്നങ്ങളാണ്

"ഇടശ്ശേരിയുടെ കുറ്റിപ്പുറം പാലം' അതിനു മുമ്പും പിമ്പും എന്നിങ്ങനെ കേരളീയ ജീവിതത്തിന്റെ (ഗ്രാമീണം, നാഗരികം) രണ്ടുതരം ജീവിതത്തെക്കുറിക്കുന്നു. അഥവാ രണ്ടുതരം ജീവിത സംസ്കാരത്തെ അടയാളപ്പെടുത്തുന്നു.

**"കാടെവിടെ മക്കളേ............ അയ്യപ്പപ്പണിക്കർ**

പ്രപഞ്ചത്തെയും പ്രകൃതിയെയും ബഹുമാനത്തോടെ കണ്ടിരുന്ന പ്രാകൃത മനുഷ്യനിൽ നിന്ന് സംസ്കൃതനായ ആധുനിക മനുഷ്യനിലെ ത്തിയതോടെ പ്രകൃതി ചൂഷണത്തിനുള്ള ഒരു വിഭവം മാത്രം



ആയി ചുരുങ്ങിപ്പോയി. അതുമൂലം പ്രകൃതിയുടെ സന്തുലിതാ വസ്ഥ തന്നെ തെറ്റിപ്പോയി. അങ്ങനെയുള്ള പ്രകൃതി ക്ഷോഭിക്കാൻ തുടങ്ങിയപ്പോഴാണ് സർവ്വം സഹയെന്ന പോലെ തന്നെ പ്രകൃതി കോപാകുലയും ആയി മാറും എന്നുള്ള ഒരു പ്രകൃതി ഭാവം മനുഷ്യനു ബോധ്യപ്പെട്ടത്. എന്നാൽ പിതൃ ബിംബങ്ങൾ പ്രത്യക്ഷപ്പെടുന്നത് പലപ്പോഴും ചരിത്ര സന്ധികളിലോ മനുഷ്യസമൂഹം ഗുരുതരമായ തെറ്റിലേക്കു നിങ്ങുന്നു എന്നു തോന്നു മ്പോഴോ ആണ്. സമൂഹാബോധത്തിലെ ഒരു ആദി രൂപം വ്യക്തി ബോധത്തിലൂടെ ഉയർന്നു വരിയും വ്യക്തിയെ അധീശ ശക്തിക്കു വിധേയമാക്കുകയും ചെയ്യുമ്പോൾ വ്യക്തിയിൽ ഉറങ്ങിക്കിടക്കുന്ന സർഗ്ഗ ശക്തിയോ സംരക്ഷക ശക്തിയോ യോഗ നിദ്ര വെടിഞ്ഞുണരുകയും



സർഗ്ഗ പ്രക്രിയയിലോ സംരക്ഷണ പ്രക്രിയയിലോ സംഹാര പ്രക്രിയയിലോ അയാൾ വ്യാപരിക്കുകയും ചെയ്യുന്നു. അപ്പോൾ ഒരു കലാകാരൻ - രക്ഷകഭാവം ( പിതൃഭാവം) ഏറ്റെടുക്കുന്നു. അങ്ങനെ അയാളിലൂടെ രൂപപ്പെടുന്ന കലാരൂപങ്ങൾ സഹൃദന്റെ വൈകാരിക പ്രതികരണങ്ങളെ സംതൃപ്തവും സഫലവും ആക്കി മാറ്റുന്നു. അങ്ങനെ കലാകരൻ വെറും വ്യക്തിസത്തയിൽ നിന്നും വർഗ്ഗ ബോധത്തിന്റെ ഉണ്മയിലേക്കും അതുവഴി വർഗ്ഗത്തിന്റെ ഏകീകൃത ശബ്ദത്തിലേക്കും അനുയാത്ര ചെയ്യുന്നു.

" ദേശഭക്തി/ പ്രപഞ്ച ശക്തിയെന്ന സത്തയെക്കുറിച്ചുള്ള സങ്കൽപ്പം ചില ജനവിഭാഗങ്ങൾക്ക് മഹാമാതാവെന്ന ആദിപ്രരൂപത്തിന്റെ ഭാവസത്തയാകുമ്പോൾ മറ്റു ചില ജനവിഭാഗങ്ങൾക്ക് മഹാപിതാവ് എന്ന പ്രതിരൂപത്തിന്റെ ഭാവസത്തയാണ്. ആ വർഗ്ഗാനുഭൂതിയുടെ ഉന്മീലനം തന്നെയാണ് മാതൃഭൂമി, പിതൃഭൂമി ( Mother land,Father land ) എന്ന സങ്കൽപ്പങ്ങൾ ഉന്മീലിതമാകുമ്പോൾ കവി വചസ്സിൽ ആയിരങ്ങളുടെ ശബ്ദം മുഴങ്ങുന്നു.

മലയാള കവിതയിലെ ആധുനികതയുടെ ഊർജ്ജ കേന്ദ്രങ്ങളിലൊന്നായിരുന്ന അയ്യപ്പപ്പണിക്കർ, ഭാവുകത്വ പരിണാമത്തിലൂടെ കവിതയുടെ ജൈവ രൂപത്തിന്റെ അടിസ്ഥാനമായ പദഘടനയും ലോക വീക്ഷണവും ജിവിത തത്ത്വചിന്തയും മാറ്റി പ്രതിഷ്ഠിച്ചു.

മഹാപിതൃബിംബത്തിന്റെ ( കവി മനസ്സ്), നഷ്ടപ്പെടുന്ന- വികലമാക്കപ്പെടുന്ന മാതൃബിംബത്തിനു നേരേ ശിശുബിംബങ്ങളോടുള്ള രോദനാത്മ കമായ സർഗ്ഗശക്തിയുടെ ആവിഷ്കാരമാണ് കാടെവിടെ മക്കളേ...' എന്ന കവിത. നിത്യ ശിശുബിംബങ്ങളോടുള്ള ചോദ്യങ്ങൾ - അന്വേഷണങ്ങൾ - ഭൂതകാല സ്മൃതിയിലേക്കുള്ള തിരിഞ്ഞു നടക്കൽ എന്നിവ ഓരോ വരിയിലും കാണാം.

കവി തന്റെ മാതൃബിംബത്തെ, ഭൂമിയെ - പ്രകൃതിയെ - കാണുവാൻ ആഗ്രഹിക്കുന്ന വിധത്തിൽ തനിക്ക് ഇന്ന് ലഭ്യമാകാതെയിരിക്കുമ്പോഴുള്ള നഷ്ട സ്മൃതികളിലൂന്നിയ വിരഹതാപം ആണ് ഓരോ വരിയിലൂടെയും ഉള്ള അന്വേഷണമായി മാറുന്നത്. ഇവിടെ ആദിമഹാ മാതൃ പ്രരൂപമായ പ്രകൃതിയെ മനുഷ്യന്റെ അന്തരാത്മാ വിൽ കൂടി കൊള്ളുന്ന ശക്തി ചേതനയായി - സമൂഹ മനസ്സിൽ കുടി കൊള്ളുന്ന സ്ത്രൈണ ചേതനയായി - കവിയിലെ പിതൃബിംബം തന്നെ കണ്ടെത്തുന്നു. ഇവിടെ പിതൃബിംബത്തെ പ്രകൃതിയുടെ - പരിസ്ഥിതിയുടെ മേലുള്ള ചൂഷണത്തിനെതിരായ ഉത്കട വികാരങ്ങൾ ആവിഷ്കരിക്കുന്ന വസ്തു മാധ്യമമായി കവി സ്വീകരിക്കുന്നു.

" എല്ലാവർക്കുമിടമുള്ള
വിരിവാർന്ന ഭൂമിയിൽ പുല്ലിനും
പുഴുവിനും പഴുതുള്ള ഭൂമിയിൽ "

- എന്ന അയ്യപ്പപ്പണിക്കരുടെ വരികൾ ഭൂമിയുടെ അവകാശികളായി സമഗ്ര ജീവിലോകത്തെ പ്രതിഷ്ഠിക്കുന്നു. ഈ ദർശനം തന്നെയാണ് കാടെവിടെ മക്കളേ എന്ന കവിതയിൽ മുഴങ്ങിക്കേൾക്കുന്നത്.

കാടെവിടെ മക്കളേ?
മേടെവിടെ മക്കളേ?
കാട്ടുപുൽത്തകിടിയുടെ വേരെവിടെ മക്കളെ......
കാട്ടു പൂഞ്ചോലയുടെ കുളിരെവിടെ മക്കളേ
പായൽച്ചുരുൾ ചുറ്റി ദാഹനീർ തേടാത്ത
കായലും തോടുകളുമെവിടെന്റെ മക്കളേ?
("അയ്യപ്പപ്പണിക്കരുടെ കൃതികൾ - ")

പാരിസ്ഥിതിക മനഃശാസ്ത്രത്തിന്റെ പരികല്പനകൾ ഉൾക്കൊള്ളുന്ന ബിംബങ്ങൾ നിറഞ്ഞ ഈ രണ്ടു കവിതകളും പ്രകൃതിയുടെ മേൽ ഉള്ള കടന്നുകയറ്റത്തിനും ചൂഷണത്തിനും എതിരെ നിലകൊള്ളുന്നു. മഹാമാതൃസങ്കല്പവും പിതൃ സങ്കല്പവും പ്രവാചക തുല്യമായ ദീർഘ ദർശനത്തോടെ ഇടശ്ശേരിയും അയ്യപ്പപ്പണിക്കരും കുറ്റിപ്പുറം പാലം, കാടെവിടെ മക്കളേ എന്നീ കാവ്യങ്ങളിലൂടെ യഥാക്രമം കൈമാറുന്നു. മഹാമാതൃപ്രരൂപത്തിന്റെ സുശക്ത സാന്നിധ്യമാണ് ഇടശ്ശേരിയുടെ കലാസൃഷ്ടിയുടെ അന്തർഭാവം. അതു പോലെ മഹാപിതൃപ്രഭാവമാണ് പ്രകൃതിയുടെ വേരുകൾ തേടുന്ന അന്വേഷണാത്മകമായ രചനയായ "കാടെവിടെ മക്കളേ' എന്ന കാവ്യത്തിൽ തുടിക്കുന്നത്. ഈ രണ്ടു രചനകളിലൂടെയും കവികളുടെ - കവിമനസ്സിന്റെ - ആത്മാവിന്റെ ദിവ്യസൗന്ദര്യം -ആവിഷ്കരിച്ചിരുന്നു.

## ഓണാഘോഷം















**ഗായത്രികൃഷ്ണൻ.ആർ.എസ്**
**രണ്ടാംവർഷ ആംഗലേയ സാഹിത്യ ബിരുദം**

# മഴമർമ്മരം

ഇരുട്ട് തളം കെട്ടി നിന്ന മുറിയിൽ റേഡിയോ മാത്രം ചലിച്ചുകൊണ്ടിരുന്നു . മുറ്റത്തേക്കിറങ്ങി മാനം നോക്കിയപ്പോൾ ഒരു നനുത്ത കാറ്റ് വീശി .മഴയുടെ ശീവേലി തുടങ്ങുകയായി.മഴയത്തു ചിലിച്ചു പറക്കുന്ന കിളിയാകാൻ തോന്നി.നേരെ നോക്കിയാൽ കാണാം പാടവരമ്പ്.മഴപ്പെണ്ണ് നൃത്തം പഠിപ്പിക്കുന്ന പാടങ്ങൾ.അവ താളമില്ലാതെ ചുവടുകളറിയാതെ തുള്ളുകയാണ്.അവിടെ പോയി നിന്ന് മഴ മുഴുവൻ നനയാൻ, ഉറക്കെ കൂകി വിളിക്കാൻ........ ദേ പോയി മനസ്സങ്ങോട്ട് !! പക്ഷേ എന്തു ചെയ്യാം...... ? എന്റെ വികൃതിയായ മനസ്സിനോടൊപ്പം അങ്ങോട്ടോടിയാൽ, കാലിൽ ചൂരൽപ്പാടുകളുടെ എണ്ണം കൂടും.

ജനലിനപ്പുറം പെയ്യുന്ന മഴയെ നിശ്വാസത്തോടെ നോക്കി, മനസ്സിനെ അടക്കിയിരുത്തുമ്പോൾ മഴപ്പെണ്ണ് അവളുടെ വശ്യസൗന്ദര്യം കാണിച്ച് പിന്നെയും വിളിക്കും......

അവൾ ശരിക്കും ആരാണ് ?!!ഇത്രയും പ്രണയം അവളോട് തോന്നാൻ കാരണമെന്താണ്?!! ഞാനെന്നോടുതന്നെ ഒരായിരം വട്ടം ആവർത്തിച്ച ചോദ്യമാണിത്..!!

അവൾ......അവൾ ആത്മാവിന് സംഗീതമാണ്. ...മനസ്സിന് ആനന്ദമാണ്.....ജീവന് കുളിരാണ്.... പെയ്തുതോരുമ്പോൾ വേദനയാണിവൾ...... വേർതിരിച്ചറിയാനാകാത്ത എന്തൊക്കെയോ ബന്ധം അവളോടുണ്ട്.....!!!

മാനം കറുക്കുമ്പോൾ, തോട്ടുവക്കിൽ ചൂണ്ടയിടാനിറങ്ങുന്ന കൊച്ചുസംഘത്തിലെ പാവാടക്കാരിയുടെ കണ്ണിലെ കൗതുകമാണവൾ...പള്ളിക്കൂടവഴിയിൽ, അനുവാദമില്ലാതെ കുടക്കീഴിൽ കയറി എന്നെയും പുസ്തകങ്ങളെയും നനയ്ക്കുന്ന കുസൃതിയാണവൾ.............

അവളുടെ ഓർമ്മകൾക്ക്, വൈകുന്നേരങ്ങളിൽ കൂട്ടരോടൊത്ത് കിന്നാരം പറഞ്ഞ്, ആകെ നനഞ്ഞൊട്ടി വീട്ടുപടിക്കലെത്തുമ്പോൾ അമ്മ കാത്തുവയ്ക്കുന്ന പുഴുക്കിന്റെയും മുളകു ചതച്ചതിന്റെയും ഗന്ധമാണ്......

അവൾ വന്നാൽ പിന്നെ ഓർമ്മകളുടെ വെള്ളപ്പൊക്കമാണ്.അതിൽ ചിലപ്പോൾ നഷ്ടപ്പെട്ടുവെന്ന് കരുതിയതൊക്കെ തിരികെ ലഭിക്കുന്നതായി തോന്നും. എങ്കിലും ഇന്നിപ്പോൾ അമ്മയുടെ റേഡിയോമുറിയിൽ നിന്നും പാടവരമ്പത്തേക്കും, അവിടെ നിന്ന് തിരികെ വീട്ടിലേക്കും, താൻ നടന്നത്, ........ ഫ്ളാറ്റിലെ ഈ വലിയ മുറിയിൽ ഒറ്റയ്ക്കിരുന്നു കൊണ്ടാണെന്ന തിരിച്ചറിവ് മനസ്സിൽ വേദനയായി പടരുന്നുണ്ട്.

ഓർമ്മകളുടെ വേഷമണിഞ്ഞ് മാത്രം, ഇന്നിപ്പോൾ തന്നിലേക്ക് വരാറുള്ള ആ ദിനങ്ങളും മഴയും ജീവിതത്തിന്റെ ഒരിക്കലും മങ്ങാത്ത ചിത്രങ്ങളാണ്.ഏകാന്തതയോട് പൊരുതാൻ എന്റെ തൂലികയിൽ വന്നു നിറയുന്ന മഷിത്തുള്ളികളാണവ..................



# ഞാനും ഇരയ്ക്കൊപ്പം

പെണ്ണ്.......
വാർപ്പുമാതൃകകളിൽ
രൂപാന്തരം പ്രാപിച്ച്
ചൊൽപ്പടിക്ക് ആടിത്തീർക്കേണ്ടി വന്നവൾ
പിറവിയിലേ ശാസ്ത്രത്തിന്
പിടിക്കപ്പെട്ടാൽ
കുടുംബത്തിന് വേണ്ടി ആത്മഹൂതി ചെയ്യേണ്ടവൾ
തിരിച്ചറിയപ്പെടാഞ്ഞാൽ
ശ്വാസനാളത്തിൽ നെൽമണികൾ സന്തോഷപൂർവ്വം
ഏറ്റുവാങ്ങി
കുടുംബത്തിനഭിമാനമാകേണ്ടവൾ
ഉറക്കെപ്പൊട്ടിച്ചിരിച്ചാൽ
ശബ്ദമുയർത്തിയാൽ
വഴിപിഴച്ചവളാകേണ്ടവൾ
രാത്രി നിഷേധിക്കപ്പെട്ടവൾ
സുരക്ഷിതത്വത്തിന്റെ പേരിൽ
അസ്വാതന്ത്ര്യത്തിന്റെ കുച്ചുവിലങ്ങിനാൽ
ബന്ധിക്കപ്പെട്ട് അഴികളില്ലാത്ത ആകാശം
അന്യമാക്കപ്പെട്ടവൾ
തനിച്ചാവുന്നിടത്തൊക്കെയും
പകൽ മാന്യന്മാർ നിന്റെ ഉടലളവുകൾ
കൃത്യമായി അളന്നെടുക്കുമ്പോൾ
കഴുകന്മാർ ആർത്തിയോടെ വട്ടമിട്ടു പറക്കുമ്പോൾ
പിന്നീടൊരുനാൾ വഴിയരികിൽ
മുറിവേറ്റ് ചത്ത് മലച്ച് കിടക്കുമ്പോൾ
ആരാന്റെ സഹോദരിയായി മാറേണ്ടിവന്നവൾ
ചാനൽ ചർച്ചകളിൽ ഇരയായി മുദ്രകുത്തപ്പെട്ടവൾ
അപ്പോൾ മാത്രം നിനക്കായ് വിലാപകാവ്യങ്ങൾ
എഴുതപ്പെടും
മുഖപുസ്തകങ്ങളിൽ ഹാഷ്ടാഗ് നിനക്ക് തുണയാകും
നിനക്കുവേണ്ടി നീ കാണാത്ത ആങ്ങളമാരൊക്കെയും
ഏറ്റുപാടും ഞാനും ഇരയ്ക്കൊപ്പം അവൾ എന്റെ സഹോദരി



ഗ്രീഷ്മ ആനന്ദ്
രണ്ടാംവർഷ ജന്തുശാസ്ത്ര ബിരുദം



# വികസനമെന്ന അശ്ലീലം



പ്രൊഫ. ബിജി ഏബ്രഹാം
സാമ്പത്തികശാസ്ത്ര വിഭാഗം

സാങ്കേതികവിദ്യ താഴ്ന്ന നിലവാരത്തിൽ മാത്രം ആയിരുന്ന ആദിമകാലത്ത് പരിസ്ഥിതി നാശം വളരെ ചെറുതായിരുന്നു. മാനുഷികമായ ഇടപെടൽ കൊണ്ട് ഭൗമാന്തരീക്ഷത്തിനുണ്ടാകുന്ന കാതലായ മാറ്റം നമ്മുടെ ആവാസവ്യവസ്ഥയേയും ജീവജാലങ്ങളെയും , മാനവരാശിയെയും ദോഷമായി ബാധിക്കുന്ന ഈ ഘട്ടത്തിലാണ് പരിസ്ഥിതി ചിന്ത പ്രബലമാവുന്നത്. പരമ്പരാഗത  കൃഷിരീതിയിൽ നിന്നും ജനിതകമാറ്റം വരുത്തിയ കൃഷിരീതിയിലേക്കും, തൂമ്പയിൽ നിന്ന് ബുൾഡോസറിലേക്കും , വെടിമരുന്നിൽ നിന്ന് ആറ്റം ബോംബിലേക്കുമുള്ള മനുഷ്യന്റെ ഇടപെടൽ ശേഷിയും പ്രഹരശേഷിയും വളർന്നിരിക്കുന്ന കാലഘട്ടത്തിൽ നമ്മുടെ പരിസരങ്ങളിലുണ്ടാകുന്ന മാറ്റം നമ്മുടെ ബോധത്തെയും, ചിന്തയെയും ഉണർത്തേണ്ടതുണ്ട്. സർഗ്ഗാത്മകമായ മാനുഷിക ഇടപെടലാണ് സുസ്ഥിര വികസനത്തിന്റെ അടിസ്ഥാനം. എന്നാൽ മുതലാളിത്ത സമൂഹത്തിൽ തൊഴിലാളികളുടെ അദ്ധ്വാനശക്തിയെയും ചൂഷണം ചെയ്താണ് തൊഴിലുടമ ലാഭമുറപ്പിക്കുന്നത് എന്ന് മാർക്സ് ചൂണ്ടികാണിക്കുന്നു. പക്ഷെ ഇന്ന് നൂതനമായ യന്ത്രസാമഗ്രികളുടെയും, സാങ്കേതിക വിദ്യയുടെയും  സഹായത്താൽ ലക്കുകെട്ട പാരിസ്ഥിതിക ചൂഷണം നടത്തി ലാഭത്തെ പലമടങ്ങ് വർദ്ധിപ്പിക്കാനാണ് ശ്രമം നടക്കുന്നത്. ഇവിടെ തകർക്കപ്പെടുന്നത് സുദീർഘമായ വർഷങ്ങളായി പ്രകൃതി  പരിലാളിച്ചും, പരിപോഷിപ്പിച്ചു പോന്ന തലമുറകൾക്കായി കരുതി വെച്ചിരുന്ന വിഭവങ്ങളാണ്. ഭൂമദ്ധ്യരേഖയിൽ നിന്ന് 8 ഡിഗ്രി മുതൽ 14 ഡിഗ്രി വരെ മാറി സ്ഥിതി ചെയ്യുന്ന, ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ സോമാലിയയുടെ  ചിത്രം ഇന്ന് നമ്മുടെ മനസ്സിൽ വരച്ചിടുന്നത് പട്ടിണിയുടെയും, പരിവട്ടത്തിന്റെയും ദാരിദ്ര്യത്തിന്റെയും, പലായനത്തിന്റെയും ഭീകര ദൃശ്യങ്ങളാണ്. എന്നാൽ സോമാലിയ നാം ഇന്നു കാണുന്ന വരണ്ടുണങ്ങിയ  ദരിദ്രമായ ഒരിടമായിരുന്നില്ല. മലകളും താഴ്വാരങ്ങളും നദികളും പുൽമേടുകളും പക്ഷിമൃഗാദികളും സസ്യസമൃദ്ധിയും കൃഷിയും ജനവാസവുമുള്ള സമൃദ്ധമായ ആവാസവ്യവസ്ഥയായിരുന്നു. എന്നാൽ ലാഭം മാത്രം ലക്ഷ്യംവെയ്ക്കുന്ന ലക്കു കെട്ട വികസനത്തിന്റെ ഇരയാണ് യഥാർത്ഥത്തിൽ സോമാലിയ. വനമായ വനമെല്ലാം വെട്ടിതെളിച്ച്, മലനിരകൾ ഖനനത്തിനായി വിട്ടുനൽകിയും ചതുപ്പുകളെല്ലാം നികത്തി അംബര ചുംബികളായ കെട്ടിടങ്ങളും, പഞ്ചനക്ഷത്ര ഹോട്ടലുകളും, റോഡും, തടിയും,ധാതുവ്യവസായങ്ങളും അങ്ങനെ പലതും ആ നാട്ടിൽ വന്നു. പക്ഷേ നഷ്ടപ്പെട്ടത് സോമാലിയുടെ ആത്മാവും ഓജസ്സുമായ പ്രകൃതിയും അതിന്റെ നന്മകളുമായിരുന്നു.സോമാലിയയിൽ നിന്ന് ഒരു നേർരേഖ വരച്ചാൽ 8 ഡിഗ്രി മുതൽ 12 ഡിഗ്രിയിൽ ഭൂമദ്ധ്യരേഖയിൽ നിന്ന് മാറി സ്ഥിതി ചെയ്യുന്ന കേരളത്തിൽ എത്തി ചേരാം. മഴയും, വെയിലും, ചൂടും, തണുപ്പു ആവശ്യമായ തോതിൽ ലഭിക്കുന്ന സമശീതോഷ്ണ മേഖലയായതിനാലാണ് കേരളത്തെ 'ദൈവത്തിന്റെ സ്വന്തം നാടായി' വിശേഷിപ്പിക്കുന്നത്. ലോകത്തിൽ തന്നെ ഏറ്റവും അധികം ആളുകൾ തിങ്ങി പാർക്കുന്ന ഒരിടമായി കേരളം മാറിയത് ഈ കാലാവസ്ഥയാലും, ആവാസവ്യവസ്ഥയാലുമാണ്.ദൗർഭാഗ്യവശാൽ നമ്മുടെ ഭരണകൂടവും ജനതയും പേറുന്ന വികസന സങ്കൽപ്പങ്ങൾ യഥാർത്ഥത്തിൽ     കേരളത്തെ കൊണ്ടെത്തിക്കുക സോമാലിയയിലെക്കാണെന്നതിൽ സംശയമില്ല.

മുതലാളിത്ത വികസന പാതയുടെ ഏറ്റവും പ്രധാന പ്രത്യേകത അളവുകളില്ലാത്ത വികസന സാദ്ധ്യതകളുടെ അപാരതയാണ്. ഒരാൾക്ക് സമ്പാദിക്കാനും ചെലവഴിക്കാനും കഴിയുന്ന സമ്പത്തിന് പരിമിതികളില്ല. ഒരോ വ്യക്തിക്കും ഒരോ കാറുണ്ടായാലും ഒരോ വിമാനം സ്വന്തമാക്കാൻ കഴിഞ്ഞാലും അതെല്ലാം വികസന നേട്ടങ്ങളായാണ് കണക്കാക്കപ്പെടുക. എന്നാൽ ആഗോളതാപനത്തിന്റെ ദുരന്ത സൂചനകൾക്ക് മുന്നിൽ വച്ച് നാം തിരിച്ചറിയേണ്ട ഒരുസത്യമുണ്ട്. നമ്മുടെ സുഖജീവിതത്തിന് വില കൊടുക്കേണ്ടിവരുന്നത് ഇന്നത്തെ സമൂഹം മാത്രമല്ല നമ്മുടെ ഭാവി തലമുറകൂടിയാണ്.

അതായത് നമ്മുടെ കുഞ്ഞുങ്ങളാണ്.

ഇന്നത്തെ അവസ്ഥക്ക് പ്രധാന ഉത്തരവാദികൾ ലോകത്തെ വികസിത വ്യവസായിക രാഷ്ട്രങ്ങളും അവരെ മാതൃകയാക്കി മുമ്പോട്ട് പോകുന്ന വികസ്വര രാജ്യങ്ങളിലെ വിവര ദോഷികളായ ഭരണകൂടങ്ങളുമാണ്.

തൊണ്ണൂറുകളുടെ മദ്ധ്യത്തിൽ കോഴിക്കോടിനടുത്ത് മാവൂരിൽ സ്ഥിതി ചെയ്തിരുന്ന ഗ്വാളിയർ റയോൺസ് ഫാക്ടറിയുടെ മലിനീകരണത്താൽ സമരത്തിലേക്ക് എടുത്തെറിയപ്പെട്ട അനുഭവം ഇവിടെ പങ്കുവെയ്ക്കട്ടെ.

1967–ൽ ഇ.എം.എസിന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ മന്ത്രിസഭ വ്യവസായവും തൊഴിലും സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ബിർളയുടെ സഹായത്തോടുകൂടി സ്ഥാപിതമാക്കിയ മാവൂർ ഗ്വാളിയർ റയോൺസ് ചുരുങ്ങിയ കാലം കൊണ്ട് പ്രദേശവാസികളുടെ ദു:സ്വപനമായി മാറി. ഇടതടവില്ലാതെ പുറന്തള്ളുന്ന ദുർഗന്ധം വമിക്കുന്ന വിഷവായുവും, മലിന ജലവും ചാലിയാറിനെയും എളമരം, വാഴക്കാട്, മാവൂർ ഗ്രാമപഞ്ചായത്തിലെ ലക്ഷക്കണക്കിനു ജനങ്ങളുടെ ജീവിതത്തെയും ദുസ്സഹമാക്കി.

ഇന്ത്യയിൽ തന്നെ ഏറ്റവുമധികം കാൻസർ രോഗികളുടെ ഇടമായി മാവൂരും സമീപ പ്രദേശങ്ങളും മാറി. അവിടങ്ങളിലെ പെൺകുട്ടികളെ മറ്റിടങ്ങളിൽ ഉള്ളവർ വിവാഹം ചെയ്യാതെയായി. പുരുഷൻമാരെയും മറ്റിടങ്ങളിലെ സ്ത്രീകൾക്കു വേണ്ട കാൻസർ തുടങ്ങി മറ്റ് പല വിധ ജനിതക രോഗം വരെ വരാൻ സാദ്ധ്യതയുണ്ട് എന്ന ശങ്ക കാരണം മാവൂർ, വാഴക്കാട് നിവാസികളെ എന്തിന് വിവാഹം ചെയ്യണമെന്ന് ആളുകൾ ചിന്തിക്കുന്നു. അവിടങ്ങളിലെ ഭൂമി ക്രയവിക്രയം ചെയ്യാൻ സാധിക്കുന്നില്ല, ആർക്കും വേണ്ട. അഥവാ കച്ചവടം നടന്നാൽ തന്നെ വില നന്നേകുറവ്. മത്സ്യസമ്പത്ത് കുറഞ്ഞു. കക്ക വാരൽ, മണൽ വാരൽ തൊഴിലാളികൾ രോഗ ഭയം കാരണം നദിയിൽ ഇറങ്ങാതെയായി. മാവൂർ ഫാക്ടറിക്കുവേണ്ട അസംസ്കൃത വസ്തുവാണ് മുള. മലപ്പുറം ജില്ലയുടെ കിഴക്കൻ പ്രദേശത്തെ ആയിരകണക്കിന് ഏക്കർ വനം വെട്ടിത്തെളിച്ച് മുള നട്ടു വളർത്തി സൗജന്യമായി ഫാക്ടറിക്ക് നൽകുന്നു. അങ്ങനെ ഏതു വിധേന പരിശോധിച്ചാലും നഷ്ടത്തിന്റെ, ദുരിതത്തിന്റെ ബാക്കിപത്രമായ റയോൺസ് ഫാക്ടറി ശക്തമായ ജനകീയ പ്രക്ഷോഭത്താലും കോടതി ഇടപെടലിനാലും പൂട്ടേണ്ടതായിവന്നു. ഇതിനകം വെറും നാലഞ്ച്കോടി രൂപ മുടക്കി സ്ഥാപിതമായ മാവൂർ ഗ്വാളിയർ റയോൺസ് പൂട്ടി പോകുന്ന സമയമായപ്പോഴേക്കും 250 കോടിയിൽപരം രൂപ ലാഭമുണ്ടാക്കി കഴിഞ്ഞിരുന്നു ബിർള മുതലാളിക്ക് നേട്ടവും, സർക്കാരിനും, പ്രദേശവാസികൾക്കും, പ്രകൃതിക്കും നികത്താനാവത്ത കോട്ടവും! സമരം അരങ്ങേറിയ ഒരു പതിറ്റാണ്ട്കാലം മാവൂരിൽ പരിസരവാസികളും ഫാക്ടറിയുടെ ആളുകളും തമ്മിലുള്ള നിരന്തര സംഘർഷം യുദ്ധസമാന സാഹചര്യമാണ് സൃഷ്ടിച്ചത്.



ജനങ്ങളുടെ സ്വൈര ജീവിതത്തെ വെല്ലുവിളിച്ചുകൊണ്ടുള്ള' വികസന തീവ്രവാദം' നിരവധിയുണ്ടിവിടെ പുത്തൻ ജീവിത സംസ്കാരത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് കൂടുകളിൽ നിക്ഷേപിച്ച് വലിച്ചെറിയപ്പെടുന്ന മാലിന്യകൂമ്പാരങ്ങൾ സൃഷ്ടിക്കുന്ന വിളപ്പിൽ ശാലയും, ലാലൂരും ഞെളിയൻപ്പറമ്പും,ബ്രഹ്മപുരവും പോലുള്ള ഇടങ്ങൾ. പദ്ധതികളുടെ പേരിൽ കുടിയൊഴിയിക്കപ്പെടുന്നവർ. ശവം സംസ്ക്കരിക്കുന്നതിനു പോലും ഇടമില്ലാതെ തിണ്ണയോ അടുക്കളെയോ പൊളിച്ച് അടക്കാൻവിധിക്കപ്പെടുന്ന ദരിദ്രർ, ഒരിഞ്ച് ഭൂമിപോലുമില്ലാതെ അസ്തിത്വം നഷ്ടപ്പെട്ട് അലയാൻ വിധിക്കപ്പെടുന്ന ആദിവാസികൾ ദളിതർ, രാസകീടനാശിനിഹോർമോൺ പ്രയോഗത്തിന്റെ ഭാഗമായി കാളിന്ദിയായി മാറ്റപ്പെട്ട നദികൾ തോടുകൾ. അരിഞ്ഞു വീഴ്ത്തപ്പെടുന്ന 'തണ്ണീർക്കുട' ങ്ങളായ മല നിരകൾ, നികത്തപ്പെടുന്ന ചതുപ്പുകളും, പാടങ്ങളും കുടിയേറ്റകാരുടെ റിസോർട്ട് , ഖനന, രാഷ്ട്രീയ മാഫിയകളുടെ അനിയന്ത്രിതമായ വനം കൈയ്യേറ്റം. അങ്ങനെ എല്ലാ കൊള്ളരുതായ്മകൾക്കും ചൂട്ടു പിടിക്കുന്ന ബ്യൂറോക്രസിയും ഭരണകൂടവും. കോർപറേറ്റ് ഭീമൻമാരുടെ തീൻമേശയിൽ നിന്ന് വീഴുന്ന അപ്പകഷ്ണത്തിനു വേണ്ടി നാടിനെയും നാട്ടുകാരേയും ഒറ്റിക്കൊടുക്കുന്ന അഴിമതിക്കാരായ ഭരണകൂടങ്ങൾ.

ഈ പരിസരത്തിലാണ് വികസനം എന്ന വിഷയത്തെ വിമർശനാത്മകമായി സമീപിക്കേണ്ടതിന്റെ ആവശ്യകത ഏറ്റവും ദരിദ്രനായ നിരാംലംബനായ മനുഷ്യന്റെ ജീവിത പരിസരത്തിന് പോലും ഗുണപരമായ മാറ്റം കൊണ്ട് വരാൻ സാധിക്കുന്നില്ലെങ്കിൽ വികസനം അശ്ലീലമായി തുടരും.

# നഷ്ട പ്രണയം

പ്രണയമൊരു നോവാണ്
നോവിന്റെ കയ്പാണ്
ഉപ്പു രസമുള്ളൊരശ്രുവാണ്

സ്വന്തമെന്നോതി ഞാൻ മാറോടിണക്കിയ
ചെമ്പനീർ പൂവിപ്പോൾ മുള്ളുകളായ്
കേവലം മുള്ളുകളായിരുന്നില്ലവ
പ്രിയനെനീയെനിക്കേകിയ പാഴ്പ്രതീക്ഷ
ഓരോ നിമിഷവുമെന്നാർദ്ര ഹൃദയത്തെ
അവ കുത്തി വ്രണപ്പെടുത്തുന്നു
ഓരോ തവണയും മുറിവേറ്റു വിങ്ങുമ്പോൾ
ചുടു  നിണമൊഴുകുന്നു ധാരയായ്
ചുടു  രക്തത്തോടൊപ്പം വാർന്നൊലിയ്ക്കുന്നിതാ
ആത്മാവിൽ ഞാൻ തീർത്ത സ്വപ്ന സൗധം
കേവലം സ്വപ്നങ്ങളായിരുന്നില്ലവ
നിന്നിൽ ഞാനർപ്പിച്ച പ്രണയപുഷ്പം

(പ്രണയമൊരു നോവാണ്...)

മുഖധാവിലൂടെ ചാലിട്ടൊഴുകുന്ന
അശ്രുധാരയ്ക്കും കഥകളുണ്ട്
മറിമാൻ മിഴിയെന്നു മുമ്പു നീ വാഴ്ത്തിയ
നേത്രങ്ങളാണിന്നു നിറയ്ക്കുന്നത്
ആദ്യം കടാക്ഷിയ്ക്കാൻ മടിതോന്നി നിന്നൊരാ
കണ്ണുകളാണിന്നു പിടയുന്നത്
നിറയുമീ മിഴികളിലൂടാണു നിന്നെ ഞാൻ
കണ്ടതും സ്വപ്നങ്ങൾ നൂൽനൂറ്റതും

ഓർക്കുന്നുവോ പ്രിയാ... (പ്രിയനേ)
മൂർച്ചയേറുന്നൊരാ വാക്കുകളാൽ തീർത്ത
അമ്പുകൾ എൻ നേർക്ക് നീ എയ്തത്
തേങ്ങിക്കരഞ്ഞു പോയ് എൻ കണ്ണുകൾ അന്ന്
പിൻതിരിഞ്ഞൊന്നു നീ നോക്കിയില്ല.
എല്ലാം മറക്കുവാൻ ശീലിച്ചു നീയിപ്പോൾ
പിന്നെങ്ങനോർക്കുമീ മിഴിയിണകളേ
തടയുവാനാവില്ല ഈ കണ്ണു നീരിനെ
കനിവോടൊന്നൊപ്പുവാൻ കൈകളില്ല

വിരഹമൊരു തീയാണ്
മരവിച്ച മനസ്സാണ്
ഹൃദയം നുറുങ്ങുന്ന വ്യഥയാണ് ഹോ...

(പ്രണയമൊരു നോവാണ്...)

രാവുകളെത്ര പോയ്
പകലുകൾ പാഞ്ഞുപോയ്
കാലത്തിൻ ഇതളുകൾ കൊഴിഞ്ഞു പോയ്
ഋതുക്കൾ മറഞ്ഞു പോയ്
നോവുകൾ മാഞ്ഞു പോയ്
ഓരോ വസന്തവും മൊട്ടിട്ടു വീണുപോയ്
എങ്കിലും പ്രാണപ്രിയാ നിന്നെയോർക്കുമ്പോൾ
തിരമാലകളുള്ളിൽ കലുഷമാകും
കാലപ്പഴക്കത്താൽ മറയ്ക്കാൻ കഴിയാത്ത
മുറിവുകളാണെന്നിൽ നീ തീർത്തത്
അശേഷവും തീവ്രത മങ്ങിയില്ലിപ്പോഴും
നാഥാ എൻ ഹൃദയത്തിൽ വേദനയോടെ
കരഞ്ഞു തളർന്നു പോയ്
കണ്ണുനീർ വറ്റിപ്പോയ്
വന്നുപോയ് കണ്ണീരിൽ സാഗരങ്ങൾ
ഇടറുന്ന മനമാണ്
കത്തുന്ന ചിതയാണ്
ആത്മാവിലെരിയുന്ന നഷ്ടപ്രണയം

(പ്രണയമൊരു നോവാണ്...)



ആതിര ദാസ്
മൂന്നാംവർഷ  ഗണിതശാസ്ത്ര ബിരുദം



# ഇന്ത്യൻ ദേശീയതയുടെ പുതിയ പാഠങ്ങളും തിരിച്ചറിവുകളും



പ്രൊഫ. കോശി മത്തായി
ചരിത്രവിഭാഗം മേധാവി

ഒരു പ്രത്യേക ദേശത്ത് അധിവസിക്കുന്നതും ആ ദേശത്തിന്റെ പൊതു നന്മ തങ്ങളുടെ സാമൂഹ്യ ലക്ഷ്യമാക്കി മാറ്റുകയും ചെയ്യുന്നവരുടെ ഇടയിൽ രൂപപ്പെടുന്ന / സൃഷ്ടിക്കപ്പെടുന്ന ആശയമാണ് ദേശീയത.മധ്യകാലഘട്ടത്തിനുശേഷം രൂപപ്പെട്ട ശക്തമായ ദേശീയത നിരവധി ഭരണകൂടങ്ങളുടെ ആവിർഭാവത്തിനും തകർച്ചയ്ക്കും കാരണമായിട്ടുണ്ട്. വംശത്തിന്റെയും, മതത്തിന്റെയും, ഭരണത്തിന്റെയും ഭാഷപോലുള്ള സാംസ്കാരിക ഘടകങ്ങളുടെയും പേരിലൊക്കെ ഈ ദേശീയത ഉടലെടുത്തത് ചരിത്രത്താളുകളിൽ സുവ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. എന്നാൽ പ്രത്യയ ശാസ്ത്രങ്ങളുടെയോ,വംശീയതയുടെയോ എന്തിന്റെ പേരിലായാലും അടിച്ചേൽപിക്കപ്പെടുന്ന ദേശീയത വലിയ പൊട്ടിത്തെറികൾക്കു കാരണമായിട്ടുണ്ട്.

ഇന്ത്യയിൽ ശക്തമായ നിരവധി ഭരണകൂടങ്ങൾ രൂപപ്പെട്ടിട്ടുണ്ടെങ്കിലും 'ഇന്ത്യൻ ദേശീയത' ഒരു ചെറിയതലത്തിലെങ്കിലും വളർച്ച ആരംഭിക്കുന്നത് 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലാണ്. തമ്മിലടിച്ചുകൊണ്ടിരുന്ന ആയിരക്കണക്കിന് വലുതും ചെറുതുമായ നാട്ടുരാജ്യങ്ങൾ നിലനിന്നിരുന്ന ഒരു പ്രത്യേക ഭൂപ്രദേശം എന്നതിലുപരിയായി, ദേശീയതയുടെ പ്രധാന സവിശേഷതകളായ രാഷ്ട്രീയ ഐക്യം, പൊതു ഭരണം, പൊതു നിയമവ്യവസ്ഥ,സാംസ്കാരിക ഐക്യം എന്നിങ്ങനെയൊന്നും നമ്മുടെ ഭാരതഭൂമിയ്ക്ക് അവകാശപെടാനുണ്ടായിരുന്നില്ല. പൊതുവായ ചില സാംസ്ക്കാരിക മൂല്യങ്ങളും ചിന്താധാരകളും അവിടവിടെയായി കാണാമായിരുന്നു എന്നതിലുപരിയായി ഒരു പൊതുരാഷ്ട്രീയബോധം ഇവിടെ പ്രകടമായിരുന്നില്ല. എന്നാൽ ബ്രിട്ടീഷുകാരുടെ സുശക്തമായ ഭരണവ്യവസ്ഥയും അതിനോടുള്ള വിവിധ പ്രതികരണങ്ങളും ജനങ്ങളിൽ പുതിയ പൊതുതാൽപര്യങ്ങൾ സൃഷ്ടിച്ചു. ഏകീകൃത ഭരണവ്യവസ്ഥ, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ വ്യാപനം, ഇംഗ്ലീഷ് ഭാഷയുടെ പ്രചാരം, ഇന്ത്യൻ മത-സമൂഹ്യനവോത്ഥാന പ്രസ്ഥാനങ്ങൾ, പത്രമാധ്യമങ്ങൾ, 1857ലെ വിപ്ലവം, ബ്രിട്ടീഷുകാരുടെ വംശീയ വിദ്വേഷം, ഇറ്റലിയുടെ ഏകീകരണം പോലെയുള്ള അന്താരാഷ്ട്ര സംഭവങ്ങളുടെ സ്വാധീനം, ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണം എന്നിങ്ങനെ നിരവധി സാഹചര്യങ്ങളും ഘടകങ്ങളും ഒരു പുതിയ ദേശീയതയ്ക്കു കാരണമായി.

ഇന്ത്യ സ്വതന്ത്രമാവുമ്പോൾ വ്യത്യസ്ത താൽപര്യങ്ങളോകൂടിയ 562 നാട്ടുരാജ്യങ്ങൾ ഇവിടെ ഉണ്ടായിരുന്നു. പരസ്പരം പോരടിക്കുന്ന പാരമ്പര്യം ഉണ്ടായിരുന്ന വിവിധ രാഷ്ട്രീയ ജാതി-മത-സാംസ്കാരിക ധാരകളെ സ്വീകരിച്ചിരുന്ന ഭൂപ്രദേശങ്ങളെ ഒറ്റ ദേശീയതയുടെ ഭാഗമാക്കുക എന്ന കനത്ത വെല്ലുവിളിയാണ് സ്വതന്ത്ര്യാനന്തര ഭാരതത്തിലെ ഭരണകർത്താക്കൾക്ക് നേരിടാനുണ്ടായിരുന്നത്. ഒരിക്കലും ഇന്ത്യൻ പാരമ്പര്യത്തിന്റെ യോ, സംസ്ക്കാരത്തിന്റെയോ ഭാഗമല്ലാതിരുന്ന വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിലെ ഗോത്രവിഭാ ഗങ്ങളെ ഇന്ത്യൻ ദേശീയതയുടെ ഭാഗമാക്കുക എന്നത് അതികഠിന വെല്ലുവിളിതന്നെയായിരുന്നു.
സമവായത്തിലൂടെയോ, ഭീഷണിയിലൂടെയോ, പ്രലോഭനങ്ങളിലൂടെയോ രാഷ്ട്രീയ ഐക്യം നേടാൻ നമുക്കു കഴിഞ്ഞു. വിവിധ ചിന്താധാരകളെ ഉൾക്കൊള്ളാൻ കഴിയുന്ന ജനാധിപത്യ ഭരണക്രമവും, ശക്തമായ സൈനിക സംവിധാനങ്ങളും, മിശ്രസമ്പദ്വ്യവസ്ഥയും, അതി ബൃഹത്തായ ഭരണഘടനയും, സർവ്വോപരി വൈവിധ്യങ്ങളെ ബഹുമാനിക്കുകയും ദേശീയതാൽപര്യങ്ങൾ മുൻനിർത്തി പ്രവർത്തിക്കുകയും ചെയ്തിരുന്ന ഭരണാധികാരികളും 'ഇന്ത്യ' എന്ന പൊതു വികാരത്തെ ജനഹൃദയങ്ങളിൽ കൂടുതൽ രൂഢമൂലമാകാൻ സഹായിച്ചു.

ഏതൊരു ഭരണക്രമത്തിലും എന്തിനെയെങ്കിലും ചോദ്യം ചെയ്യുമ്പോഴോ, ഇല്ലാതാക്കൻ ശ്രമിക്കുമ്പോഴോ അസ്വസ്ഥതകൾ ഉണ്ടാകുന്നത് സാധാരണമാണ്. ജനാധിപത്യത്തിൽ

പ്രാധാന്യം പക്ഷേ അത് എല്ലാവരുടെയും 'ശരി' ആകണമെന്നില്ല. സമവായവും സമന്വയവും ജനാധിപത്യത്തിന്റെ കാതലായ ആശയങ്ങളാണ്. അത് അവഗണിക്കപ്പെടുമ്പോൾ അമർഷം അസ്വസ്ഥതയായി മാറ്റപ്പെടും. അസ്വസ്ഥത ക്രമേണ ശത്രുതയിലേക്കും നയിക്കും. രാജ്യസ്നേഹവും ദേശാഭിമാനവും സൃഷ്ടിക്കുന്നത്, അടിച്ചേൽപിക്കലിലൂടെയല്ല; സ്വയമേ രൂപപ്പെടേണ്ടതാണ്. അതിനുപാകമായ സാഹചര്യങ്ങൾ രൂപപ്പെടുത്തുക എന്നത് ഭരണാധികാരികളുടെ കർത്തവ്യവും അതിനെ പിൻ തുടരുക എന്നത് ജനാധിപത്യ ബോധമുള്ള ഒരു ജനതയുടെ കടമയുമാണ്. ചരിത്രത്തെയും സംസ്കാരത്തെയും വളച്ചൊടിച്ചോ തെറ്റിദ്ധരിപ്പിച്ചോ രൂപപ്പെടുത്തുന്ന ചിന്താധാരങ്ങൾക്കോ പ്രത്യയശാസ്ത്രങ്ങൾക്കോ നിലനിൽപുണ്ടാവില്ല. ഇന്നല്ലെങ്കിൽ, നാളെ കാലം തിരുത്തുന്ന അധ്യായങ്ങളിൽ ഇത്തരം തെറ്റുകൾക്ക് സ്ഥാനമുണ്ടാവില്ല എന്ന് മധ്യകാലഘട്ടത്തിലെ യൂറോപ്പിന്റെ ചരിത്രം മുതൽ ഇന്നുവരെയുള്ള നമ്മുടെ നാടിന്റെ ചരിത്രം തന്നെ വിളിച്ചോതുന്നു.



അധികാരവും സമ്പത്തും വ്യക്തികളിലേക്കോ പ്രസ്ഥാനങ്ങളിലേക്കോ കേന്ദ്രീകരിക്കപ്പെടുമ്പോൾ ജനാധിപത്യത്തിന്റെ അടിസ്ഥാന ശിലകൾ ദുർബലമാവും. മതം എന്ന മനുഷ്യന്റെ വ്യക്തിതാൽപര്യത്തെ സാമൂഹ്യതാൽപര്യമായി എവിടെയെല്ലാം കൂട്ടിയിണക്കിയിട്ടുണ്ടോ അത്തരം സമൂഹങ്ങൾക്കൊന്നും പുരോഗതി ഉണ്ടായിട്ടില്ല എന്നത് ചരിത്രസത്യം. മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുക, സുരക്ഷിതമായി ജീവിക്കാൻ അനുവദിക്കുക എന്നതാണ് ഭരണകൂടത്തിന്റെ ദൗത്യം. മനുഷ്യന്റെ ആത്മീയ വളർച്ചയും വിശ്വാസപുരോഗതിയും മതങ്ങൾക്ക് വിട്ടുനൽകുക എന്ന പ്രാഥമിക പാഠം ഉൾക്കൊള്ളാൻ കഴിയാതെ സ്വാർത്ഥതാൽപര്യങ്ങൾക്കായി അവ കൂട്ടികലർത്താൻ ശ്രമിക്കുമ്പോഴാണ് വർഗ്ഗീയത പ്രകടമാകുന്നത്. അത് ഏതൊരു സമൂഹത്തിന്റെയും തകർച്ചയ്ക്കാണ് വഴിതെളിക്കുന്നത്.

ഭരണഘടനയും ചരിത്രവും ചരിത്രപുരുഷൻമാരും ദേശീയ പ്രതീകങ്ങളും എല്ലാം എല്ലാവരുടേതുമാണ്. അതിനെ തെറ്റായി വ്യാഖ്യാനിക്കുകയും വികലമായി ചിത്രീകരിക്കുകയും ചെയ്യുമ്പോൾ ദേശീയഐക്യത്തിന്റെ അന്തസത്ത തന്നെ ഇല്ലാതാവും. ദേശീയ ഗാനത്തോടുള്ള ആദരവ് കോടതി വിധികളിലൂടെ ഉണ്ടാക്കിയെടുക്കാൻ കഴിയുന്നതല്ല. സ്വാതന്ത്ര്യസമരസേനാനികളിൽ തങ്ങളുടെ നാട്ടിൽ പിറന്നവർ മാത്രം ശ്രേഷ്ഠർ എന്നും മറ്റുള്ളവരെല്ലാം അധമരെന്നും വിളിച്ചുപറയുമ്പോൾ ലക്ഷ്യം മറ്റൊന്നാണ് എന്ന ആരോപണം സ്വഭാവികം മാത്രമാണ്, അർഹരല്ലാത്തവർക്ക് മഹത്വം അടിച്ചേൽപ്പിക്കാൻ ശ്രമിക്കുമ്പോഴും ഗൂഢലക്ഷ്യങ്ങളോടെ നിയമനിർമ്മാണം നടത്താൻ മുന്നിട്ടിറങ്ങുമ്പോഴും വൈവിധ്യങ്ങളിലൂടെ സമ്പന്നമായ ദേശീയതയ്ക്ക് മങ്ങലേൽക്കുകയാണ്. ഒരു നാടിന്റെ എല്ലാ പ്രദേശങ്ങളെയും എല്ലാ ജനവിഭാഗങ്ങളെയും ഒരു പോലെ കാണുന്നതും പരിഗണിക്കുന്നതുമാണ് വിവേകമുള്ള, ജനാധിപത്യ ബോധമുള്ള ഭരണകർത്താക്കൾ എപ്പോഴും ചെയ്യേണ്ടത്. നിയമങ്ങളും ഭരണസംവിധാനങ്ങളും ജനങ്ങളുടെ സുരക്ഷിതത്വത്തിനാവണം, ഭീഷണിയുടെ അന്തരീക്ഷം സൃഷ്ടിക്കാനാവരുത്. അഭിപ്രായ സ്വാതന്ത്ര്യത്തിനും വിശ്വാസ സ്വാതന്ത്ര്യത്തിനും വിലക്കേർപ്പെടുത്തിയ ഒരു ലോകരാഷ്ട്രത്തിനും അധികകാലം പിടിച്ചുനിൽക്കാനായിട്ടില്ല എന്നത് യാഥാർത്ഥ്യമാണ്.

തെറ്റുകളെ ശരിയാക്കി ചിത്രീകരിക്കുകയും ശരികളെ തെറ്റുകളാക്കുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിൽ ജാഗ്രത പുലർത്തേണ്ടത് ദേശീയബോധമുള്ള ജനതയുടെ പൗരധർമ്മമാണ്. മാധ്യമങ്ങളെ ഉപയോഗിച്ച് നമ്മുടെ ജീവിതചര്യകളെയും ചിന്താഗതികളെപോലും മാറ്റി മറിക്കാൻ കഴിയുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. വെളിച്ചത്തെ വെളിച്ചമായും ഇരുളിനെ ഇരുളായും വിവേചിക്കാൻ രാജ്യസ്നേഹമുള്ള ജനങ്ങൾക്ക് കഴിയണം. പഴമയിലും പാരമ്പര്യത്തിലും മാത്രം ഊറ്റം കൊള്ളുന്നവർ പിറകോട്ട് നടക്കുന്നവരാണ്. ഇന്ത്യയെന്ന പൊതുവികാരത്തോടെ പൊതു സ്വപ്നമായി ചേർത്തുനിർത്തിയവരുടെ പിൻതലമുറക്കാരാണ് ഇന്നത്തെ ഇന്ത്യാക്കാർ. ഇന്നലെകൾ സുന്ദരമായിരുന്നുവെന്നും അതുകൊണ്ട് ഇന്നുകൾക്കും നാളെകൾക്കും പകരമായി ഇന്നലെകളെ സൃഷ്ടിക്കാം എന്നും പറയുന്നത് അരാജകത്വത്തിന്റെയും ദുഷിച്ച നാളുകളിലേക്കുമുള്ള ഒരു മടക്കയാത്രയാണ്. വിവേകവും വെളിച്ചവുമുള്ള തലമുറയുടെ കരുത്താണ് ഇന്നിന്റെ ആവശ്യം. സ്വാമി വിവേകാനന്ദന്റെ വാക്കുകളെ സ്മരിച്ചുകൊണ്ട് അവസാനിപ്പിക്കട്ടെ ഉത്തിഷ്ഠതാ, ജാഗ്രത, പ്രാപ്യവരാൻ നിബോധിതാ...

# അണയാത്ത ദീപങ്ങൾ

ആൽമരത്തിന്റെ തണലിലിരുന്നു ഞാൻ
ഓർമ്മതൻ ചെപ്പു  തുറന്നിടും വേളയിൽ
കൗതുകത്തോടങ്ങു  നോക്കിനിൽക്കെയെന്റെ
ഹൃത്തടത്തിൽ ഭൂതകാലം തെളിയുന്നു
കാലങ്ങളേറെ കഴിഞ്ഞിട്ടുമിന്നുമാ
സ്നേഹാമൃതത്തിനാൽ ചാലിച്ചയറിവുകൾ
നറുതേനിനാലെന്റെ നാവിൽക്കുറിച്ചൊരാ
ഗുരുവരരിന്നിതാ തെളിയുന്നു മുന്നിലായ്
രൂപഭാവങ്ങളും ശബ്ദഘോഷങ്ങളും
പ്രതിഫലിച്ചീടുന്നിതെപ്പോഴുമുള്ളിലായ്
വിസ്മരിച്ചീടാൻ കഴിയുവതെങ്ങനെ
നിസ്വാർഥജീവിതം കാട്ടും ഗുരുക്കളെ
വഴിയിലെ ഇരുളിനെയൊന്നാകെ മാറ്റിയ
നിറവിൻ വെളിച്ചം പകർന്നേകിയോരവർ
അറിവിന്റെ നീലവിഹായസ്സിലേറുവാൻ
ചിറകുമുളപ്പിച്ചു നൽകിയോർ താൻ !
അണയാത്ത ദീപങ്ങളാണവരൊക്കെയും
എൻ ജീവപാതിയിലെന്നുമെന്നും !!!



നവ്യ സാറ ജോർജ്ജ്
ഒന്നാംവർഷ ആംഗലേയ സാഹിത്യ ബിരുദം

# ഇന്നും.....

പരിഭവമുണ്ടിന്നുംപറയാനൊരായിരം
മുത്തശ്ശിക്കഥകൾ
ബാക്കിവെച്ചൊരായക്ഷിക്കാവിലെ
കുന്നിക്കുരുവിനോട്........
കൗതുകമുണ്ടെന്നും
ഇനിയും എണ്ണിത്തീരാതെ
വിണ്ണിന്റെ നെറുകയിൽ
കണ്ണു പൊത്തിയകലുന്ന
നക്ഷത്രങ്ങളോട്........

നീരസമായിരുന്നെന്നും
കിനാവിലെ നീലവിരിയിട്ട
വാതിൽപ്പഴുതിലൂടെ
പറയാതെ വന്ന
സ്വപ്നങ്ങളോട്............

ദാഹമുണ്ടെനിയ്ക്കിന്നും
പെയ്തൊഴിയാതെ
നിലം പതിയ്ക്കാൻ
വെമ്പി നിൽക്കുന്ന
മേഘ ശകലങ്ങളോട്...........

വിരഹമാണെന്നും
കൊലുസിന്റെ കുസൃതിയിൽ

കൊച്ചരിപ്പല്ലുകൾ കാട്ടി
പൊട്ടിച്ചിരിച്ച
നാടുവാഴികളോട്...........

പരാതിയാണെനിക്കിന്നും
അമ്പലനടയിൽ എന്നെ
കാത്തുനിൽക്കാതെ
പൂത്ത ചമ്പകച്ചില്ലയോട്.......

പ്രണയമാണെനിയ്ക്ക്
മരണതീരങ്ങളെ
പുൽകിയമർന്നൊരാ
ബാല്യകാലത്തോട്...............



സ്നേഹ. കെ
മൂന്നാംവർഷ സസ്യശാസ്ത്ര ബിരുദം

# അമൂല്യ സൃഷ്ടി



""നിങ്ങൾ ഇന്ന് പോക"
" ഇല്ലാ ഇന്നെനിക്ക് പോയേ മതിയാവൂ"
"അല്ല,വേറൊരു ദിവസത്തേക്ക് മാറ്റിവെച്ചൂടെ ഈ യാത്ര: പുറത്ത് ഭയങ്കര കാറ്റും മഴയുമാണ്. രണ്ടു മണിക്കൂർ മുമ്പേ പ്രകൃതി ഇരുട്ടണിഞ്ഞു. അതിനാൽ ഇനിയാത്ര കഠിനമാകാം.
എന്റെ ഈ യാത്ര ഇനി നീട്ടിവെയ്ക്കാൻ പറ്റുന്നതല്ല
അവർ പിന്നീട് ഒന്നും പറഞ്ഞില്ല.
ഒരു ശ്മശാനാന്തരീഷം
ഞാൻ പോയിട്ട് വരാം
ഭാര്യ മറുപടി നൽകാതെ നോക്കി നിന്നു.
ഒരു കൈയിൽ തന്റെ ബാഗും മറുകൈയിൽ കുടയുമായി അയാൾ  യാത്ര തിരിച്ചു. വഴിമദ്ധ്യേ മഴത്തുള്ളികൾ അയാളുടെ ഓർമ്മകളെ മുപ്പത് വർഷം പിറകോട്ട് നയിച്ചു, മഴയിൽ തന്നോടുകൂടെ കളിക്കുന്ന തന്റെ സഹോദരൻ, അതുകണ്ട് തങ്ങളെ ശകാരിക്കുന്ന തന്റെ അമ്മ, അവൻ കളിക്കട്ടെ എന്നു പറയുന്ന അച്ഛൻ, തന്നെ തുവർത്തി ചേർത്തുപിടിച്ച് ഉണ്ണി നിനക്ക് പനി പിടിക്കും എന്ന് പറയുന്ന് മുത്തശ്ശി....
പെട്ടെന്ന് ഒരു മഴത്തുള്ളി അയാളുടെ മുഖത്ത് വീണപ്പോൾ അയാൾ  തന്റെ ഓർമ്മകളുടെ പുസ്തകത്തിൽ നിന്നും പുറത്തിറങ്ങി.
ഞാൻ  ചെയ്യുന്നത് വലിയൊരു തെറ്റാണ്. ഒരിക്കലും തിരുത്താൻ കഴിയാത്ത തെറ്റ്...
അയാൾ  ആ ബാഗ് മെല്ലെ തുറന്ന് തന്നെ നോക്കി പുഞ്ചിരിക്കുന്ന പിഞ്ചോമനയെ എടുത്ത് ചുംബനം നൽകി മറോടണച്ചു.
എന്നെ പോലെ നിനക്കും നിന്റെ അമ്മയുടെയും അച്ഛന്റെയും മുത്തശ്ശിയുടെയും സഹോദരങ്ങളുടെയും കൂടെ ജീവിക്കാനുള്ള അവകാശം ഉണ്ട്. അത് നിഷേധിക്കാൻ എനിക്ക് അധികാരമില്ല. നീ ഭിന്നലിംഗമായി ജനിച്ചത് നിന്റെ തെറ്റല്ല. നീയും ഈശ്വരന്റെ അമൂല്യ സൃഷ്ടിയാണ്. നീ നിന്റെ അച്ഛനോട് ക്ഷമിക്കില്ലേ..?
അപ്പോഴും ആ കുഞ്ഞിന്റെ നിഷ്കളങ്കമുഖത്തെ മായത്ത പുഞ്ചിരി ആ പിതൃനയനങ്ങളെ ഈറനണിയിച്ചു.
പ്രകൃതി അതിന്റെ ശാന്തതയിലേക്കു മടങ്ങി, ഒപ്പം അയാളുടെ മനസ്സും , അയാൾ ആ യാത്ര പാതിവഴിയിൽ ഉപേക്ഷിച്ച് തന്റെ കുഞ്ഞുമായി വീട്ടിലേക്ക് മടങ്ങി..



രേഷ്മ തോമസ്
രണ്ടാംവർഷ സസ്യശാസ്ത്ര ബിരുദം




റിയ എൽസാ ജോൺസൺ
ഒന്നാംവർഷ ആംഗലേയ സാഹിത്യ ബിരുദം

ആർ.എസ്. വിമൽ എന്ന യുവസംവിധായകന്റെ പ്രയത്നത്തിലുദിച്ച സംഭവബഹുലമായ ഒരു പ്രണയചിത്രമാണ് 'എന്ന് നിന്റെ മൊയ്തീൻ' കൊറ്റാട്ടിൽ കാഞ്ചനമാലയുടെയും ബി.പി മൊയ്തീന്റെയും അനശ്വരപ്രണയമാണ് ചിത്രത്തിന്റെ പൊരുൾ.



കാഞ്ചനമാലയായി യുവനടി പാർവ്വതിമേനോനും ,ബി.പി മൊയ്തീനായി പൃഥ്വിരാജും അരങ്ങേറുന്നു .
ആയിരത്തിത്തൊള്ളായിരങ്ങളിൽ കേരളത്തിലെ മുക്കം എന്ന സ്ഥലത്ത് നടന്ന ഇരുവരുടെയും തീവ്രമായ പ്രണയം കേരളജനത ഇരുകൈകളും നീട്ടി തങ്ങളുടെ ഹൃദയങ്ങളിൽ ഏറ്റുവാങ്ങി. ആധുനികസമൂഹത്തിൽ നിർമ്മലമായ പ്രണയങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ യുവമനസ്സുകളിൽ ഒരു വെല്ലുവിളിയായി കടന്നു വരികയാണ് 'എന്ന് നിന്റെ മൊയ്തീൻ' സിനിമയുടെ ആരംഭത്തിൽ ഒരു കൊലപാതകം നടന്ന പശ്ചാത്തലം പ്രേക്ഷകരുടെ മനസ്സിൽ ഭീകരത സൃഷ്ടിക്കുന്നു. ജാതിമത ചിന്തകൾ നടമാടുന്ന കാലം, കൊറ്റാട്ടിൽ കുടുംബത്തെ ഉത്സവം കാണുവാൻ മുസ്ലീം സമുദായക്കാരനായ ഉണ്ണിമൊയ്തീൻ സാഹിബ്, കാഞ്ചനമാലയുടെ പിതാവിന്റെ ക്ഷണപ്രകാരം എത്തുന്നു. അവിടുത്തെ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും അദ്ദേഹം പങ്കുചേരുന്നു. ഉണ്ണി മൊയ്തീൻ സാഹിബിന്റെ മകനാണ് ബി.പി മൊയ്തീൻ.
ജാതിചിന്തകൾ വാഴുന്ന കാലത്ത് ഉയർന്ന ജാതിക്കാരനായ കൊറ്റാട്ടിൽ വീട്ടിലെ കാഞ്ചനമാല മെഡിസിൻ പഠനത്തിനായി കോഴിക്കോട്ട് ഒരു വിമൺസ് ഹോസ്റ്റലിൽ താമസിക്കുന്നു. ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ അവിടെ അവർക്ക് ലഭിച്ചിരുന്നത് വിവിധ തരം ഭക്ഷണമായിരുന്നു. തുല്യതയ്ക്കായി കാഞ്ചനമാലയും സുഹൃത്തുക്കളും പട്ടിണി കിടക്കുന്നത് ചിത്രത്തിൽ അന്നത്തെ സാമൂഹ്യാന്തരീക്ഷം വ്യക്തമാക്കുന്നു.ഈ സംഭവങ്ങളെല്ലാം വാർഡനായ സിസ്റ്ററിന്റെ ദേഷ്യവും പരിഭവവും ഉയർത്തിക്കൊണ്ടിരുന്നു. ആയിടയ്ക്കാണ് കാഞ്ചനമാലയുടെ പേരിൽ അയക്കുന്ന ആളിന്റെ മേൽ വിലാസമില്ലാതെ കത്തുകൾ വരാൻ തുടങ്ങിയത്. ആ അപരിചിതന്റെ എഴുത്തുകൾ വന്നത് സിസ്റ്ററായ വാർഡന്റെ കോപം കൂട്ടുന്നു എങ്കിലും അവിടെ തളരാതെ കാഞ്ചനമാല ധൈര്യപൂർവ്വം പോരാടുന്നു.
ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ രക്തപുഷ്പങ്ങൾ എന്ന കവിതാസമാഹാരമായിരുന്നു അതിൽ. അതിലെ ചില വരികൾ മാത്രം ചുവന്ന മഷികൊണ്ട് അടയാളപ്പെടുത്തിയിരുന്നു. അവയെല്ലാം കൂട്ടി മറ്റൊരു പേപ്പറിൽ പകർത്തിയപ്പോഴാണ് ആ കത്തിന്റെ പൂർണ്ണരൂപം കിട്ടിയത് എങ്കിലും അവസാനം പേര് ആരുടെതാണ് എന്ന് കണ്ടുപിടിക്കാൻ അവൾ ഒരുപാട് കഷ്ടപ്പെട്ടു പലവഴികളിലൂടെയും അവൾ മനസ്സിലാക്കി ആ പേര് മൊയ്തീൻ എന്നാണെന്ന്. തന്റെ

ദേശത്തെ ആ ഫുട്ബോൾ കളിക്കാരനും,സാമൂഹികപ്രവർത്തകനും സോഷ്യലിസ്റ്റുമായ ബി.പി മൊയ്തീനെ കാഞ്ചനമാല ഇഷ്ടപ്പെട്ടു, പ്രണയിച്ചു.



പിന്നീട് ചിത്രത്തിൽ കണുന്നത് ഇവരുടെ ദീർഘനാളുകളിലെ പ്രണയമാണ്. ചിത്രത്തിൽ പ്രണയഗാനങ്ങളിൽ മഴയ്ക്ക് വളരെ പ്രാധാന്യമുണ്ട്. ഒരു പക്ഷേ ഇവരുടെ തെളിമയാർന്ന പ്രണയത്തെ ഊഷ്മളമാക്കിയത് ഈ മഴയാണ്. 80 കളിലെ പ്രകൃതിമനോഹാരിത ചിത്രത്തിൽ പരമാവധി ആവിഷ്ക്കരിച്ചിരിക്കുന്നു. ഇന്നത്തെ തലമുറയ്ക്ക് നഷ്ടപ്പെട്ടുപോയ കുറെ കാഴ്ച്ചകൾ ഈ സിനിമ തിരിച്ചുകൊണ്ടു വരുന്നു.

ഇരുവരുടെയും പ്രണയം നായികയുടെ വീട്ടിൽ അറിയുന്നു. അന്യജാതിക്കാരനുമായി പ്രണയത്തിലായ കാഞ്ചനമാലയെ വീട്ടുകാർ മുറിയിൽ പൂട്ടിയിടുന്നു, തുടർന്ന് അവളുടെ പഠനം നിർത്തുകയും ചെയ്യുന്നു. വീട്ടുതടങ്കലിലായിട്ടും കാഞ്ചനമാലയേയും മൊയ്തീനെയും വേർതിരിക്കുവാൻ വീട്ടുകാർക്ക് കഴിഞ്ഞില്ല.

പലമാർഗ്ഗങ്ങളിലൂടെയും അവർ കത്തുകൾ കൈമാറി. കത്തുകൾ പിടിക്കപ്പെട്ടപ്പോൾ അവർ സ്വന്തമായി ഒരു ഭാഷതന്നെ സൃഷ്ടിച്ചു. പല അവസരങ്ങളിലും അവർ നാടുവിടാൻ തീരുമാനിച്ചെങ്കിലും വിധി അവരുടെ പ്രണയത്തിനെതിരായി നിന്നു. വെറും പഴങ്കഥപോലെ അവരുടെ മോഹംനീണ്ടു. എല്ലാം മറികടന്ന് മൊയ്തീൻ തനിക്കും കാഞ്ചനമാലയ്ക്കും വിദേശത്തുപോകുവാൻ വേണ്ടി പാസ്പോർട്ട് സംഘടിപ്പിക്കുന്നു. വിസ ശരിയായി എന്ന് ഉറപ്പ് വരുത്തിയതിന്റെ സന്തോഷത്തിൽ തിരികെയെത്തിയ മൊയ്തീനെ കാത്തിരുന്നത് ആ വലിയ ദുരന്തമായിരുന്നു. മരണം!

ഈ അനശ്വര പ്രണയത്തിന്റെ സാക്ഷിയായി ഇന്നും കൊറ്റാട്ടിൽ കാഞ്ചനമാല, ബി.പി മൊയ്തീന്റെ വിധവയായി അദ്ദേഹത്തിന്റെ വീട്ടിൽ ജീവിക്കുന്നു. ഇന്നത്തെ പ്രണയത്തിൽ ചതിയും വഞ്ചനയും സാധാരണമാണെങ്കിൽ മൊയ്തീന്റെയും കാഞ്ചനമാലയുടെയും പ്രണയം സത്യസന്ധവും അനശ്വരവുമായിരുന്നു.


Our Facilities


HD (High Definition) Video Recording


LIVE LCD & LED TV


Helicam Video Coverage


Gib Camera


Go Pro


Steadicam

- Experts in Events • VIP Visit Coverage
- Candid Photography • Multi Camera Coverage
- Live C.C TV • Live Projector
- Live Web Streaming
- All Types Of Lamination (Special & Wooden)
- C.D, D.V.D & Blue Ray (HD)


Live LED Wall Projection

(Broadcasting Quality Of TV Channels & Video Albums)

PROFESSIONALLY QUALIFIED EXPERTS IN OUT DOOR & INDOOR PHOTOGRAPHY & VIDEOGRAPHY

SINCE: 1963

Premier Studio
HI-TECH DIGITAL & VIDEO VISION
CHENGANNUR
FOUNDER: LATE. M. S. GOPI
photographypremier@yahoo.com
www.premierstudio.net

Digital Enlargement Upto Life Size, Black & White Photos To Colour Photos Prints From Photos / CD / ZIP / Digital Camera Etc. Visiting Cards With Photos. Thanks Cards & Greeting Cards etc.

0479 2452576
98470 52576
94470 52576
94959 82576



PREPARED WITH PASSION

THOMSON BAKERY

Vaikathethu Building, Bethel Jn., Chengannur
Ph: 8589947373
www.thomsonbakeryandrestaurant.com
Email: thomson.baker@yahoo.com
shops@thomsonbakery.com

Our Branches:

THELAKKAD BUILDING, KADAPRA JN. +91 469 261 16 60
ARIKUPURAM COMPLEX, PARUMALA, MANNAR JN. +91 0479 231 20 12
THRIVENI COMPLEX, STORE JN., MANNAR +91 8943 227 836
PAYNUMOOTTIL PLAZA, ALUMMOD JN, MANNAR +91 0479 231 20 28
OPP. ST THOMAS EVANGELIKEL CHURCH MANJADI, THIRUVALLA +91 8589 994 011
MARIYAM PLAZA, ADOOR +91 473 422 57 38
OPP. K.S.R.T.C, ADOOR +91 8589 994 010
AVS BUILDING OPP. MUNICIPAL STADIUM, THIRUVALLA +91 8589 994 013
VAIKATHETHU BUILDING, CHENGANNUR +91 8589 947 373
OPP.KSRTC ,PATHANAMTHITTA +91 9946 755 111
SKYLINE BUILDING, KUTTAPPUZHA +91 8589 945 757
SUBURABAN SQUIRE, KANJIKUZHY, KOTTAYAM +91 8592 865 018

JOLLY FOOD PRODUCTS
PANAKKIYIL, KADAPRA P.O, THIRUVALLA 689121, KERALA, INDIA
+91 469 2747413

An ISO 22000-2005, HACCP Certified Company
• Using 100% Natural Colours & Flavours • No added Preservatives • Zero % Trans Fat
• Training & Research • Accept Bulk Party Orders • Food Lab



The Home of Cakes

THE CAKERY

# ഒരു പ്രണയലേഖനം

എത്രയും പ്രിയപ്പെട്ട എന്റെ കിച്ചുവിന്,

ഇങ്ങനെയൊരു സന്ദേശം എന്തിനെന്ന് ഇപ്പോൾ നീ വിചാരിക്കുന്നുണ്ടാവും. എപ്പോഴും പഴമ ആഗ്രഹിക്കുന്ന നിനക്ക് കേവലം ഒരു എസ്.എം.എസിനെക്കാളും ഫോൺകോളിനെക്കാളും ഇഷ്ടം എന്റെ കൈയ്യക്ഷരത്തെ ആണെന്ന് എനിക്കറിയാം. അതു തന്നെയല്ല എന്റെ മനസ്സിലുള്ളത് നിന്നെ അറിയിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം ഇതാണെന്ന് എനിക്ക് തോന്നി. പുസ്തകത്താളുകൾക്കിടയിൽ ഒളിപ്പിച്ചുവെച്ച ഒരു മയിൽപ്പീലിത്തുണ്ടുപോലെ എന്റെ മനസിൽ ഞാൻ ഒളിച്ചുവെച്ച ഒരു രഹസ്യം നീ അറിയണം. നമ്മൾ തമ്മിൽ ആദ്യമായി പരിചയപ്പെട്ടത് എന്നാണെന്ന് നീ ഓർക്കുന്നുണ്ടോ കിച്ചു ? ഞാൻ ഓർക്കുന്നില്ല. പക്ഷെ ഒരിക്കലും പിഴുതു മാറ്റുവാൻ കഴിയാത്ത ഒരു വൃക്ഷത്തോളം നമ്മുടെ ബന്ധം വളർന്നു കഴിഞ്ഞിരിക്കുന്നു. കോളേജിൽ വെച്ച് ഹൃദയം തുറന്ന് നമ്മൾ ഇതുവരെ സംസാരിച്ചിട്ടില്ല. പലപ്പോഴും നീ നിന്റെ സുഹൃത്തുക്കൾക്കൊപ്പം തിരക്കിലാണ്. നിന്നെപോലെ ഞാനും. പക്ഷേ നേരിൽ കണ്ട് പങ്കുവയ്ക്കാത്ത എത്ര കാര്യങ്ങളാണ് ഒരു ഫോൺ ദൂരത്തിൽ നാം എന്നും പങ്കുവയ്ക്കാറുള്ളത്. പലപ്പോഴും മണിക്കൂറുകൾ നീളുന്ന സംഭാഷണങ്ങൾക്കിടയിൽ നാം നമ്മുടെ ലോകത്തിൽ സ്വതന്ത്രരായി സഞ്ചരിക്കുന്ന ഇണക്കുരുവികളായി പരിണമിക്കാറുണ്ട്. കോളേജിൽ വന്നാൽ ഞാൻ പരതാറുണ്ട്, നിന്റെ മിഴികളെ. നിനക്ക് ഓർമ്മയുണ്ടോ, ഞാൻ നിന്നോടു ഒരു കാര്യം ആവശ്യപ്പെട്ടത് ?

വർണ്ണശബളമായ ലോകത്തെ മുഴുവൻ ഒരു കാൻവാസിൽ ഒരുക്കുന്ന മികച്ച ചിത്രകാരനായ നിനക്ക് എന്റെ ഒരു ചിത്രം വരയ്ക്കുക നിഷ്പ്രയാസമാണെന്ന് എനിക്കറിയാം. എന്റെ ചിത്രം നിന്റെ മനസ്സിൽ പതിഞ്ഞത് എങ്ങനെയെന്ന് അറിയാനാണ് ഞാൻ അത് ആവശ്യപ്പെട്ടത്. എന്നെപ്പറ്റിയുള്ള നിന്റെ അഭിപ്രായം നിന്നോട് ഞാൻ ചോദിച്ചത് നിനക്ക് ഓർമ്മയുണ്ടോ ? അന്ന് നീ പറഞ്ഞ ആ മറുപടിയാണ് നിന്നിലേക്ക് എന്നെ കൂടുതൽ അടുപ്പിച്ചത്. ഒരു പേപ്പറിൽ ഒതുങ്ങാത്ത അത്രയും വിശേഷതകൾ എനിക്കുണ്ടെന്നു നീ പറഞ്ഞ ആ നിമിഷം എന്നെ ഞാൻ കാണുകയായിരുന്നു. അകലുവാൻ കഴിയാത്തപോലെ നാമിന്നു അടുത്തിരിക്കുന്നു. എന്നെക്കാൾ കൂടുതൽ നിന്നെ സ്നേഹിക്കാൻ ആർക്കെങ്കിലും കഴിയുമായിരിക്കും. പക്ഷേ നിന്നെക്കാൾ കൂടുതൽ എനിക്ക് ഇന്ന് ആരെയും സ്നേഹിക്കാൻ കഴിയില്ല. നീ എന്റേതാവാൻ ഞാൻ കൊതിക്കുന്നു.

നിനക്ക് മഴ നനയുന്നത് ഇഷ്ടമാണെന്ന് പറഞ്ഞിട്ടില്ലേ. പക്ഷേ ഞാൻ നിനക്ക് കുടപിടിക്കുംകാരണമെന്താണെന്നോ ? ആ മഴത്തുള്ളികൾ നിന്നെ പ്രണയിക്കാതിരിക്കുവാൻ.

ചിരിക്കുന്ന നിന്റെ ചുണ്ടുകളെക്കാൾ കഥപറയുന്ന നിന്റെ കണ്ണുകളോടാണ് എന്റെ പ്രണയം. നിന്നെ എന്നിലേക്കടുപ്പിക്കുന്ന എന്തോ ഒരു മാസ്മരിക ശക്തി നിന്റെ മിഴികൾക്ക് ഉണ്ട്. ആ മിഴികൾ ജീവിതകാലം മുഴുവൻ എന്റെ സംരക്ഷണമായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നീ പറയാറില്ലേ, യാത്ര ചെയ്യാൻ നിനക്ക് ഇഷ്ടമാണെന്ന്. നിന്റെ കൈകൾ പിടിച്ച് ഈ ലോകം മുഴുവൻ എനിക്ക് യാത്രചെയ്യണം. നിന്റെ സ്വപ്നങ്ങൾ നേടുവാൻ, നിന്റെ യാത്രകളിൽ നിനക്ക് താങ്ങായിരിക്കുവാൻ എന്നെയും കൂടെ കൂട്ടുമോ ?

സ്നേഹപൂർവ്വം
നിന്റെ സ്വന്തം,
മിന്നു




**അജിനാ തങ്കം ജോൺ**
രണ്ടാംവർഷ സാമ്പത്തികശാസ്ത്ര ബിരുദം


(കോളേജ് യൂണിയൻ സംഘടിപ്പിച്ച പ്രണയലേഖന മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ലേഖനം )

# എന്റെ പെണ്ണ്



ഷൺമുഖൻ പി.കെ
മൂന്നാംവർഷ ചരിത്ര ബിരുദം

പെണ്ണേ
ചേർത്തിടാം ഞാനെൻ
നെഞ്ചോടു നിന്നെ
നിന്റെ പേരു മന്ത്രിക്കും
എൻ ഹൃദയത്തിൻ
സ്പന്ദനം കേട്ടിടാനായ്

പെണ്ണേ
ചേർത്തിടാം ഞാനെൻ
നെഞ്ചോടു നിന്നെ
ഉള്ളിൽ തിളയ്ക്കും
എൻ പ്രണയത്തിൻ
നിശ്വാസമേറ്റിടാനായ്

പെണ്ണേ
ചേർത്തിടാം ഞാനെൻ
നെഞ്ചോടു നിന്നെ
കരവലയത്തിലൊതുക്കി
എൻ ഉയിരെരിയും വരെ
കാത്തു വച്ചിടാനായ്









ആസിഫ് എം. ഷെരീഫ്
മൂന്നാംവർഷ ആംഗലേയ സാഹിത്യ ബിരുദം

# ഇന്ത്യ തിരിച്ചറിയുന്നു

നിരോധനങ്ങളുടെ ഇന്ത്യയുടെ വിരിമാറിലൂടെ ഒരു യാത്ര അനിവാര്യമാണ്.കഴിഞ്ഞ കുറേ വർഷങ്ങളായി ഇന്ത്യയുടെ നടുവൊടിച്ച പാതയിലുടെ ഒരു തിരിച്ച് പോക്കും തിരിച്ചറിവും വേണ്ടി വരുന്നു സമകാലീന ഇന്ത്യക്ക്. വരുംകാല ഇന്ത്യയുടെ നട്ടെല്ലായ യുവജനങ്ങൾ തിരിച്ചറിയണം എന്റെ രാജ്യം എവിടെ എത്തി നിൽക്കുന്നു എന്ന്.

ആഗോള ജനാധിപത്യ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം പ്രതിവർഷം താഴ്ന്നു വന്നു കൊണ്ടിരിക്കുകയാണ്. ജനാധിപത്യം അപകടസ്ഥിതിയിലായ രാജ്യങ്ങളുടെ നിരയിലാണ് ഇന്ത്യ. ബ്രിട്ടൺ ആസ്ഥാനമായ ഇക്കണോമിക്സ് ഇന്റലിജൻസ് യൂണിറ്റ് (elu) വാർഷിക റിപ്പോർട്ട് തയ്യാറാക്കിയപ്പോൾ മുൻ വർഷത്തെ 32-ാം സ്ഥാനത്ത് നിന്നും ഇന്ത്യ 42 ലേക്ക് കൂപ്പുകുത്തി നാനാത്വം, തെരഞ്ഞെടുപ്പ് രീതി ഇവ ഇന്ത്യയ്ക്ക് നേട്ടമാകുമ്പോൾ രാഷ്ട്രീയശൈലി, ഭരണസംവിധാനം, ജനാധിപത്യ അവകാശ സംരക്ഷണം എന്നിവയുടെ കാര്യത്തിൽ പിന്നിലാണ്. മതമൗലികവാദം രാജ്യത്തെ പ്രതികൂലമായി ബാധിച്ചു. മതാധിഷ്ടിത രാഷ്ട്രീയത്തിന്റെ വികാസം, ദളിത് വിഭാഗം അടക്കമുള്ള ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങൾക്ക് നേരെയുള്ള ആക്രമങ്ങൾ വർധിക്കാൻ കാരണമായെന്നും റിപ്പോർട്ടിൽ പറയുന്നു.

സ്വാതന്ത്ര്യത്തിന് ശേഷം ഇന്ത്യാ മഹാരാജ്യത്തിന്റെ ചരിത്രത്തിൽ എവിടെയും കാണാൻ സാധിക്കാത്ത കാര്യങ്ങളാണ് ഇന്ന് നടന്ന് കൊണ്ടിരിക്കുന്നത്. ഇന്ത്യയുടെ പരമോന്നത നീതിപീഠത്തിലെ മുതിർന്ന ജഡ്ജിമാർ, മാധ്യമങ്ങളെ നേരിൽ കണ്ട് നീതിന്യായ വ്യവസ്ഥിതിക്കും ജനാധിപത്യത്തിനും എതിരെ സംസാരിക്കുന്നു രാജ്യത്തിന്റെ ജനാധിപത്യം അപകടാവസ്ഥയിലാണെന്ന് ജനങ്ങളോട് വിളിച്ചു പറയുന്നു. അടിയന്തരാവസ്ഥയുടെ കറുത്ത ദിനങ്ങളിൽപോലും ഇത്തരം ഒരു വെളിപ്പെടുത്തൽ ചീഫ് ജസ്റ്റിസുമാർ നടത്തിയിട്ടുണ്ടാകില്ല.

ഇന്ത്യ ഇന്നു വരെ കാണാത്ത നിരാശയുടെ, പടുതുരങ്കത്തിലേക്ക് രാജ്യം വലിച്ചെറിയപ്പെടുമ്പോഴും പ്രതീക്ഷയുടെ തൂവെളിച്ചം വീശുന്നത് യുവജനങ്ങളാണ്, കലാലയങ്ങളാണ്. അവരുടെ ചെറുത്തു നിൽപ്പുകളാണ്. ബാർബർ ഷോപ്പുടമകൾ തൊട്ട്,ഡോക്ട്ർമാർ,വക്കീലന്മാർ പോലീസുകാർ, അധ്യാപകർ എന്നു വേണ്ട സകല മേഖലയിൽ ഉള്ളവർക്കും സംഘടിക്കാൻ അവകാശമുള്ളപ്പോൾ വിദ്യാർത്ഥികൾ മാത്രം സംഘടിക്കരുത് എന്ന്പറയുന്നത് ജനാധിപ ത്യത്തിനും മൗലികാവകാശത്തിനും എതിരെയുള്ള കടന്നുകയറ്റമാണ്. അതുവഴി മാനേജ്മെന്റും ഭരണാധികാരികളും നമ്മളെ തളച്ചിടാനാണ് നോക്കുന്നത്. മാനേജ്മെന്റുകൾക്ക് അതുവഴി കലാലയങ്ങൾതോറും ഇടിമുറികൾ നിർമിക്കാം,മറ്റൊരുജിഷ്ണുവിനേയും രജനി. എസ് ആനന്ദിനേയും, രോഹിതിനേയും ഉണ്ടാ ക്കിയെടുക്കാൻ സാധിക്കും. അതിനൊരിക്കലും നമ്മൾ വഴി ഒരുക്കരുത്. ഇത് ഇന്ത്യയാണ്,നമ്മുടെ ഇന്ത്യ, നമുക്കിവിടെ സ്വാതന്ത്ര്യമുണ്ട് സംഘടിക്കാനും പഠിക്കാനും പ്രതിരിക്കാനും.

സ്വാതന്ത്ര്യത്തിന് ശേഷം 70 വർഷം പിന്നീടുമ്പോഴും ഇന്ത്യയുടെ ബഹു ഭൂരിപക്ഷം വരുന്ന ന്യൂനപക്ഷ പിന്നോക്കവിഭാഗങ്ങൾക്ക് സ്വാത ന്ത്ര്യം കിട്ടിയെന്ന് പറയാൻ കഴിയുന്നില്ല. ഇന്ത്യയുടെ സർവ്വ മേഖലയിലും നിരോധനങ്ങൾ കയ്യേറിയിരിക്കു ന്നു. ഭക്ഷണത്തിലും വിദ്യാഭ്യാസത്തിലും നാവിനും കൈക്കും സമ്പാദ്യത്തിനും വരെ നിരോധനം കൂടപിടിച്ചിരിക്കുന്നു. ഇഷ്ട ഭക്ഷണം രുചിച്ചവന്റെ നാവറത്തും വേണ്ടി വന്നാൽ കഴുത്തറത്തും, ഇഷ്ടപുസ്തകം വായിച്ചവന്റെ കണ്ണുകൾ കുത്തി പൊട്ടിച്ചും എഴുതിയവന്റെ വിരലുകൾ അറത്തും ജനാധിപത്യ ഇന്ത്യയിൽ ഫാസിസം നൃത്തം വെയ്ക്കുന്നു. ഓക്സിജൻ കിട്ടാതെ കുരുന്ന് ജീവനുകൾ പിടഞ്ഞ് മരിക്കുമ്പോഴും പശുക്കൾക്ക് വേണ്ടി കോടികൾ മുടക്കി അത്യാധുനിക സംവിധാനങ്ങൾ ഉള്ള ആംബുലൻസുകൾ സജീവമാക്കുന്ന ഇന്ത്യ.

സാമ്പത്തിക മേഖലകൾ എല്ലാം സർക്കാർ നോക്കുകുത്തികളായി നിന്നുകൊണ്ട് കോർപ്പറേറ്റ് മുതലാളിമാർ ഭരിക്കുന്നു. വികസനരാജ്യമെന്ന് സ്വയം അവകാശപ്പെടുമ്പോൾ ഇന്ത്യയിലെജനങ്ങളും ഭരണവർഗങ്ങളും സ്വയം ആത്മപരിശോധന നടത്തണം എന്ത് വികസനമാണെന്ന്. 120 കോടി ജനങ്ങൾ ഉള്ള ഇന്ത്യയിൽ 120 പേർമാത്രം സാമ്പത്തികശേഷി കൈവരിക്കുന്നെങ്കിൽ അതിന്റെ പേര് വികസനം എന്നല്ല. സമകാലീന ഇന്ത്യയിൽ ദരിദ്രൻ ദരിദ്രനായിക്കൊണ്ടിരിക്കുന്നു.പണക്കാരൻ അവന്റെ സാമ്പത്തികശേഷി മെച്ചപ്പെടുത്തികൊണ്ട് തന്നെയിരിക്കുന്നു.

ഉപ്പ്തൊട്ട് കർപ്പൂരം വരെയുള്ള കാക്കത്തൊള്ളായിരം സാധനങ്ങളും ജി.എസ്.ടിയ്ക്കും കീഴിൽ കൊണ്ടു വന്നതാണ് രാജ്യം അഭിമുഖീകരിച്ച മറ്റൊരു പ്രശ്നം: അശാസ്ത്രീയമായി ധൃതിയിൽ നടപ്പിലാക്കിയ ജി.എസ്.ടി സമ്പ്രദായം മൂലം പണപ്പെരുപ്പവും വിലക്കയറ്റവും നേരിടുകയാണ്.

ഇന്ത്യ എല്ലാത്തരം സാധനങ്ങളും ജി.എസ്.ടി യക്ക് കീഴിൽ കൊണ്ടുവന്നപ്പോൾ പെട്രോളിയം ഉല്പന്നങ്ങളെ അതിൽ നിന്ന് ഒഴിവാക്കി സ്വകാര്യ കോർപ്പറേറ്റ് മുതലാളിമാർക്ക് അതിന്റെ വില നിശ്ചയിക്കാനുള്ള അധികാരം നൽകിയത് ഏത് സാമ്പത്തിക സമ്പ്രദായമാണെന്ന് അധികാരികൾ പറയാണം.

കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ ആഭ്യന്തര ഉൽപ്പാദനം 5.77% ലേക്കാണ്ചുരുങ്ങിയത്. മൂന്ന് വർഷത്തിനുള്ളിലെ ഏറ്റവും ചുരുങ്ങിയ നിരക്കാണിത്. 2016 മുതൽ തുടങ്ങിയ സാമ്പത്തിക രംഗത്തെ സർജിക്കൽ സ്ട്രൈക്കുകളുടെ തുടർച്ചയായിരുന്നു. നോട്ടുനിരോധനം, ജി.എസ്.ടി തുടങ്ങി തലകീഴായി മറിയുന്ന വലിയ പരിഷ്കാരങ്ങൾ. പക്ഷേ ഇവക്കെല്ലാം രാജ്യത്തിന്റെ പ്രതിസന്ധിയെ മൂർച്ഛിപ്പിക്കുവാനേ കഴിഞ്ഞുള്ളൂ. നോട്ടു നിരോധനത്തിന്റെ ആഘാതത്തിൽ നിന്നും ഇന്നും രാജ്യം കരകയറിയിട്ടില്ല. രാജ്യത്തെ മുഴുവനും എ.റ്റി.എംന്റെ മുമ്പിൽ നിരത്തി നിർത്തി നട്ടെല്ലൊടിച്ചതും വെറുതെ ആയിപ്പോയി. റിസർവ് ബാങ്കിന്റെ കണക്ക് പ്രകാരം 12000 കോടി ഒഴികെ ബാക്കി മുഴുവൻ പണവും തിരികെ എത്തിയതായി വ്യക്തമാക്കി, എങ്കിൽ ആർക്ക് വേണ്ടി ആയിരുന്നു ഈ തുഗ്ലക്ക് പരിഷ്കാരം. നവലിബറൽ നയങ്ങളുടെ ഭാഗമായി മാന്ദ്യത്തിലായിരുന്ന രാജ്യത്തിന്റെ സാമ്പത്തികമേഖലയെ കൂടുതൽ സങ്കീർണമായ പ്രതിസന്ധിയിലാക്കിയ നോട്ടു നിരോധനം തെറ്റായിരുന്നുവെന്ന്. ഇനിയെങ്കിലും കുമ്പസരിക്കാൻ ഇന്ത്യ തയ്യാറാകണം.




## കേരളപ്പിറവി ദിനാഘോഷം

















# അനാഥമാകുന്ന വാർദ്ധക്യം



നീമ നിബു
ഒന്നാംവർഷ സാമ്പത്തിക ശാസ്ത്ര ബിരുദം

വാർദ്ധക്യം ശാപമാകുന്ന അവസ്ഥയിലേക്ക് സമൂഹം നീങ്ങിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം ഇന്ന് കാണുന്നത്. പഴയ മൂല്യസങ്കൽപ്പങ്ങളും സാമൂഹിക ക്രമങ്ങളും തകിടം മറിയുന്നു. പുതിയ തലമുറയ്ക്ക് വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കളെ സ്വത്തിന് വേണ്ടിയും സ്വന്തം സുഖത്തിന് വേണ്ടിയും മറ്റും നിഷ്കരുണം വലിച്ചെറിയുന്ന വാർത്തകൾ അനുദിനം കേൾക്കുന്ന ഈ ഘട്ടത്തിൽ നാം അൽപം ചിന്തിക്കേണ്ടിയിരിക്കുന്നു.

പെറ്റ വയറിനോട് അനീതി കാണിക്കുന്ന മക്കൾ ഓർക്കുക. നാളെ നിങ്ങൾക്കും ഇതേ അവസ്ഥ ഉണ്ടാകും!എന്തു പ്രതീക്ഷകളോടെയും, എന്ത് ആഗ്രഹങ്ങളോടെയുമാണ് അവർ മക്കളെ പാലൂട്ടി, താരാട്ടുപാടി വളർത്തുന്നത്? അതേ ആഗ്രഹങ്ങളും പ്രതീക്ഷകളും അല്ലേ നിങ്ങളുടെ മാതാപിതാക്കൾക്കുള്ളത്? സ്വന്തം കാലിൽ നിൽക്കാറാകുമ്പോൾ മാതാപിതാക്കളുടെ ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കേണ്ടതും, അവരെ നോക്കേണ്ടതും മക്കളുടെ കടമയാണ്. അത് മറക്കാതിരിക്കുക. ഉദ്യോഗം ലഭിച്ചു കഴിഞ്ഞാൽ കുടുംബമായിക്കഴിഞ്ഞാൽ പിന്നെ തന്റെ മാത്രം ലോകം ലക്ഷ്യമാക്കുന്നവർ തങ്ങളുടെ വൃദ്ധരായ മാതാപിതാക്കളെ ഒന്നുകിൽ വൃദ്ധമന്ദിരത്തിൽ ആക്കുന്നു. അല്ലെങ്കിൽ അവരെ നോക്കാനൊരു ഹോം നേഴ്സിനെ ആക്കുന്നു. കഴിഞ്ഞു അവരുടെ കടമ എന്നതാണ് ഇന്നത്തെ പ്രവണത. ഇന്നത്തെ അണുകുടുംബ വ്യവസ്ഥിതിയാണ് ഇതിന് പ്രധാനമായും കാരണമാകുന്നതെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

പ്രകൃതി എന്തിനേയും വളർച്ചയിലൂടെ പാകപ്പെടുത്തിക്കൊണ്ടിരിക്കുന്നു. പാകപ്പെട്ട അവസ്ഥയാണ് വാർദ്ധക്യം. ശാരീരിക ദൗർബല്യങ്ങളുണ്ടെങ്കിലും വളർച്ച പ്രാപിച്ച അനുഭവങ്ങളു ടെയും അറിവുകളുടെയും കാലമാണ് അത്. അനുഭവത്തിന്റെ മൂശയിൽ രൂപപ്പെട്ട അറിവുകൾ ഇളം തലമുറയ്ക്ക് വഴികാട്ടിയാവുമെന്നത് തർക്കമറ്റ കാര്യമാണ്. അവ അംഗീകരിക്കാതെയും അനുസരിക്കാതെയുമിരിക്കുന്ന സമൂഹമാണ് നാശത്തിലേക്ക് കൂപ്പുകുത്തുന്നത്.

വൃദ്ധമന്ദിരങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ നാം ഓർക്കുക- നാളെ നമ്മുടെയും സ്ഥിതി ഇതുതന്നെ. നമ്മെ നല്ല നിലയിൽ എത്തിക്കാൻ പാടുപെട്ട മാതാപിതാക്കളെ വാർദ്ധക്യത്തിൽ സംരക്ഷിക്കേണ്ട കടമ നമുക്കുണ്ടെന്നത് നാം മറക്കാതിരിക്കുക.

> ❝ *മാതാപിതാക്കളെ സ്വത്തിന് വേണ്ടിയും സ്വന്തം സുഖത്തിന് വേണ്ടിയും മറ്റും നിഷ്കരുണം വലിച്ചെറിയുന്ന വാർത്തകൾ അനുദിനം കേൾക്കുന്ന ഈ ഘട്ടത്തിൽ നാം അൽപം ചിന്തിക്കേണ്ടിയിരിക്കുന്നു.* ❞




# മുന്നൊരുക്കമില്ലാത്ത നികുതി പരിഷ്കാരവും സാമ്പത്തിക രംഗത്തെ മുരടിപ്പും


ശബരിനാഥ് ടി.വി
കൊമേഴ്സ് വിഭാഗം അദ്ധ്യാപകൻ


സ്വതന്ത്രഭാരത്തിലെ ഏറ്റവും സുപ്രധാനമായ നികുതി പരിഷ്ക്കാരമായ ചരക്ക് സേവന നികുതി നിലവിൽ വന്നിട്ട് ഒരു വർഷം പിന്നിടുന്നു. നിലനിന്നിരുന്ന വിവിധ തരത്തിലുള്ള കേന്ദ്ര സംസ്ഥാന നികുതികളെ പാടെ ഒഴിവാക്കി 'ഒരു രാജ്യം ഒരു നികുതി' എന്ന സമ്പ്രദായമാണ് ജി.എസ്.ടി.

### ജി.എസ്.ടി മൂലം ഒഴിവായ നികുതികൾ

**കേന്ദ്ര നികുതി**

1) കേന്ദ്ര എക്സൈസ് തീരുവ
2) അധിക എക്സൈസ് തീരുവ
3) അധിക കസ്റ്റംസ് തീരുവ
4) പ്രത്യേക അധിക കസ്റ്റംസ് നികുതി
5) സേവന നികുതി.

**സംസ്ഥാന നികുതി**

1) സംസ്ഥാന വാറ്റ്
2) കേന്ദ്ര വിൽപ്പന നികുതി
3) വാങ്ങൽ നികുതി
4) ആഡംബര നികുതി
5) പ്രവേശന നികുതി
6) വിനോദ നികുതി
7) പരസ്യ നികുതി
8) ഭാഗ്യക്കുറി, വാതുവെപ്പ്, ചൂതാട്ടം നികുതി.
9) സംസ്ഥാന സെസ്, സർച്ചാർജ്ജ്

ഉപഭോക്താക്കളിലേക്ക് ഉൽപന്നങ്ങളും സേവനങ്ങളും എത്തുന്നതിനിടെ നികുതിക്ക് മേൽ നികുതി കൊടുക്കുന്നത് വഴി ഉപഭോക്താവിന് മേൽ ചുമത്തപ്പെടുന്ന നികുതിഭാരം ഒഴിവാക്കുക എന്നതായിരുന്നു ഈ പരിഷ്കരണത്തിന്റെ പ്രധാന ലക്ഷ്യം.

പുതിയ നികുതി സമ്പ്രദായം നിലവിൽ വരുമ്പോൾ ഉയർന്ന പ്രധാന വിമർശനം ആവശ്യമായ മുന്നൊരുക്കമില്ലാതെയാണ് ഇത് നടപ്പിലാക്കുന്നത് എന്നായിരുന്നു. 2006-ലെ ബജറ്റിൽ അവതരിപ്പിക്കപ്പെട്ട ആശയം പല രാഷ്ട്രീയകാരണങ്ങളാൽ ഒടുവിൽ 2017 ഏപ്രിലിലാണ് നിയമമായി പാസ്സാക്കിയത്; അതായത് ജി.എസ്.ടി നടപ്പാക്കുന്നതിന് 80 ദിവസം മുൻപ് മാത്രം കൂടാതെ ജി.എസ്.ടിയുടെ അടിസ്ഥാന നെറ്റ്വർക്കായ GSTN വികസിപ്പിച്ചത് കരട് നിയമത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. പതിനഞ്ചിലേറെ നികുതികൾ ഏകീകരിച്ചുണ്ടാക്കിയ ജി.എസ്.ടി നടപ്പാക്കുന്ന തിന് മുമ്പ് ആ സോഫ്റ്റ്വെയറിന്റെ കാര്യക്ഷമത പരിശോധിക്കാൻ പോലും യാതൊരു നടപടിയുമുണ്ടായില്ല.

പുതിയ നികുതി സമ്പ്രദായം നടപ്പിലാക്കാനായി നടത്തിയ പ്രചരണങ്ങൾ എന്തെല്ലാമായിരുന്നു. വ്യാപാര തടസ്സങ്ങൾ നീങ്ങി കമ്പോളം ഏകീകരിപ്പെടുകയും വിപുലമാവുകയും ചെയ്യും, കയറ്റുമതിക്ക് സമ്പൂർണ്ണ നികുതി ഇളവ് ലഭിക്കും നമ്മുടെ മത്സരശേഷി കൂടും, കയറ്റുമതി വർദ്ധിക്കും എന്നൊക്കെ കൊട്ടിഘോഷിക്കപ്പെട്ടു.

എന്നാൽ ഒന്നും സംഭവിച്ചില്ലാ എന്ന് മാത്രമല്ല ചെറുകിട ഇടത്തരം വ്യവസായ മേഖല വലിയ തിരിച്ചടി നേരിടുകയും ചെയ്തു.

രാജ്യം കണ്ട ഏറ്റവും വലിയ നികുതി പരിഷ്കാരമായിരുന്നു ജി.എസ്.ടി. നടപ്പിലാക്കൽ. നോട്ട് നിരോധനത്തിന് പിന്നാലെയെത്തിയ പുതിയ നികുതിഘടന ഉപഭോക്താക്കൾ ക്കും വ്യാപാരികൾക്കും ഒരുപോലെ ഇരുട്ടടിയായി. ഒപ്പം രാജ്യം ഒരു സാമ്പത്തിക മുരടിപ്പിലേക്ക് കൂപ്പ് കുത്തകയും ചെയ്യുന്നു. നിയമം നടപ്പിലാക്കുന്നതിൽ വന്ന കെടുകാര്യസ്ഥതക്ക് ഉദാഹരണമാണ് ജി.എസ്.ടി മൂലം അമിത വില ഈടാക്കിയാൽ അതിനെതിരെ പരാതി നൽക്കേണ്ടിയിരുന്ന ആന്റി പ്രോഹിബിറ്ററി അതോറിറ്റി. എന്നാൽ ഇതിന്റെ പ്രവർത്തനം തുടങ്ങിയത് തന്നെ നികുതി സമ്പ്രദായം നിലവിൽ വന്ന് മാസങ്ങൾക്ക് ശേഷം മാത്രം. അതിനാൽ അമിത വില ഇടാക്കുന്നതിനെതിരേ പരാതി നൽകാൻ പോലും കഴിയാത്ത അവസ്ഥയായി.




വ്യാപാരികൾക്ക് റിട്ടേൺ സമർപ്പിക്കുന്നതിലുള്ള അവ്യക്തത, ചെക്ക്പോസ്റ്റുകൾ ഒഴിവാക്കിയുള്ള അന്തർസംസ്ഥാന ചരക്ക് നീക്കത്തിന് വേണ്ടിയിരുന്ന ഇ-വേ ബില്ലിന്റെ പ്രവർത്തനം സുഗമമാകാതിരുന്നത് എന്നിവയെല്ലാം ആശയകുഴപ്പങ്ങൾ ഉണ്ടാക്കി.

ചുരുക്കത്തിൽ സാമ്പത്തിക വളർച്ചക്ക് ഉത്തേജമാകുമെന്ന് കരുതിയ പരിഷ്കാരം ലോകബാങ്കിന്റെ വരെ വിമർശനം വിളിച്ചുവരുത്തിയ ഒന്നായി മാറി. സംശയങ്ങളും പ്രയോഗിക പ്രശ്നങ്ങളും വിലയിരുത്തി കുടുതൽ കാര്യക്ഷമതയോടെ ഈ നികുതി പരിഷ്കാരത്തെ കൈകാര്യം ചെയ്തില്ലെങ്കിൽ രാജ്യം കുടുതൽ സാമ്പത്തിക അരക്ഷിതാവസ്ഥയിലേക്ക് പോകും എന്നത് നിസ്സംശയം, പറയാം.



Riya Susan Varghese



Nandana Prakash



# മീട്ടുമോ വീണ്ടുമെൻ വിപഞ്ചിക..

തൂമഞ്ഞുതഴുകുന്ന രാവിലീമുറ്റത്തെ
ജാലകത്തിണ്ണമേൽ നിന്നൊലിക്കായി കാതോർത്തിരിന്നു.
മൗനം മേനിയാകെ നിറഞ്ഞു മനസിനാനന്ദം നിലച്ചു
വിരഹകണങ്ങൾ നിറഞ്ഞ ഏകാന്തത
നിറപകിട്ടേറി പറന്നു.
മൗനത്തിൻ മാറിൽ  മയങ്ങി
വിടചൊല്ലിയകന്നു പോയെൻ വിപഞ്ചികേ...
മീട്ടു നിന്നൊലിയെന്നിൽ വീണ്ടും

ഏതോരാവിൽ  ചാരെയെത്തി
എൻ സ്വപ്നങ്ങൾ എല്ലാം നിൻ
തന്ത്രികളിൽ മെല്ലെ മീട്ടി
ആത്മമിത്രമായി നമ്മൾ മാറി
പറയാതെ സ്വരങ്ങൾ നിന്നൊലിയിലൂടറിഞ്ഞു.
ഉള്ളിലെ  സന്തോഷതിരികൾ തെളിഞ്ഞു
സ്നേഹത്താൽ ആനന്ദിച്ചുല്ലസ്സിച്ച രാവുകൾ
മറന്നതോ കോണിലിന്നുപോയകന്നു നീ
എൻ  വിരൽത്തുമ്പിനീണമായി
മാറിയ  നിൻ തന്ത്രികൾ  മീട്ടു വീണ്ടും
എൻ  കവിത തൻ വരികളായി

സ്വരമതിൽ രാഗമായി
പാത തൻ തണലായി
ഒഴുകുന്ന സരസായി
വിടരുന്ന സ്വാരസമായി
പുഞ്ചിരിയായാനന്ദമായെന്നിലണഞ്ഞ
വിപഞ്ചികേ..
നിൻ  ഹൃദയതന്ത്രികളാൽ
മീട്ടിയുണർത്തൂ മമ ജീവനും പോയ കാലവും
നിൻ നാദത്തിനായി ഞാനീവഴിത്താരയിലിരിപ്പൂ
മീട്ടുമോ വീണ്ടുമെൻ വിപഞ്ചിക!!!



**ഷരീൻ സലീം**
രണ്ടാംവർഷ ജന്തുശാസ്ത്ര ബിരുദം

# ഗാന്ധി മുതൽ അഭിമന്യു വരെ



1948 ജനുവരി 30–ന് ആ വൃദ്ധന്റെ ഇടനെഞ്ചിലേക്ക് ബുള്ളറ്റ് തുളച്ച് കയറി. അദ്ദേഹം നിലം പതിച്ചപ്പോൾ തകർന്നത് ഇന്ത്യാ മഹാരാജ്യത്തിന്റെ മതനിരപേക്ഷതകൂടിയാണ്. ഭൂരിപക്ഷ വർഗ്ഗീയതയും പിൽക്കാലത്ത് ന്യൂനപക്ഷ വർഗ്ഗീയതയും ഇന്ത്യയുടെ മതനിരപേക്ഷതയെയും മാനവികതയെയും തല്ലി കെടുത്തുമ്പോൾ കാലം ഓർത്തിരിക്കുന്ന ചില വ്യക്തിത്വങ്ങൾ ഉണ്ട് ഇവിടെ.

അന്ന് തീവ്ര ഭൂരിപക്ഷവർഗ്ഗീയത കുത്തി കയറിയത് ആ വൃദ്ധന്റെ ഹൃദയത്തിലാണെങ്കിൽ ഇന്ന് 7പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ ഇന്ന് ഇന്ത്യയുടെ തെക്കേ അറ്റത്ത് മഹാരാജാസിന്റെ അങ്കണത്തിൽ ഒരു വിദ്യാർത്ഥിയുടെ ഹൃദയത്തെ തുളച്ച് പാഞ്ഞത്. ന്യൂനപക്ഷ വർഗ്ഗീയതയുടെ വിഷകത്തികളാണ്.

മതനിരപേക്ഷതയുടെ ഈറ്റില്ലമായ കേരളത്തിലെ കലാലയങ്ങളിൽ സാബിറും, അനന്ദുവും, സ്റ്റ്യാൻലിയും ഒരുമിച്ച് ഒരു പാത്രത്തിലെ ഭക്ഷണം കഴിക്കാൻ പഠിപ്പിച്ച കേരളത്തിലെ കലാലയങ്ങളിലെ മതനിരപേക്ഷത തകർക്കാൻ ഉള്ള ആസൂത്രിതമായ പദ്ധതിക്കാണ് മഹാരാജാസ് സാക്ഷ്യം വഹിച്ചത്."

ഭൂരിപക്ഷ ന്യൂനപക്ഷ വർഗ്ഗീയത ഇവിടെ ഉടലെടുക്കുമ്പോൾ നമ്മൾ ജാഗരൂകരാകണം. ഈ നാട്ടിലെ ജനങ്ങൾ ജാഗ്രത പാലിക്കണം, ഈ നാട്ടിലെ വിദ്യാർത്ഥികളടക്കം ജാഗ്രത പാലിക്കണം നമ്മുടെ കലാലയങ്ങൾ ജാഗ്രത പാലിക്കണം സമൂഹത്തിന്റെ വിവിധ തലങ്ങളിൽ ജാഗ്രത പാലിച്ചിരിക്കണം. നമ്മുടെ സമൂഹത്തിന്റെ സ്വസ്ഥമായ നിലനിൽപ്പിന് ഭംഗംവരുത്താൻ കഴിവുള്ള ഇത്തരം ശക്തികളെ തിരിച്ചറിഞ്ഞ് മാനവികത ഊട്ടി ഉറപ്പിക്കുവാൻ നമ്മൾ ബാധ്യസ്ഥരാകണം.

സ്വതന്ത്ര ഇന്ത്യയുടെ ഇതുവരെയുള്ള ചരിത്രത്തിൽ, കണ്ടിട്ടില്ലാത്ത ഒരു പ്രത്യേക കാലത്താണ് നമ്മൾ സഞ്ചരിച്ച് കൊണ്ടിരിക്കുന്നത്. എഴുതിയവനും, പാടിയവനും, അഭിനയിച്ചവനും, കഴിച്ചവനും എല്ലാം തന്നെ അപ്രതക്ഷ്യരാകുന്നു. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു സർവകലാശാലയുടെ വൈസ്ചാൻസിലർ തെരുവീഥിയിൽ കൊലചെയ്യപ്പെട്ടത്. ഒരു പത്രാധിപൻ വെടിയുണ്ടകൾ പേറി കൊലചെയ്യപ്പെട്ടത്. രാഷ്ട്രപിതാവിന്റെ ഹൃദയം ഭേദിച്ച ആ വെടിയുണ്ട 2013 ആഗസ്റ്റിൽ നരേന്ദ്ര ദാബോർക്കറിന്റെയും, 2018–ൽ കൃം ഗോങ് പൻസാരയുടെയും പിന്നീട് കൽബുർഗിയുടെയും 2018–ൽ കേരളത്തിന്റെ സ്വന്തം പുത്രൻ അഭിമന്യുവിന്റെയും ഹൃദയങ്ങൾ ഭേദിച്ചത്.

ഒരു ഭാഗത്ത് ഭൂരിപക്ഷ വർഗ്ഗീയതയും മറുഭാഗത്ത് ന്യൂനപക്ഷ വർഗ്ഗീയതയും ഒരു നാണയത്തിന്റെ രണ്ട് വശംപോലെ സമൂഹത്തിനെ കാർന്ന് തിന്നുമ്പോൾ, ബഹുസ്വരതയുടെ ഇന്ത്യയിൽ മാനവികതയിൽ ഊന്നിയ ഒരു രാഷ്ട്രീയ സാഹചര്യം ഉൾത്തിരിഞ്ഞു വരുന്നതിനെ ഹൃദയം കൊണ്ട് നമുക്ക് സ്വാഗതം ചെയ്യാം. ഒപ്പം ഹൃദയം കൊണ്ട് നമുക്ക് ഒന്നിച്ച് പറയാം ........
"വർഗിയ വാദം തുലയട്ടെ"



**ജിൻസ് വർഗ്ഗീസ്**
**മൂന്നാംവർഷ കൊമേഴ്സ് ബിരുദം**

# കലാലയം ഒരു സ്വർഗ്ഗം



**മെർലിൻ വർഗീസ്**
മൂന്നാംവർഷ ഭൗതീക ശാസ്ത്ര ബിരുദം

യൗവ്വനത്തിന്റെ വസന്തം തുളുമ്പുന്ന കാലഘട്ടമാണ് കലാലയം സമ്മാനിക്കുന്നത്. കലാലയത്തിലെ ഓരോ നിമിഷവും ജീവിതത്തിൽ സന്തോഷത്തിന്റെ നിഴലുകളാണ് നൽകുന്നത്. ആഘോഷങ്ങളുടെ യൗവ്വനം ഉത്സവമാക്കി മാറ്റുന്ന കലാലയം ഒരു പിടി നല്ല ഓർമ്മകൾ നല്കുന്ന ഇടം കൂടിയാണ്.വിദ്യാഭ്യാസം എന്ന പ്രക്രിയയോടൊപ്പം തന്നെ സൗഹൃദം എന്ന കൂട്ട് രൂപപ്പെടുന്ന വേദികൂടിയാണത്. പലപ്പോഴും പിണക്കത്തിന്റെയും ഇണക്കത്തിന്റെയും ഇടങ്ങളായി മാറാറുണ്ട്. എന്നാൽ ജീവിതാനുഭവങ്ങളെ രുചിച്ചറിയുവാൻ അവ മുഖാന്തരങ്ങളായി തീരുന്നു.

## സൗഹൃദത്തിന്റെ ഉദയം

പഠനയാത്രയിൽ എന്നും സൗഹൃദം ഒരു മുതൽക്കൂട്ടാണ്.സൗഹൃദങ്ങൾ ഉദിക്കുമ്പോൾ യൗവ്വനത്തിന്റെ ഊഷ്മളതയും ഉന്മേഷവും വർദ്ധിക്കുന്നു.ഇതിലൂടെ കലാലയ അങ്കണത്തിനപ്പുറം സാമൂഹിക രംഗങ്ങളിൽ നന്മയുടെ പ്രതീകങ്ങളായി മാറുവാൻ ഓരോ പഠിതാവിനും സാധിക്കുന്നു. ഐകമത്യം മഹാബലം എന്നാണല്ലോ.വ്യക്തി, യുവാവ്, യുവതി എന്നതിൽ നിന്ന് വ്യതിചലിച്ച് വ്യക്തികളായി, യുവാക്കളായി യുവതികളായിമാറുമ്പോൾ അസാദ്ധ്യതകൾ സാദ്ധ്യതകളായി തീരുന്നു. ഒരുവന്റെ വേദനയിലും സന്തോഷത്തിലും ഒരുപോലെ പങ്കാളിയാകുവാൻ സൗഹൃദമെന്ന കൂട്ടായ്മ പഠിപ്പിക്കുന്നു.

## സൗഹൃദത്തിന്റെ കലവറ

കലാലയമെന്ന കലവറയിൽ നിന്ന് ഒരുവന് നല്ലതും ചീത്തയും തിരഞ്ഞെടുക്കാം. ഈ തിരഞ്ഞെടുപ്പാണ് ജീവിതത്തിന്റെ വിജയപടവുകളെ നിശ്ചയിക്കുന്ന ഒരു ഘടകം. അതുകൊണ്ടുതന്നെ ഇവയിൽ സൗഹൃദത്തിനുള്ള പങ്ക് ശ്രദ്ധേയമാണ്. സൗഹൃദം ആസ്വാദനത്തിന്റെ ആഹ്ലാദത്തിന്റെയും അറിവിന്റെയും നിക്ഷേപങ്ങളായി തീരണം. ഇന്ത്യയുടെ മുൻ രാഷ്ട്രപതി ഡോ.എ.പി.ജെ. അബ്ദുൾകലാം ഇപ്രകാരം പറയുന്നു : One best book is equal to hundred Good Friends, but one good friend is qual to a library. ഒരുവന്റെ അന്ധകാരം നിറഞ്ഞ ജീവിതവീഥിയിൽ അറിവെന്ന വെളിച്ചം പകരുവാൻ, ഇടറുന്ന പാദങ്ങൾക്ക് താങ്ങാകുവാൻ ജീവിതലക്ഷ്യം പ്രാപ്തമാക്കുന്നതിന് കൂട്ടായി പ്രവർത്തിപ്പാൻ ഒരു നല്ല സുഹൃത്തിന് കഴിയണം. സൗഹൃദം എന്നത് വിദ്യാർത്ഥികളിൽ നിന്നും വിദ്യാർത്ഥികളിലേക്ക് രൂപം കൊള്ളുന്ന ചങ്ങല മാത്രമല്ല, അത് വിദ്യാർത്ഥിയിൽ നിന്നും അദ്ധ്യാപകനിലേക്കും രൂപം കൊള്ളാവുന്ന ഒന്നാണ്. ഇങ്ങനെ അനേകം കണ്ണികൾ ഈ ചങ്ങലയുടെ ഭാഗമായി തീരുന്നു. സൗഹൃദം ബന്ധനത്തിന്റെ ചങ്ങലയല്ല, ബന്ധങ്ങളെ ഊട്ടിയുറപ്പിക്കുന്ന ഒന്നാണ്.അപ്രകാരമുള്ള സൗഹൃദ കൂട്ടായ്മകൾ സൃഷ്ടിക്കുന്ന കലവറകളായി തീരുവാൻ ഓരോ കലാലയങ്ങൾക്കും ഇടയാകുമ്പോൾ സ്വർഗ്ഗം ഭൂമിയിൽ രൂപം കൊള്ളുന്നു.



**ശ്രീശൈൽ.എസ്.നായർ**
രണ്ടാംവർഷ ഗണിതശാസ്ത്ര ബിരുദം

# നിശ്ശബ്ദത

കഴിഞ്ഞ ദിവസം പത്രത്തിൽ ഒരു വാർത്ത വായിക്കുകയുണ്ടായി. മലപ്പുറം ജില്ലയിലെ തെക്കേമല എന്ന സ്ഥലത്തുവച്ച് ഒരു വാൻമറിഞ്ഞ് രണ്ടു കുട്ടികൾ മരിച്ചു.സാധാരണ പോലെ ഇതും അപകടം ആണെന്ന് കരുതി അടുത്ത പേജ് മറിക്കാൻ തുടങ്ങുമ്പോഴാണ് ഞാൻ ശ്രദ്ധിച്ചത്. ആ വാനിൽ 21 കുട്ടികൾ ഉണ്ടായിരുന്നു, അവരുടെ ഭാരം വേറെയും. എന്താണ് നമ്മുടെ സമൂഹത്തിനു സംഭവിക്കുന്നത് ? കുട്ടികളുടെ ജീവന് യാതൊരു വിലയും നൽകുന്നില്ല കേവലം അറവുമാടുകളെ പോൽ കുത്തിനിറച്ച് കൊണ്ടുപോവുകയാണ് അവരെ. നമുക്കു ചുറ്റും ഇതുപോലെ നിരവധി ദൃശ്യങ്ങൾ കാണുന്നു. എങ്കിലും നമ്മുടെ മനസ്സ് അത് കാണുന്നില്ല.നാളെ നമ്മുടെ കുട്ടികൾക്കു ഈ ഗതി വന്നാൽ നാം നിശബ്ദർ ആകുമോ ? അനീതിക്കെതിരെ വിരൽ ചലിപ്പിക്കുക എന്ന് പറഞ്ഞാൽ സോഷ്യൽ മീഡിയയിൽ കൂടി ഫോണിന്റെ സ്ക്രീനിൽ അല്ല ചലിപ്പിക്കേണ്ടത്. നമ്മുടെ ചുറ്റുപാടുകൾ തന്നെ മാറ്റി തുടങ്ങുക. ഒരു ദിവസം കൊണ്ടു ഈ ലോകം മാറ്റിമറിക്കൽ ഒന്നും സാധിക്കില്ല എങ്കിലും നിങ്ങൾക്ക് നിങ്ങളെ മാറ്റുവാൻ സാധിക്കും. ശബ്ദം ഉയർത്താൻ പറ്റുന്നിടത്ത് ശബ്ദം ഉയർത്തുക. അതിനു സാധിച്ചില്ല എങ്കിൽ സമൂഹത്തിനു മുന്നിൽ തുറന്നു കാട്ടുക ഇവിടെ എന്തു അനീതി നടന്നാലും നാളെ നമ്മളേയും ബാധിക്കും. നാളെ നമുക്ക് വേണ്ടി ശബ്ദമുയർത്താൻ ആരെങ്കിലും വേണമെങ്കിൽ നാം ഇന്ന് പലർക്കുവേണ്ടിയും ശബ്ദം ഉയർത്തണം.



# മഴനിനവുകൾ

മഴകാത്തുനിൽക്കുന്ന വീഥികളിൽ
പടരുന്നൊരീ പകൽ ദൂരങ്ങളിൽ
നിഴലായി നിറ നിനവുകൾ പാടി
തണലായി തപിക്കുന്ന വാക പെയ്തു

വിദൂരങ്ങളിൽ വഴിക്കാഴ്ച മങ്ങി
ത്തുടങ്ങുമ്പോൾപൊഴിയുന്നോരോ
നിനവുമീ വിഥീയിൽ
മഴയിൽ തളിർത്തിട്ട് വെയിലുരുക്കി
നിലാവായി നിറയുന്നവ രാത്രികളിൽ
പറയാൻ മറന്നിട്ടും, മൗനത്തിൽ
ആഴ്ന്നിടും ഓർമ്മയിൽ പൂക്കുന്ന
വാക്കുകൾ പോലെ
തളിർക്കാറുണ്ടൊരായിരം നിനവുകൾ
ഓരോ മഴയിലും
അതിനാലിന്നും മഴ പെയ്യുന്നു
മനസ്സിലൊരായിരം നിനവുകൾ
മഴയായുസ്സുള്ള നിനവുകൾ

നിന്നോളം ഒഴുകുന്ന ദൂരത്തിൽ
പടരാത്തൊരി യാത്ര നിറം തേടവേ
നിനവേ നീ നിറവേ ചിരിക്കുക
ഓർമ്മയുടെ നിഴലാട്ടക്കഥകളിൽ
അതെന്നും
കഥയിലൊരാദ്യമാവുമ്പോൾ



**അശ്വതി രാജൻ**
രണ്ടാംവർഷ സസ്യശാസ്ത്ര ബിരുദം

കവിത

# ഞാൻ

ഒരു വരിപ്പാതയിൽ ഏകയായ് നിൽപൂ ഞാൻ
ആരോരുമില്ലാതനാഥയെപ്പോൽ
ഞാനെന്ന ഭാവത്തെ ഞാനെന്ന സത്യത്തെ
ഞാനെന്നാത്മാവിനെ അറിയാത്തപോൽ
എവിടേക്ക് പോകണം? എവിടെ വസിക്കണം?
അറിയില്ലാ ജീവിതം മായപോലെയായ്.....
ക്രൂരനിഷ്ടൂരതകൾ ചെയ്തിഹെ മാനവ-
ജന്മം മടുത്തൊരു പെൺ കിടാവായ്
അലയുന്നു ഞാനിതാ ജീവിതപ്പാതയിൽ
അന്തമറിയാനായ് പായുന്നു.
വിജനമാം വീഥിയിൽ, ഒരു നിഴൽ
സ്പർശമായ് യാത്ര തുടരുന്നു ഞാൻ





**ആര്യ രവീന്ദ്രൻ**
ഒന്നാംവർഷ സസ്യശാസ്ത്ര ബിരുദം










ഡോ.നിധി അലക്സ് എം.നൈനാൻ

# എത്തി, ഈസ്റ്റിന്ത്യാ കമ്പനി

ഇന്ത്യയിൽ ഈസ്റ്റിന്ത്യാ കമ്പനിയുടെ നാളുകൾ വിണ്ടും വരവായി അധിനിവേശത്തിന്റെ കയ്പുനീർ ഇന്ത്യക്കാരെ ആവോളം കുടിപ്പിച്ച ലോക ചരിത്രത്തിലെ ആദ്യകുത്തകകമ്പനി 140 വർഷത്തെ ഇടവെളയ്ക്കു ശേഷം വിണ്ടുമെത്തുന്നതും പഴയ ലക്ഷ്യവുമായിത്തന്നെ. കമ്പനി ഉൽപ്പനങ്ങൾ വിറ്റഴിക്കുക. പുകൾപെറ്റ ഇന്ത്യൻ ഉൽപ്പനങ്ങൾ വിപണനം ചെയ്യുക.

മധുരമായ ഒരു പകരം വീട്ടിലുടെ ഓരോ ഭാരതീയനും അഭിമാനിക്കാനുള്ള വകയുമായാണ് ഈസ്റ്റിന്ത്യാ കമ്പനിയുടെ ഇത്തവണത്തെ വരവ്. കാരണം ഈസ്റ്റിന്ത്യാ കമ്പനിയെ കൈപ്പിടിയിലൊരുക്കി നയിക്കുന്നത് ഇന്നൊരു ഇന്ത്യൻ പൗരനാണ്. അടുത്ത കാലത്തു പുനരുജ്ജീവിക്കപ്പെട്ട ഈസ്റ്റിന്ത്യാ കമ്പനി യുടെ ഓഹരികൾ മുഴുവൻ വിലകൊടുത്തു വങ്ങിയ സഞ്ജീവ് മേത്ത എന്ന ഇന്ത്യൻ വ്യവസായി അതി ന്റെ നഷ്ടപ്രതാപം വീണ്ടെടുക്കാനുള്ള പുറപ്പാടിലാ ണിപ്പോൾ.

തേയിലയും കാപ്പിയും, കറുത്തപൊന്നും സുഗന്ധദ്രവ്യങ്ങളും പാശ്ചാത്യ നാടുകളിലെത്തിക്കാനും ബ്രിട്ടീഷ് ഉൽപ്പന്നങ്ങൾ ഇവിടെ വിപണനം ചെയ്യാനുമായി ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി 1608 ലാണ് ഇന്ത്യൻ മണ്ണിൽ കാലു കുത്തിയത്. തുച്ഛമായ വിലയ്ക്കു സംഭരിച്ച ഉൽപ്പന്നങ്ങൾ നൂറും നൂറ്റമ്പതും മടങ്ങു വിലയ്ക്കു പാശ്ചാത്യ രാജ്യങ്ങളിൽ വിറ്റു സമ്പത്ത് വാരിക്കൂട്ടിയ കമ്പനി ഒടുവിൽ കടംകയറി മുടിഞ്ഞു.

ലണ്ടനിലെ ഒരു സംഘം വണിക് പ്രമുഖർക്ക് എലിസമ്പത്ത് രാഞ്ജി വിദൂര പൗരസ്ത്യ ദേശങ്ങളുമായി വ്യാപാരം നടത്താൻ അനുമതി നൽകിയതോടെ തുടങ്ങുന്നു ഈസ്റ്റിന്ത്യാ കമ്പനിയുടെ കഥ. 125 ഓഹരിയുടമകൾ 3000 പവന്റെ മൂലധന നിക്ഷേപവുമായി 1600 ഡിസംബർ 31നു കമ്പനി രജിസ്റ്റർ ചെയ്തു.കടൽ കടന്ന് ഇന്ത്യയിലെത്തി വ്യാപാരം ചെയ്യുകയും ക്രമേണ ദുർബലമായ നാട്ടുരാജ്യങ്ങളോന്നൊന്നായി പിടിച്ചടക്കി കോളനി ഭരണത്തിന് വഴിമരുന്നിടുകയും ചെയ്ത ഈസ്റ്റിന്ത്യാ കമ്പനി പതിനെട്ടും പത്തൊമ്പതും നൂറ്റുണ്ടുകളിൽ ഇന്ത്യയിലെ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ മുഖ്യപ്രതിനിധിയായി മാറി. 1757 മുതൽ 1857 വരെയായിരുന്നു. കമ്പനിയുടെ സുവർണകാലം. ദുർഭരണം അഴിമതി സ്വജനപക്ഷപാതം എന്നിവമൂലം പിൻകാലത്തു ഭാരതത്തിന്റെ ഭരണഭാരം ഈസ്റ്റിന്ത്യാ കമ്പനിയിൽ നിന്ന് വിക്ടോറിയാ രാഞ്ജി നേരിട്ട് ഏറ്റെടുത്തതോടെ അതിന്റെ തകർച്ച ആരംഭിക്കുകയായിരുന്നു.1857-ലെ ശിപായി ലഹളയെത്തുടർന്നായിരുന്നു ഈ ഏറ്റെടുക്കൽ. തുടർന്നു വരവും ചെലവും കൂട്ടിമുട്ടിക്കാൻ ബുദ്ധിമുട്ടിലായ കമ്പനി 16 വർഷത്തിനുശേഷം 1857 ജനുവരി ഒന്നിനു കടംകയറി

പിരിച്ചുവിട്ടു.

കാലഹരണപ്പെട്ട ഈസ്റ്റിന്ത്യാ കമ്പനിയുടെ കുറേ ഓഹരികളുമായി നൽപതോളം ബ്രിട്ടീഷ് വ്യവസാരികൾ 1997ൽ ഗവൺമെന്റിനെ സമീപിച്ചതോടെ തുടങ്ങുന്നു ഈസ്റ്റിന്ത്യാ കമ്പനിയുടെ രണ്ടാം ജന്മം അതിപുരാതനവും ലോകപ്രശസ്തവുമായ ഈസ്റ്റിന്ത്യാ കമ്പനിയുടെ നാമധോയത്തിൽ വ്യപാരം നടത്തുകയായിരന്നു ഇവരുടെ ഉദ്ദേശ്യം . തേയില, കാപ്പി സുഗന്ധ ദ്രവ്യങ്ങൾ എന്നിവ കമ്പനി നാമത്തിൽ വിപണനം ചെയ്യാനാരംഭിച്ച ഈ വ്യവസായികൾ 2003–ൽ മേന്മമേറിയ ഇന്ത്യൻ തേയിലയുടെ ലഭ്യതയ്ക്കായി ബിസിനസുകാരനായ സഞ്ജിവ് മേത്തയുടെ സഹായം തേടി. അതിപ്രശസ്തമായ ഈ ബ്രാൻഡിന്റെ അനന്ത സാധ്യുതയും പ്രാധാന്യവും മുൻകൂട്ടിക്കണ്ട മേത്ത ഇതിനു വേണ്ട സഹായം നൽകാമെന്നേറ്റു. കമ്പനിയുടെ ഓഹരികൾ ഉടമസ്ഥരായ ബ്രിട്ടീഷ് വ്യവസായികളിൽ നിന്ന് ഒന്നൊന്നായി വാങ്ങാനാരംഭിച്ച മേത്ത മൂന്നു വർഷത്തിനിടെ അവസാനത്തെ ഓഹരിയും സ്വന്തമാക്കി ഒപ്പം നൂറ്റാണ്ടുകൾ മുൻപ് എലിസബത്ത് രാജ്ഞി കനിഞ്ഞു നൽകിയ കമ്പനിയുടെ പ്രസിദ്ധമായ ട്രേഡ്മാർക്കും. 2005 മാർച്ചിൽ അവസാനിച്ച ഈ ഇടപാടിന് 20 ദശലക്ഷം പൗണ്ട് മുടക്കേണ്ടിവന്നു.



*സഞ്ജിവ് മേത്ത*

പകുതിയിലേറെ ലോകരാജ്യങ്ങളുമായി വ്യാപാര ബന്ധമുണ്ടായിരുന്ന ഈസ്റ്റിന്ത്യാ കമ്പനിയുടെ ഗതകാലത്തെക്കുറിച്ചു കുടുതലറിയാന്നായി പഴയ ബ്രിട്ടീഷ് കോളനികൾ സന്ദർശിച്ച മേത്ത കമ്പനിയുടെ ചരിത്രം, പാരമ്പര്യം ഇവയിൽ കൂടുതൽ അറിവ് നേടി.അഞ്ചു വർഷക്കാലം ഇതിനായി അദ്ദേഹം യാത്രകൾ നടത്തി. കമ്പനിയുടെ അധീനതയിലുായിരുന്ന കോട്ടകൊത്തളങ്ങൾ, സംഭരണശാലകൾ, മ്യൂസിയങ്ങൾ ഇവ സന്ദർശിക്കുകയും ചരിത്രരേഖകൾ പരിശോധിച്ച് വസ്തുതകൾ മനസ്സിലാക്കുകയും ചെയ്തു.അന്നത്തെ വ്യാപാരസമ്പ്രദായത്തെപ്പറ്റി അറിവുള്ളവർ, ചരിത്രകാരന്മാർ ഗവേഷകർ ഇവരുമായും മേത്ത ചർച്ചകൾ നടത്തി. ഏറ്റെടുത്ത് അഞ്ചു വർഷത്തിനുള്ളിൽ 2010 മെയിൽ ലണ്ടനിലെ മേഫെയറിൽ ഈസ്റ്റിന്ത്യാ കമ്പനിയുടെ ആദ്യ ഷോറും പ്രവർത്തനമാരംഭിച്ചു. തുടർന്ന് ജപ്പാൻ, റഷ്യ, തായ്ലൻഡ്, സൗദി അറേബ്യ, ന്യൂസിലൻഡ്, അമേരിക്ക, മൗറീഷ്യസ് എന്നീ രാജ്യങ്ങളിലും യൂറോപ്പിലെ എല്ലാ വിമാനത്താവളങ്ങളിലും കമ്പനിഷോറുമുകൾ തുറന്നു. ഇന്ന് ഇംഗ്ലണ്ടിൽ മാത്രം എട്ടു ഷോറുമുകളുണ്ട്. ബ്രിട്ടീഷ് കോളനിയായിരുന്ന ഒട്ടുമിക്ക രാജ്യങ്ങളി ലും ഷോറുമുകളുള്ള കമ്പനി, ഇന്ത്യയിൽ കൊൽകത്തെയും മുംബൈയും ആണു ലക്ഷ്യമിടുന്നത്. പാശ്ചാത്യ നാടുകളിൽ വൻ ഡിമാൻഡുള്ള ഇന്ത്യൻ തേയിലയുടെ ഉൽപ്പാദനത്തിനായി ബംഗാളിലെ ഡാർജിലിങ്ങിൽ കമ്പനി തോട്ടം പാട്ടത്തിനെടുത്തു കഴിഞ്ഞു 170 വർഷം മുൻപ് ഇന്ത്യയിൽ ഈസ്റ്റിന്ത്യാ കമ്പനി ആദ്യ തേയിലത്തോട്ടം സ്ഥാപിച്ചതും ഇവിടെത്തന്നെയാണ്.

ലോകോത്തരമായ തേയിലയ്ക്കു പുറമെ കാപ്പി, സുഗന്ധദ്രവ്യങ്ങൾ, ചോക്ലേറ്റ്, ലതർ ഉൽപ്പന്നങ്ങൾ,ഫർണിച്ചർ,തുണിത്തരങ്ങൾ, ക്രോക്കറികൾ, പഴങ്ങൾ,അച്ചാറുകൾ തുടങ്ങി 250ൽപ്പരം ഉൽപ്പന്നങ്ങളാണ് ഇന്ന് കൈകാര്യം ചെയ്യുന്നത്. 2012 അവസാനത്തോടെ ലാഭകരമായി മാറിയ കമ്പനിയുടെ വരുമാനം 2020ൽ 130 ദശലക്ഷം പൗണ്ട് കവിയുമെന്നാണു പ്രതീക്ഷ. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 100ദശലക്ഷം പൗണ്ടിന്റെ വികസന പ്രവർത്തനങ്ങളാണ് മേത്ത വിഭാവനം ചെയ്യുന്നത്. കഴിഞ്ഞ നാലു തലമുറയായി ഇംഗ്ലണ്ടും, മധ്യപൂർവ രാജ്യങ്ങളും കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന വജ്ര വ്യാപാര രംഗത്തെ ഭീമന്മാരാണ് സഞ്ജീവ് മേത്തയുടെ കുടുംബം. ഗുജറാത്തിൽ ജനിച്ചുവളർന്ന മേത്ത മുംബൈ സർവകാലശാഖയിൽ നിന്നു സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം നേടുകയും തുടർന്ന് അമേരിക്കയിലെ ലൊസാഞ്ചൽസിലുള്ള ജെമ്മോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനം നേടുകയും ചെയ്തു. 1983 ലാണ് അദ്ദേഹം കുടുംബ ബിസിനസ്സിലേക്കു കടന്നത്.1999ൽ ഇംഗ്ലണ്ടിൽ പെട്രോ കെമിക്കൽസ്, ഡയമണ്ട് കാർഷിക മെഷിനറികൾ ഇവ ഉൾപ്പെട്ട വൻ ബിസിനസ് ശൃംഖല സ്ഥാപിച്ച സഞ്ജിവ് മേത്ത ബ്രിട്ടനിലെ കോടീശ്വരന്മാരിലൊരാളാണ്.

*( മലയാള മനോരമയുടെ*
*'ഞായറാഴ്ച' യിൽ പ്രസിദ്ധീകരിച്ചത്)*

# ക്രിസ്മസ് കരോൾ














# കാമ്പസിനെ പ്രണയിക്കുന്ന മഴത്തുള്ളികൾ




മുഹമ്മദ് അജ്മൽ
മൂന്നാംവർഷ ഗണിത ശാസ്ത്ര ബിരുദം


ഭൂമിയിൽ ഒരു സ്വർഗ്ഗമുണ്ടെങ്കിൽ അത് ഈ ക്യാമ്പസ് ആണെന്നു വിളിച്ചുപറയാൻ മടി ഇല്ലാത്ത ഒരു കൂട്ടം വിദ്യാർത്ഥികളുടെ എല്ലാമെല്ലാമായ ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജ്. അതിന്റെ ഇടനാഴികളിലൂടെ നടക്കുമ്പോൾ സൗഹൃദത്തിന്റെ മണിച്ചെപ്പ് തുറക്കാൻ ഒരായിരം മഴത്തുള്ളികൾ കൂട്ടിനെത്തുന്നു.സൗഹൃദവും,ആഘോഷങ്ങളും, പ്രണയവും, വിരഹവും കൊണ്ട് നിറഞ്ഞു നിന്നിരുന്ന ക്യാമ്പസ് അനുഭവങ്ങളിൽ മഴ എന്നും കൂട്ടിനുണ്ടായിരുന്നു. തോരാമഴയത്ത് ഒരു കുടക്കീഴിൽ ചേർന്നു നിന്നിരുന്ന ആൺ-പെൺസൗഹൃദങ്ങൾ. വീണ്ടുകിട്ടുന്ന ഇടവേളകളിൽ ക്യാമ്പസിലെ സ്റ്റോൺ ബെഞ്ചുകളിൽ കൂടിയിരുന്നു കൊച്ചുവർത്തമാനങ്ങൾ പറയുമ്പോൾ ചാറ്റൽ മഴ കൂട്ടിനുണ്ടായിരുന്നു..... ക്യാമ്പസ് കവാടത്തിനടുത്തുള്ള അത്തിമര ചുവട്ടിൽ മഴയത്ത് കൂട്ടുകാരെ കാത്തു നിന്ന നിമിഷങ്ങൾ.......... അങ്ങനെ കലാലയ ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ നിമിഷങ്ങളാണ് ഈ ക്യാമ്പസ് നൽകിയിട്ടുള്ളത്.

ക്യാമ്പസിന്റെ ഇടവഴികളിൽ ഇപ്പോഴും മഴയുടെ ഇരമ്പലുകൾ മുഴങ്ങുന്നുണ്ട്. മഴയെത്തുമ്പോൾ ക്യാമ്പസിലെ അക്കേഷ്യയിൽ ചേക്കേറുന്ന വിവിധതരം പക്ഷികൾ..... ഇടതൂർന്നു നിൽക്കുന്ന പുല്ലുകൾക്കിടയിൽ പതുങ്ങിനിൽക്കുന്ന പുൽച്ചാടികൾ, പുഴുക്കൾ....

ക്യാമ്പസിലെ വാകമരങ്ങളിലൂടെ ഒഴുകിയെത്തുന്ന തണുത്ത കാറ്റ്, നമ്മുടെ മനസ്സിന് കുളിർമയേകുന്ന ഒരു അനുഭവം തന്നെയാണ്. കാറ്റുപിടിക്കുന്ന കാറ്റാടി മരങ്ങൾ. .........അവ പരസ്പരം ഇഴുകി ചേർന്ന് നിൽക്കുന്നു.......അവയിൽ തല തൂങ്ങികിടക്കുന്ന കാട്ടുവേതാളങ്ങൾ. തണൽ പൂക്കുന്ന പൂമരങ്ങൾ........ ഒരു മരത്തിൽ തന്നെ പച്ചയുടെ വ്യതസ്തതയാർന്ന ഇലകൾ പ്രകൃതിയുടെ ഏറ്റവും മനോഹരമായ മുഖം ഈ ക്യാമ്പസ് ആണെന്ന് തോന്നിപോകും.

മഹനീയമായ ഈ ക്യാമ്പസിലേക്ക് കടന്നുവന്നതും ഒരു മഴയുടെ തുടക്കത്തിലാണ്. അന്ന് ക്യാമ്പസിനെ തൊട്ടറിഞ്ഞത് ഈ മഴത്തുള്ളികളിൽ കൂടിയായിരുന്നു. ഇന്ന് എന്നിൽ ആർത്തുപെയ്യുന്ന ഈ മഴ പെയ്തു തീരേ സമയം സമാഗതമായി. കൊഴിഞ്ഞു വീഴുന്ന ഇലകൾക്കും പൂക്കൾക്കും ഒപ്പം നഷ്ടപ്രണയങ്ങളും ഈ മഴവെള്ളപ്പാച്ചിലിൽ ഒഴുക്കിവിടാം. ക്യാമ്പസിൽ പെയ്തു കൊണ്ടിരുന്ന മഴയുടെ ഓർമ്മകൾ എന്നുമെന്നിൽ തങ്ങിനിൽക്കും. അകലെ നിന്നെങ്ങോ അടർന്നു വീഴുന്ന മഴത്തുള്ളികൾ ഓരോന്നും ക്യാമ്പസിന്റെ കാൽപ്പാദങ്ങളിൽ തഴുകി, ഈ മണ്ണിലേക്ക് തന്നെ അലിഞ്ഞു ചേർന്നു കൊണ്ടിരിക്കുമ്പോൾ ഇവിടുത്തെ തണൽ മരത്തിന്റെ ചില്ലകളിൽ തളിരിട്ടു പഴകി പഴുത്ത ഒരിലയായ് ഞാൻ മണ്ണിലേക്ക് വീഴും. ഒരു കണ്ണീർക്കണം ഈ ഭൂമിയിൽ അവശേഷിപ്പിച്ച് ഞാൻ പടിയിറങ്ങും. അപ്പോഴേക്കും നമുക്ക് സ്വതന്ത്രമായിരുന്ന ഈ ക്യാമ്പസിന്റെ ഓരോ ഭാഗവും അതിന്റെ അവകാശികളിലേക്ക് കൈമാറി കഴിഞ്ഞിരിക്കും. പിന്നീടവ ഗൃഹാതുരതയുടെ സംഗീതം പൊഴിച്ചു കുറെ ഓർമ്മ കൾ മാത്രമാകും.

> *"സൗഹൃദവും, ആഘോഷങ്ങളും, പ്രണയവും, വിരഹവും കൊണ്ട് നിറഞ്ഞു നിന്നിരുന്ന ക്യാമ്പസ് അനുഭവങ്ങളിൽ മഴ എന്നും കൂട്ടിനുണ്ടായിരുന്നു."*



ശ്രീലക്ഷ്മി .കെ
ഒന്നാംവർഷ ഗണിത ശാസ്ത്ര ബിരുദം

# ഓർമ്മയുടെ ആരാമത്തിൽ

പൂവിന്റെ ദളങ്ങൾ  കൊഴിഞ്ഞു പോകുമ്പോലെ
ഞാൻ ഈ കലാലയത്തിൽ നിന്ന് പൊഴിഞ്ഞു പോകുമ്പോൾ
ആയിരം സുഖങ്ങൾക്കു മീതെ ഒരു ദുഃഖം മാത്രം
സ്വപ്നങ്ങൾ നെയ്തു തുടങ്ങിയ
ഈ കലാലയ ജീവിതത്തിലെപ്പോഴോ ഞങ്ങളിൽ  നിന്നും
ഈ ലോകത്തിൽ നിന്നും മാഞ്ഞുപോയ ആ തോഴി
അവളെന്നും ഞങ്ങളുടെ ഹൃദയത്തിൻ മടിത്തട്ടിലെവിടെയോ
മായാത്ത മാരിവില്ലുപോലെ
ഒരു കാറ്റിൻ ദളമർമ്മരത്തിൻ
കൊഴിയുന്ന പൂക്കൾ പോൽ
ഒരു നാളും അറിഞ്ഞില്ല ഇനിയൊരു വേർപാട്
എൻ മനമാകും വിണ്ണിൻ ശിരസ്സിൽ
പെട്ടെന്നുദിച്ചുയർന്നസ്തമിച്ച വെൺ താരകം പോൽ
ഇനി യാത്ര പറഞ്ഞിടാം
അവശേഷിക്കുന്ന അവസാന സുഹൃത്തിനോടും
എൻ മാനസിക സംഘർഷങ്ങളുടെ
തീഷ്ണവേനലിൽ തണലുനിൽക്കുകയും
ഓർമ്മയുടെ ഇത്തിരിച്ചെപ്പിനുള്ളിൽ
ഒരുപിടി ഹൃദയബന്ധങ്ങൾ സമ്മാനിച്ച പ്രിയപ്പെട്ടവരേയും
അറിയുന്നു ഞാൻ നിങ്ങൾ തൻ
സൗഹൃദം ഒരു വേർപാടിന്റെ വിരൽത്തുമ്പിലും
ഒരു രാഗാമൃത സംഗീതംപോൽ
എന്നും അനശ്വരമാകട്ടെ നമ്മുടെ സൗഹൃദം

# വിപ്ലവസൂര്യൻ

## – ഫിദൽ കാസ്ട്രോ



ഷിയാസ്
മൂന്നാംവർഷ സാമ്പത്തിക ശാസ്ത്രം

ലാറ്റിൻ അമേരിക്കയിലെ ക്യൂബയെന്ന ചെറുരാജ്യത്തെക്കുറിച്ച് കേൾക്കുമ്പോൾ ഓർമ്മയിലെത്തുക ഫിദൽ കാസ്ട്രോ എന്ന വിപ്ലവകാരന്റെ മുഖമാണ്. ലോകത്തിനു മുൻപിൽ തല ഉയർത്തിപ്പിടിച്ചു നിൽക്കാൻ ക്യൂബയെ പ്രാപ്തനാക്കിയ ജനനേതാവ്

ഇരുപതാം നൂറ്റാണ്ടിലെ രണ്ടാം പകുതിയിലാണ് കരീബിയൻ കടലിലെ കൊച്ചുദ്വീപായ ക്യൂബയും ഫിദൽ കാസ്ട്രോ എന്ന പേരുള്ള അസാധാരണ വ്യക്തിത്വമുള്ള മനുഷ്യനും ലോകശ്രദ്ധയിലേക്ക് കടന്നുവരുന്നത് . ഫിദൽ കാസ്ട്രോയുടെ നേതൃത്വത്തിൽ ഒരു സംഘം യുവാക്കൾ സായുധ അട്ടിമറിയിലൂടെ ക്യൂബയിലെ അന്നത്തെ ഭരണാധികാരിയായിരുന്ന ബാറ്റിസ്റ്റായെ പുറത്താക്കി അധികാരം പിടിച്ചെടുത്തു. ഈ സംഭവത്തിന് ലോകം അന്ന് വലിയ പ്രാധാന്യം ഒന്നും നൽകിയില്ല. എന്നാൽ പിന്നീട് കാസ്ട്രോ ക്യൂബയിൽ നടപ്പിലാക്കിയ ഭരണപരിഷ്കാരങ്ങൾ അമേരിക്കയെ ചൊടിപ്പിച്ചു. വൻകിട ഫാക്ടറികളും കൃഷിയിടങ്ങളും ക്യൂബൻസർക്കാർ ഏറ്റെടുക്കാൻ തുടങ്ങി. അമേരിക്കൻ ഐക്യനാടുകളിലെ വൻകിട കമ്പനികളായിരുന്നു ഇവയൊക്കെ കൈയ്യടക്കിവെച്ചിരുന്നത്. ലോകത്തിന്റെ പഞ്ചസാര കിണ്ണം എന്നറിയപ്പെട്ടിരുന്ന ക്യൂബയിൽ തങ്ങളുടെ താൽപര്യങ്ങൾ ഹനിക്കപ്പെടുകയാണെന്ന് മനസ്സിലാക്കിയ അമേരിക്ക ക്യൂബയെ രഹസ്യമായി എതിർക്കുവാനും ഒതുക്കുവാനും തുടങ്ങി. എന്നാൽ ഇവയിൽ നിന്നെല്ലാം ഫിദൽ ക്യൂബയെ സംരക്ഷിച്ചു നിർത്തി. നൂറുകണക്കിന് തവണ അമേരിക്കയുടെ വധശ്രമത്തിൽ നിന്നും അത്ഭുതകരമായി രക്ഷപെട്ടിട്ടുള്ള ഫിദൽ ലോകത്തിനു മുന്നിൽ ജീവിച്ചിരിക്കുന്ന ഇതിഹാസമാണ്. ഭീഷണികളെയും സമ്മർദ്ദങ്ങളെയും അതിജീവിച്ച് തന്റെ ജനതയെ ആരോഗ്യ-വിദ്യാഭ്യാസ- സാംസ്കാരിക രംഗങ്ങളിൽ മികച്ച നിലയിലെത്തിച്ച മഹാ വിസ്മയമാണ് ഫിദലിന്റെ ജീവിതം.ക്യൂബൻ ഇതിഹാസമായ ഫിദൽ കാസ്ട്രോ 88-ാം വയസിലേക്ക് കടക്കുമ്പോളും ലോകം മുഴുവനും അവകാശങ്ങൾക്കായി പൊരുതുന്നവരുടെ പ്രതീകമായി മാറിയിരുന്നു. ചരിത്രത്തിൽ അടയാളപ്പെടുത്തിയ ഫിദലിന്റെ ജീവിതം 90-ാം വയസ്സിൽ രക്ത താരകമായി പൊലിഞ്ഞു.

"You can judge me but its not important; The Historywill Justify me"

-- Fidel Castro

> സമൂഹം എന്താണെന്ന് എന്നെ പഠിപ്പിച്ചത് മാർക്സിസം ആണ്
> കാട്ടിൽ ദിക്കുകളറിയാതെ ഉഴലുന്ന ഒരു അന്ധനെപ്പോലെയായിരുന്നു ഞാൻ.
> വർഗ്ഗസമരത്തിന്റെ ചരിത്രം നിങ്ങൾക്കറിയില്ലെങ്കിൽ സമൂഹത്തിൽ പാവപ്പെട്ടവനും പണക്കാരനും തമ്മിലുള്ള ചേരിതിരിവിനെക്കുറിച്ച് നിങ്ങൾ അജ്ഞനാണെങ്കിൽ ശരിക്കും നിങ്ങൾ കാട്ടിലകപ്പെട്ട അന്ധനാണ്.
>
> കാസ്ട്രോ



> "വിപ്ലവമെന്നത് റോസാപ്പൂമെത്തയല്ല, അത് ഭൂതവും ഭാവിയും തമ്മിലുള്ള മരണം വരെയുള്ള പോരാട്ടമാണ്"
>
> - ഫിദൽ കാസ്ട്രോ



# എന്റെ അമ്മ

അമ്മയെന്ന രണ്ടക്ഷരത്തിൽ
വിളങ്ങിടും മഹത്വമേ
വിളക്കു വച്ചു ഞാൻ വണങ്ങും നിത്യവും
അമ്മ തന്ന ഉമ്മയും അമ്മിഞ്ഞയും
ചേർന്നലിഞ്ഞമൃതമായി
നിറഞ്ഞുയെൻ ജീവനിൽ
അമ്മ പാടിയ പാട്ടതും, പറഞ്ഞുതന്ന
കഥയതും പതിഞ്ഞുനിൽപ്പുയെൻ കരളിലെപ്പോഴും

ഞാൻ കരഞ്ഞുതീർത്തൊരാ
സാഗരത്തിൽ മുങ്ങി നിൽക്കവെ
ഓടി വന്നുവാരിയെടുത്തു നിന്ന
പുഞ്ചിരിയിൽ നിറഞ്ഞു നിന്ന തേനിലാ,
തുളുമ്പി നിന്ന സ്നേഹമേ വിടർന്നു നിൽപ്പൂ
എൻ മനസ്സിലെപ്പോഴും
അമ്മ ചെയ്യുമാത്യാഗവും അതിൽ
തളിർക്കുമാ സ്നേഹവും അതിൽ വിടർന്നിടും
നന്മയും നിറഞ്ഞിടട്ടെ ഭൂവിതിൽ
അഖിലലോകമത്രയും നിറഞ്ഞുനിൽക്കും ചേതന
അമ്മ തന്ന ദാനമാണിതെന്നോർക്ക നമ്മളെപ്പോഴും



ആതിര കൃഷ്ണൻ
രണ്ടാംവർഷ ഗണിതശാസ്ത്ര ബിരുദം

# കനൽ-2018




Christian College
Chengannur
Department of Botany


HISTORY ASSOCIATION
Christian College
Chengannur


CHRISTIAN COLLEGE, CHENGANNUR
DEPARTMENT OF ECONOMICS





## കനൽ-2018















# പൂമരം



ശ്യാം കുമാർ
മൂന്നാംവർഷ കൊമേഴ്സ് ബിരുദം

എല്ലാ കലാലയത്തിലും കാണും ഒരു പൂമരം ശിശിരത്തിൽ കണ്ണീർ പൊഴിക്കുന്ന, വസന്തതത്തിൽ ചുവന്ന പൂക്കൾ കൊണ്ട് സുഗന്ധവും വിസ്മയവും തീർക്കുന്ന ഒരു പൂമരം.എല്ലാ പ്രണയ കഥകളും കവിതക ളും ആ പൂമരത്തിന് കാണാ പാഠമായിരിക്കും,വിരഹത്തിന്റെയും വിപ്ലവത്തിന്റെയും, വിജ്ഞാനത്തിന്റെയും കഥകൾ ഒരു പോലെ കേട്ടറിഞ്ഞ ഒരു "പൂമരം". കലാലയത്തിന്റെ പഴമയിലും പുതുവസന്തം തീർക്കുന്ന ഒരു "പൂമരം".

വർഷങ്ങൾക്ക് ശേഷം കലാലയ ഓർമ്മകൾ പങ്കുവെയ്ക്കുമ്പോൾ, ആ പൂമരത്തണലിന്റെയും, നേരിയ കാറ്റിന്റെയും,പൊതിച്ചോറിന്റെയും, സൗഹൃദത്തിന്റെയും കഥകളാവും പറയാൻ ഉള്ളത്.

രാഷ്ട്രീയവും, ജാതിയും, മതവും,എന്തിന് പുരുഷൻ എന്നോ സ്ത്രീ എന്നോ പോലും നോക്കാതെ ഒരുപോലെ തണലേകുന്ന വർണ്ണത്തിലും അഴകിലും ഹൃദയം കവരുന്ന ഒരു പൂമരം. അതായിരിക്കും ഏതൊരു കലാലയത്തിന്റെയും ഹൃദയം.

എന്നാൽ എന്റെ കലാലയത്തിലെ കഥകളിലെ നായിക ഈ പൂമരം അല്ലായിരുന്നു.എന്റെ ഹൃദയത്തിലെ നായിക ഒരു ചെമ്പനീർ പൂവായിരുന്നു.എന്റെ കലാലയത്തിൽ എനിക്കായ് വിടർന്ന, എന്റെ ജീവിതത്തിൽ സുഗന്ധം പരത്തിയ എന്റെ ചെമ്പനീർ പൂവ്.......
എന്റെ സുന്ദരി......

ഇരുൾ വീണ ഇടനാഴികളിൽ മുഷ്ടി ചുരുട്ടി ഇൻകിലാബിന്റെ മന്ത്രധ്വനി മുഴക്കി മുന്നോട്ടു നീങ്ങുമ്പോൾ എന്റെ കണ്ണ് ഒന്ന് പാളി. ശബ്ദമിടറി, വിളിച്ചു പഴകിയ മുദ്രാവാക്യങ്ങൾ തെറ്റുമെന്ന് എന്റെ മനസ്സ് പറയുന്നത് എനിക്ക് കേൾക്കാമായിരുന്നു. ഒരു വലിയ കാന്തശക്തി പോലെ എന്നെ ക്ലാസ്സ് മുറിയിലേക്ക് വലിച്ചടുപ്പിക്കാൻ നോക്കിയ ആ മുഖം, ആ കണ്ണുകൾ...... പിന്നീട് എന്നിൽ ജീവശ്വാസം പോലെ കൂടിയിരുന്നു. എന്നിലും വലുതായി അവളെ കാണുവാനും, അവളുടെ വേദനകളെ എന്റെയും വേദനകളാക്കി മാറ്റുവാനും, അവളുടെ മടിയിൽ തല ചായ്ക്കുവാനും, അവളുടെ മുടിയിൽ തഴുകുവാനും, എന്നെ പഠിപ്പിച്ച എന്റെ 'പ്രണയം'.ആ മുഖത്ത് നോക്കി എന്റെ മനസ്സിലുള്ളത് സംസാരിക്കണമെന്ന് കരുതി. പലവട്ടം ചെന്നപ്പോഴും അതുവരെ ഇല്ലാത്ത ഒരു പേടി മനസ്സിന്റെ അടിത്തട്ടിൽ പൊട്ടിമുളയ്ക്കുന്നത് പോലെ തോന്നി. അവളുടെ കണ്ണുകൾക്ക് ശുഭ്രപാതയിൽ നക്ഷത്രങ്ങളേക്കാൾ തിളക്കമുണ്ടായിരുന്നു.

എങ്കിലും പതറിയ സ്വരത്തിൽ പലപ്പോഴുമെന്റെ ഇഷ്ടം തുറന്നു പറഞ്ഞുവെങ്കിലും അവൾ അതു ചെവികൊണ്ടില്ല.കാലം തെറ്റിയ മഴപോലെ എന്റെ മനസ്സ് ആർത്തിരമ്പാൻ തുടങ്ങി. ജീവിതത്തിൽ ഇതുവരെ ഇല്ലാത്ത ഒരു ചാഞ്ചാട്ടം ഞാൻ എന്നിൽ തന്നെ കണ്ടു. സ്വപ്നങ്ങൾകൊണ്ട് ഒരു പൂന്തോ ട്ടം പണി തീർത്തു.അതിൽ ആ ചെമ്പനീർ പൂവിനെ പറിച്ചു നടാൻ നോക്കി, എങ്കിലും എനിക്ക് അതിന് സാധിക്കുന്നില്ല. ദിവസങ്ങൾ കഴിയുമ്പോൾ പെയ്തൊഴിയുമെന്ന് കരുതിയ ആ മഴ പേമാരി പോലെ പെയ്യാൻ തുടങ്ങി.

മനസ്സിനെ ഇതുവരെ അലട്ടിയ ചിന്തകൾ മറക്കാൻ ശ്രമിച്ചെങ്കിലും എനിക്ക് അതിനു കഴിയാതെ വന്നു.അവളെ കുറിച്ചുള്ള, ചിന്തകൾ എന്റെ മനസ്സിൽ അതിയായ് പടരാൻ തുടങ്ങി.ഇനിയും എനിക്ക് കഴിയില്ല...
മനസ്സിനെ പലതും പറഞ്ഞ് അടക്കാൻ നോക്കി എന്നാൽ അതൊന്നും മനസ്സും ശരീരവും ചെവികൊണ്ടില്ല.

എന്നാലും ഞാൻ ചെമ്പനീർ പൂവിന്റെ ചെടിപോലുള്ള അവളുടെ മനസ്സിന്റെ വലുപ്പത്തിലും ശിഖരങ്ങളാകുന്ന അവളുടെ സ്വഭാവത്തിലും നന്മയാകുന്ന ആ പൂവിലേക്കും അടുത്തു കൊണ്ടേ ഇരുന്നു. എന്റെ മനസ്സിൽ വിരഹത്തിന്റെ വേരിറങ്ങി തുടങ്ങി. അവളുടെ വാക്കിനായ് ഞാൻ പിന്നെയും കാതോർത്തു നിന്നു ആ സംസാരത്തിൽ എന്തോ ഒരു മാറ്റം ഞാൻ കണ്ടു. പുതിയ പൂന്തോട്ടത്തിലെ മണ്ണുമായി പൊരുത്തപ്പെടാൻ അവളും ആഗ്രഹിച്ചപോലെ എനിക്ക് തോന്നി. എന്നാൽ അതിലും എന്തോ ഒരു തടസ്സം ഉണ്ടെന്നു ഞാൻ മനസ്സിലാക്കി.സാഹചര്യത്തിന്റെ വേരുകൾ ആഴത്തിലിറങ്ങിയിരിക്കുന്നു.അവൾക്ക് ആ വേരുകൾ പൊട്ടിക്കാൻ കഴിയിയെന്ന സത്യം ഞാൻ വളരെ അധികം വിഷമത്തോടെ ആണെങ്കിലും തിരിച്ചറിഞ്ഞിരിക്കുന്നു.ഞാൻ ചിന്തിച്ചപ്പോൾ ശരിയാണ്.ഇതുവരെ ജീവൻ നിലനിർത്തുവാനും, തന്നിലുണ്ടാകുന്ന ആക്രമണങ്ങളെ പ്രതിരോധിക്കുവാനും,അവളുടെ ഇഷ്ടങ്ങളും,അടിത്തട്ടിൽ ഉറപ്പുള്ള വേരുകളായി നിലനിൽക്കുമ്പോൾ എനിക്ക് വേണ്ടി മാത്രം അവൾ ആ വേരുകൾ എങ്ങനെ പൊട്ടിച്ചെറിയും അവളിൽ മാത്രം കുറ്റം ആരോപിക്കാൻ കഴിയില്ല എന്നു കാര്യം ഞാൻ മനസ്സിലാക്കുന്നു.

# ചിതയിലേക്കടുക്കും മുമ്പേ

ഒരു ചെറു നാളമായി വന്നിതാ ഭൂമിയിൽ
മകുടമായി തീർന്നിതോ മാനവജന്മമേ,
ജ്ഞാനപ്രകാശ ദീപമായി തെളിഞ്ഞിടാൻ
ഇന്നു നീ ധരിത്രിയിൽ എത്രമാത്രം

ചിതറിവീഴുന്ന ചിതയിലേക്കിന്നിതോ
ചിറകിട്ടടിക്കുന്ന ചെറുപക്ഷിപോലെ നീ
ചിന്തകൾ ചിന്തകൾ സർവ്വം ഗമിക്കുന്നു
ചിത്രങ്ങൾ മായയായി തീർന്നിതോ ധരണിയിൽ

മദ്ധ്യപ്രവാഹ വാഹിനിയിന്നു നീ
ഉർവ്വിയാം ജനനി തൻ ദുഃഖഹേതു
കാതരൻ ഇന്നു നീ കൗശലൻ ഇന്നു നീ
നീറ്റിലെ പോള പോൽ പൊട്ടിടുന്നു.
പ്രഭാവമേകി നീ നിർവൃതി പുൽകിടു
പ്രതീകമേകി നീ നന്മയാൽ ജയിച്ചിടു
പ്രതീക്ഷ തൻ ക്ഷണം ഇന്നു ഞാൻ
പുതുമയാം പൂമൊട്ടിൽ കവിത ചാർത്തി.




**സരയു സൈമൺ**
**ഒന്നാംവർഷ ഗണിത ശാസ്ത്രബിരുദം**




# എന്റെ സൗഹൃദം (ഒരു തിരിച്ചറിവ്)

## Friendship is love

മൂടൽ മഞ്ഞു പുതച്ച വഴിയിൽ
ആ ശിശിരത്തിന്റെ ഇലകൊഴിഞ്ഞ മരങ്ങളിൽ
നിർജ്ജീവമായി ആത്മാവുറങ്ങുകയായിരുന്നു.
മന്ദമായി വീശിയ തണുത്ത കാറ്റിൽ
ആ മഞ്ഞപ്പുതപ്പണിഞ്ഞ വീഥിയിലൂടെ
ഏകനായ് ഞാൻ നടന്നപ്പോൾ
കൊതിച്ചിരുന്നു നിനക്കായ്,
ആരാണു നീയെന്നറിയില്ലെങ്കിലും
അടുത്തുണ്ടായിരുന്നെങ്കിൽ എന്ന്
ആശിച്ചുപോയ്, എന്റെ പ്രിയ കൂട്ടുകാരി
തൽക്ഷണം എന്റെ മനസ്സിൻ ആശ-
യറിഞ്ഞൊരു മഞ്ഞുതുള്ളി ചോദിച്ചു
പ്രണയിക്കുന്നുവോ
മന്ദസ്മിതം തൂകി ഒരു തുള്ളിക്കണ്ണീരിനാൽ
മറുപടി ചൊല്ലി ഞാൻ....
പ്രണയത്തിനപ്പുറം അല്ലയോ... സൗഹൃദം...?
ഈശ്വരൻ സാക്ഷി, അവൾക്കായി ഞാനെൻ
സൗഹൃദമാം സ്നേഹത്തിൻ
ആത്മാവർപ്പിക്കുന്നു.
ജീവിതമാം പാതയിലൂടെ  സഞ്ചരിക്കുമ്പോഴും
ഞാൻ മനസ്സിലാക്കുന്നു.
സൗഹൃദമാണ്  യഥാർത്ഥ സ്നേഹം



സജിൻ.എസ്.പിള്ള
ഒന്നാംവർഷ  രസതന്ത്ര ബിരുദം



## വനിതാ ദിനാഘോഷം




WOMEN CELL


CHRISTIAN COLLEGE, CHENGANNUR
ALAPPUZHA, KERALAM
CENTRE FOR
SOCIAL ACTION (CSA
Our utmost for the deserving


WOMEN CELL







# കണ്ണീരിലലിഞ്ഞ വിദ്യാർത്ഥി നന്മ



എം.എസ്.ലിമോജ്

യുദ്ധമുഖത്തുനിന്നു തിരിച്ചെത്തിയ പ്രതീതിയായിരുന്നു പലരുടെയും മുഖങ്ങളിൽ. പലർക്കും ഒട്ടേറെ അനുഭവങ്ങൾ പങ്കുവയ്ക്കാനുണ്ടായിരുന്നു. പ്രളയകാലം കടന്ന് ക്യാമ്പസുകളിൽ തിരിച്ചെത്തിയ വിദ്യാർത്ഥികൾ ദുരന്തമേഖലയിൽ കണ്ടതും കേട്ടതുമായ ദുരിതാനുഭവങ്ങൾ പരസ്പരം പറഞ്ഞ് തീർന്നിട്ടില്ല. വിശ്രമമില്ലാതെ ക്യാമ്പസിൽ രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന വിദ്യാർത്ഥികൾ വീണ്ടും പഠനത്തിന്റെ തിരക്കിലാണ്. എങ്കിലും കണ്ണീരിൽ കുതിർന്ന അവരുടെ ചിന്തകൾക്കും മനസുകൾക്കും ഐക്യത്തിന്റെ വിജയഗാഥ.

ചെങ്ങന്നൂരിൽ പ്രളയം രൂക്ഷമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന ദിവസമാണ് കൊല്ലം ചാത്തന്നൂരിലെ വീട്ടിൽനിന്ന് ഇറങ്ങുന്നത്. പന്തളത്ത് സ്ഥിതി രൂക്ഷമാണെന്ന് കണ്ട് ആദ്യം അവിടെ പ്രവർത്തനങ്ങളിലേർപ്പെട്ടു. കോളേജിൽ ക്യാമ്പ് തുടങ്ങിയതറിഞ്ഞ് ടിപ്പറിൽ കയറി എത്തിയതാണ്.12 ദിവസത്തോളം വാളന്റിയറായി കോളേജിലും, രക്ഷാപ്രവർത്തകരോടൊപ്പം വിവിധ പ്രദേശങ്ങളിൽ സഹായിക്കാനും പോകാൻ കഴിഞ്ഞതിന്റെ സന്തോഷമുണ്ട് ഞങ്ങൾ എല്ലാവർക്കും. ഹർഷയും, ഹേമന്ദും തിരുവന്തപുരത്ത് നിന്നും എത്തിച്ചേർന്ന വിവിധ കോളേജുകളിലെ വിദ്യാർഥികളുമെല്ലാം വിദ്യാർഥികളിലെ കൂട്ടായ്മയുടെ ശക്തി ഓരോരുത്തരേയും ബോധ്യപ്പെടുത്തുകയായിരുന്നു.

ഇത്തരമൊരു സാഹചര്യത്തിൽ ആദ്യമായി പ്രവർത്തിക്കുകയാണെങ്കിലും കൃത്യമായ നിർദേശങ്ങളുമായി അദ്ധ്യാപകർ കൂടെ ഉണ്ടായിരുന്നത് അതിനെയെല്ലാം മറികടന്നു. 200 പേർക്കുവേണ്ടിയാണ് ആദ്യം ക്യാമ്പ് തുടങ്ങിയത്. ഓഡിറ്റോറിയം മാത്രമാണ് തുറന്നത്. പിന്നെ 600 ആയി. നിയന്ത്രിക്കാനാവാത്ത അത്രയും ആളുകൾ എത്തിത്തുടങ്ങിയപ്പോൾ ക്ലാസ്മുറികൾകൂടി തുറക്കാതെ അവരെ ഉൾക്കൊള്ളാൻ കഴിയില്ലെന്നായി. മുറികളുടെ താക്കോൽ കൈവശമുള്ള സ്റ്റാഫുകൾ എല്ലാം പ്രളയബാധിത പ്രദേശങ്ങളിൽനിന്ന് എത്തിപ്പെടാൻ

കഴിയാത്ത അവസ്ഥയിലും. ഒടുവിൽ മുഴുവൻ മുറികളുടേയും താഴുകൾ ഞങ്ങൾ അദ്ധ്യാപകരും ചേർന്ന് തല്ലിപ്പൊട്ടിക്കുകയായിരുന്നു. പല ജീവിത സാഹചര്യങ്ങളിൽ നിന്ന് വരുന്ന ആളുകളെ ഒരുമിച്ച് താമസിപ്പിക്കാനായിരുന്നുബുദ്ധിമുട്ട്. ചിലർ ഇതര സംസ്ഥാനക്കാരുടെ ഒപ്പം താമസിക്കില്ലെന്നായി. മറ്റുചിലർ പ്രത്യേക ഭക്ഷണം വേണമെന്ന വാശിയിലും. രാവിലെ ഉപ്പുമാവ് കഴിക്കാൻ പറ്റില്ലെന്ന് പറഞ്ഞ ക്യാമ്പിൽനിന്ന് ബന്ധുവീടുകളിലേക്ക് പോയവർവരെയുണ്ട്.

എന്തൊക്കെ മോശം അനുഭവമുണ്ടായാലും ഞങ്ങൾ വിദ്യാർത്ഥികളുടെ ഊർജ്ജവും, ആത്മാർത്ഥതയും ഈ സാഹചര്യത്തിൽ അനിവാര്യമാണെന്ന് ബോധ്യമുണ്ടായിരുന്നു എല്ലാവർക്കും. അതുകൊണ്ട് എല്ലാം തരണം ചെയ്തു. മുഴുവൻ പ്രദേശങ്ങളും മുങ്ങിപ്പോയ പാണ്ടനാട്ടിൽ രക്ഷാ പ്രവർത്തകരോടൊപ്പം ബോട്ടിൽ ഭക്ഷണം നൽകാൻ പോയപ്പോഴാണ് മനസലിയിക്കുന്ന ആളുകളുടെ ദയനീയാവസ്ഥ നേരിട്ട് ബോധ്യ പ്പെട്ടത്,ബോട്ടിന് അടുക്കാൻ കഴിയാത്ത ഒരു വീട്ടിൽ 70 വയസിനു മുകളിൽ പ്രായമുള്ള ഒരാൾ ഞങ്ങളെ നിർവികാരനായി നോക്കിനിൽക്കുകയാണ്. ഭക്ഷണം വേണമെന്ന് കാണിച്ചപ്പോൾ കൈയിലുണ്ടായിരുന്ന പഴം എത്താവുന്നതിന്റെ പരമാവധി ദൂരത്തിൽ എറിഞ്ഞുകൊടുത്തു. അയാൾ നിന്നതിന്റെ അൽപ്പം മുന്നിലായി പഴം ചെളിവെള്ളത്തിൽ വീണു. ഞങ്ങളോട് മറ്റൊരെണ്ണം ആവശ്യപ്പെടാതെ അയാൾ വെള്ളത്തിലേക്കിറങ്ങി അതെടുത്ത് കഴിച്ചു. അത്രയും കണ്ണ് നനയിച്ചൊരനുഭവം ജീവിതത്തിൽ വേറെ ഉണ്ടായിട്ടില്ല.

ശുചീകരണമായിരുന്നു ക്യാമ്പിലെ ഏറ്റവും ദുർഘടം പിടിച്ച ജോലി. വാളന്റിയർമാരും വിരലിൽ എണ്ണാവുന്ന ചിലരും ഒഴികെ ആരും നിത്യേനയുള്ള ശുചീകരണത്തിൽ സഹകരിച്ചിരുന്നില്ല. നിരവധി ബയോടൊയ്‌ലറ്റുകളും മറ്റും എത്തിച്ചിരുന്നു അവസാനം ഇതര സംസ്ഥാന തൊഴിലാളികളാണ് എല്ലാത്തിനും കൂടെ നിന്നത്. ഹെലികോപ്ടറിലേക്ക് മഴയത്ത് നിരനിരയായിനിന്ന് പ്രളയബാധിത പ്രദേശങ്ങളിലേക്ക് സാധനങ്ങൾ കയറ്റുവാനും അവരുണ്ടായിരുന്നു കൂടെ ആർമി ഉദ്യോഗസ്ഥയായ അനീഷ വി. തോമസ് എല്ലാ കാര്യങ്ങൾക്കും കൃത്യമായ നിർദ്ദേശങ്ങൾ തന്നു.

സഹായം അഭ്യർഥിച്ചിട്ടും ചെല്ലാൻ കഴിയാതിരുന്ന ഒരുപാട് പേരുണ്ട്. അദ്ധ്യാപകരിൽതന്നെ പലരുടേയും വീടുകൾ വെള്ളത്തിലായി. ആ സമയത്ത് അവരെക്കൂടി സഹായിക്കാൻ കഴിയാഞ്ഞതിലുള്ള വിഷമമുണ്ട്. പക്ഷേ അവർക്ക് ഞങ്ങളുടെ അവസ്ഥ മനസിലായിരുന്നു. ആദ്യം ആശങ്കയോടെ എല്ലാ വിദ്യാർത്ഥികളുടേയും വീട്ടിൽനിന്ന് വിളിച്ച് തിരിച്ച് ചെല്ലാൻ പറയുമായിരുന്നു. പതിയെ അവരേയും പറഞ്ഞ് മനസിലാക്കാൻ കഴിഞ്ഞു.

അദ്ധ്യാപകരായ ബിജി എബ്രഹാം,വിനോയ്,



ബേസിൽ, അഭിലാഷ്, ലിഞ്ചു, രേഖ പിന്നെ പ്രവർത്തനങ്ങൾക്ക് എന്ത് പിന്തുണയും തരുന്ന പ്രിൻസിപ്പൽ ഡോ.അച്ചാമ്മ അലക്സ് തുടങ്ങി എല്ലാവരും മുൻനിരയിൽ ഉണ്ടായിരുന്നു.

മുഖംപോലും ഓർമയില്ലാത്ത നിരവധി വിദ്യാർഥികളുടെ പ്രവർത്തങ്ങളുണ്ട് ഈ അതിജീവത്തിന് പിന്നിൽ. ഭക്ഷണം ഉണ്ടാക്കാനും, വസ്ത്രങ്ങൾ എത്തിച്ചുകൊടുക്കാനും 24 മണിക്കൂറും ഉണർന്നുപ്രവർത്തിച്ച അദ്ധ്യാപകരും വിദ്യാർത്ഥികളും.... ഓരോരുത്തരും ചരിത്രത്തിന്റെ ഭാഗമാവുകയായിരുന്നു. ക്രിസ്ത്യൻ കോളേജിലെ പ്രളയകാലത്തെ അനുഭവങ്ങൾ ഒത്തൊരുമയുടേതായി അറിയപ്പെടട്ടെ....

*(പ്രളയകാലത്ത് ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിലെ ദുരിതാശ്വാസ ക്യാമ്പിൽ പ്രവർത്തനങ്ങൾക്ക് മുൻനിരയിലുണ്ടായിരുന്ന മൂന്നാം വർഷ ഇക്കണോമിക്സ് വിദ്യാർത്ഥി എം. എസ്. ലിമോജ് തന്റെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു.)*

***- ദേശാഭിമാനി ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചത്***

# പ്രളയകാലം

2018 ആഗസ്റ്റ് 15ന്  കേരളത്തെ ദുരിതത്തിലാക്കിയ മഹാ പ്രളയം ചെങ്ങന്നൂരിലും
പരിസരപ്രദേശങ്ങളിലും ഭീകര താണ്ഡവമാടി
ദുരിതബാധിതരായ ആയിരക്കണക്കിനാളുകൾക്ക് ക്രിസ്ത്യൻ കോളേജ് അഭയകേന്ദ്രമായി

മഹാ പ്രളയത്തിന്റെ നേർക്കാഴ്ചകൾ



# മഹാ പ്രളയത്തിന്റെ നേർക്കാഴ്ചകൾ





# Importance of Student Life

**Dr. Vinoy Thomas**
**Staff Advisor**

The future of our nation lies in the hands of its youth who are our students .They play a vital role in the society and help in shaping it, generation after generation .Student life is the formative period in the life of a person and hence it is a very crucial phase in our life. What is sown today shall be reaped tomorrow.

Education moulds the character and personality of a student. It is through education that he understands the facts and figures of life and how to sort out the problems of life .Education helps him to understand the contemporary world and the challenges facing it . This Knowledge helps him to rearrange his thoughts and ideas which will be of help to him as an adult.

Education enables a student to have a better understanding of the self. It makes him aware of his strengths and weaknesses. Education starts not from school but from home. A child learns his first lesson from his home, then school and later from the society. So every individual that a child interacts with has an influence on him . If students are entrusted with responsibility and treated with respect, they will grow up as responsible and respectful citizens. If they receive due recognition and acceptance from society they will have the strength to overcome all hardships and emerge victorious even in the midst of difficulties.

Apart from this, when there is a natural calamity in any part of the world students across the globe should contribute to help the affected people and do what they can. This would help the children to realize the importance of brotherhood . The NCC camps and scout troops in our schools train the students to face such disasters. They have been of immense help and have done commendable service to the nation during natural calamities.

Apart from social service, students also participate in politics. With the right motivation and guidance, they could become the most trustworthy , the most accepted and sensible leaders of tomorrow. However , if exploited they could be the worst and the most corrupt leaders. It is the teachers who bring out the bad and good in our students .

We have seen the youth unite against many evils like corruption , violence and terrorism and fight for the peace and security of the nation. However, there is a gradual decrease in the patriotic fervour in our youth. This could destroy the peace and harmony of our nation.

Students act as bridges between two generations . They have to understand all that is happening around them and reject the bad things and accept and implement the good things in their life. For a proper understanding of the world and its affairs, the right education with an exposure to the current happenings in the world is required . The education system should see to it that the students are better equipped to understand the world around them instead of classifying education elementary secondary and higher education.

The syllabus and activities should be framed in such a manner that it is interactive and interesting so that students understand the importance and significance of what they learn . If we do not mould our youth today, we may regret it tomorrow as the future of our nation is in their hands .They in turn would pass on what they have acquired in a better form to the coming generation thus enabling the nation to grow in all sectors and make our nation one among the most powerful and most peaceful nations of the world.

## College Day Celebration













# This is Me



**Adona Alexander**
Ist MA English

"O my ears; don't hear what they say,
O my mind; don't take it personally
Because I believe , I decide,
Therefore I am!"

From cradle to grave lies my performance,
A period when I decide, 'What I am',
'What I ought to be and thus I become.
That's me because I believe, I decide,
Therefore I am !

To those who make judgements, I feel sorry,
Because its divine prerogative.
From the beginning of the race to the end of days,
My name doesn't matter, my religion doesn't matter,
But what matter are my decisions!

"I am what I do;
I am what I speak;
I am what I believe;
I am what I decide;
This is me !!"

# WHAT LIFE OFFERS !!!



**Karuna Elsy Thomas**
**D C II Physics**

I always wished to live my life,
I always longed to answer my queries,
I found none under the sun to answer,
And thus was born a philosopher.

I chose the least explored path
The thrills it offered were irresistable,
And the challanges it put
Forward were incredible.

The sensation of defenselessness,
Imbibed in me the fate of a corpse,
The unscrupulous experiences life offered
Made my life an inscripted play.

Looking into myself I could
See a beatific face
That was beckoning me
I ascended fearlessly into the battle field.

It paved in me a force
That rendered the assistance
For my resurrection from all inhibitions,
And my transience from all nuances

## Sports


















# MY RARESTGEM



Not the emerald, but a cooling touch of green trees,
Not the ruby, but a soothing fragrance of red rose,
Not the topaz, but simply shines like a twinkling star,
Not the sapphire, but a blue sky of endless love
Making me even stronger than the sparkling diamond.

I'm never alone, as you can feel my silent pain
Among the gems you are my shadow,
Among the hundreds, you're my unique jewel
Among the thousands, you remain my birthstone
Your reflection gives colour to my unnoticed portraits.

Your eyes are a magic, even your breath.
Making my soul tranquil and bright.
Your smile is comfort to my heart
As it can feel my heartbeats.
May you be with me always, or else, the beat may cease!

You gave me new intentions, a light to my lost path,
A hand of surety a mind of elegance and grace.
A ray of hope in my hardships, and toil.
With immense gratitude, I'll show you off to the world,
As you are....MY RAREST GEM.......

Jeslin Susan Jose
I DC Physics

# Our Trip to the City of Dreams Mumbai



Jebi Mariyam Kurian
III DC English

As a part of 'Walk With A Scholar' Programme, we the mentees of Christian College Chengannur got a chance to visit Mumbai and the major institutions there. It was a seven day trip from 26th March 2017 to 01 April 2017.We mentees and our three mentors Dr.Susan Abraham, Dr.Vinoy Thomas and Dr.Preetha Karnavar gathered together at kayamkulam Railway Station. We started our journey in Netravati Express to Mumbai Lokmanya Tilak Station.

We reached Mumbai the next day.All of us were invited by the Metropolitan. The main aim of our motivational trip was to know more about some of the premiere institutions of India and the courses they offer. Our accomodation was arranged in Tata Institute of Social Sciences (TISS).When we entered the campus, we were struck by the beauty of the eco-friendly campus. After the dinner we assembled in the basket ball court and discussed our journey and plans for the coming days.

The very next day onwards we started our visit to various institutions. On 28th March 2017, we went to Central Institute of Fisheries Education (CIFE) at Andheri. It's a part of ICAR, India's first fisheries university, established in 1961. It's an institution of higher learning for fisheries sciences in India and mainly focuses on the study of fish genetics and Biotechnology. There we had an interactive session with PG and PhD students.After the session at CIFE, we went to the most attractive place in Mumbai, Juhu Beach. We were let free to enjoy the sea and our friendship flourished. We experienced the local train journey and the metro rail Journey.

The next day, we visited the famous institute, Homi Babha Centre for Science Education. It is a National Centre of TIFR (Tata Institute of Fundamental Research) in Mathematics ,Chemistry, Physics, Biology and Astronomy. The Programme aims at promoting excellence in science and mathematics among preuniversity students. We met Mrs.Swapna Narvekar, Prof.Ankush Gupta, Prof.Rekha Vartak and others. Then we had a session in the Collaborative Undergraduate Biology Education (CUBE).It is the brainchild of Mr.M.C.Arunan. This lab provides artificial living habitat for microorganisms. All the classes in the HBCSE were highly inspiring.

Then we visited St.Xaviers College of Communcation (XIC), it is a leading tertiary educational college in Mumbai. The XIC is a professional media centre which offers a variety of services in training and production .It was established in the 16th century by Jesuits.Its campus is in South Mumbai and it is built in the Indo-Gothic style of architecture. It is recognised as a heritage structure. We reached there in the evening around 4 pm. The faculty of the institution welcomed us and we visited the media room, library, music studio and art gallery. The Principal of the College gave an account of the history of the college, its importance in the modern world and also mentioned about the courses offered. It was an interactive session and we were allowed to watch and understand the campus.XIC has a wonderful ambience and it's architecture gave us a mesmerising feel.Many films and short films were produced from the XIC and its campus was the back drop of many Hindi Movies.

On 30 March 2017, our last day in Mumbai, we visited some of the departments in TISS, we had four sessions there.Mr.Fayar, Dr.Ardha Surendran, Mr.Mahesh and P.K Shajahan, the members of the faculty took different sessions on disaster management, developmental studies, and media and cultural studies.

It is a social sciences institute with its main campus in Mumbai.The institute was established before Indian Independence and the patron of TISS is Sir Dorabji Tata.All the classes inspired us to have great dreams and set high goals.

All the institutions that we visited were very much attractive and inspiring.From the beginning of the trip, our teachers divided us into groups and each group members travelled together and shared their experiences and emotions. Teachers gave us full freedom throughout the trip.We went to the Bombay National History Society (BNHS), which was founded on september 15th 1883. It is one of the largest non governmental organisation in India engaged in conservation and biodiversity research. Many Prominent naturalists and ornithologists have been associated with it.The session at BNHS was good and interesting and gave us a message to observe each minute as well as big creatures in our ecosystem.

We were fortunate to visit, Juhu beach, Marine drive, the Gateway of India and the Fashion Street. The famous Juhu Beach was crowded. Despite being very popular, it is not maintained properly by the tourists. We played there and had loads of fun. We were at Marine Drive, a 4.3 Kilometre long boulward in South Mumbai. This natural Bay is a C-shaped, Six lane concrete road along the coast.It looks like a Queen's Necklace, as the streetlight's resemble a string of pearls in a necklace when viewed at night. One evening we made our way to the gateway of India, the most famous monument in Mumbai, which was built during the British rule. The cold breeze the amazing view and the beautiful scenery made our day memorable. We were also highly excited to watch the Taj Hotel. We had fun and entertainment in Juhu Beach and Fashion street and we bargained with street vendors.

The night walks from Kovandi railway station to TISS campus were amazing and unforgettable.We learned to get into the local trains and metro rail. For many of us it was our first experience of travelling by the metro rails and local trains.

On the last night at TISS campus, we stayed awake and shared our experience and the motivation we got by visiting these institutions. Next day we said bye to the city of hopes.

Our train journey was wonderful, we played together, shared our food, emotions and experiences. We are extremely thankful to our college and the Walk With A Scholar Programme. Words can't express our gratitude to dear teachers Susan Miss, Vinoy Sir and Preetha Miss for being with us and giving us necessary help. Thankyou my friends for being with me along the trip.



# Incredible India



Parvathy
Ist M.A English

We live in a nation,
Where pizza reaches home faster
Than ambulance and police,
Where you get a car loan at 5% and
Educational loan at 12%,
Where rice is 40/- per kg but
Sim card is free,
Where a millionaire can buy a
Cricket team instead of donating
The money to charity.

We live in a nation,
Where the footwear we wear are
Sold in A/C showroom but
The vegetables that we eat are sold on the foot path.
Where we make lemon juice with
Artificial flavours and dishwash liquid
With real lemon,
Where people standing at a
Tea stall reading an article about
Childlabour order tea
To the child working there.
Really Incredible India !



## NCC/ NSS


















## Extension Activities



















HOMI BHABHA CENTRE FOR SCIENCE EDUCATION




മാതൃഭാഷാ
ദിനാചരണം
ഫെബ്രു:21










WORLD WETLANDS DAY











# WHY?



Kripa Elizabeth Thomas
II DC Physics

A beautiful shrine of myself
